# പതിനാറാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

2026 ഒക്ടോബർ 29, വ്യാഴം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--359]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പൊതുമരാമത്ത് വകുപ്പ് മന്ത്രി | : 2846 മുതൽ 2950 വരെ |
| പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി | : 2951 മുതൽ 3058 വരെ |
| റവന്യൂ വകുപ്പ് മന്ത്രി | : 3059 മുതൽ 3150 വരെ |
| വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി | : 3151 മുതൽ 3204 വരെ |

### എറണാകുളം നഗരത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ

2846 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഏതൊക്കെ റോഡുകളാണ് കുഴികളടച്ച് മെയിന്റനൻസ് വർക്ക് നടത്തി സഞ്ചാരയോഗ്യമാക്കുവാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് ഏതുപദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങൾ

2847 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മേവട പെരുമരം ജംഗ്ഷൻ മുതൽ മെഡിസിറ്റി വരെയുള്ള ഭാഗത്തും തുടങ്ങനാട് കോളനിപടിയിലും കോളനികൾക്കും പൊതുജനങ്ങൾക്കും ഭീഷണിയായി അപകടകരമായ രീതിയിൽ

നിൽക്കുന്ന മരങ്ങൾ സംബന്ധിച്ച വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റി അപകടാവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കരമന-വെള്ളറട റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി**

2848 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-വെള്ളറട റോഡിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ബിറ്റുമിൻ വില വർധനവ് മൂലം പ്രവൃത്തികളുടെ കാലതാമസം**

2849 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിറ്റുമിൻ ഉൾപ്പെടെയുള്ള നിർമാണ സാമഗ്രികളുടെ വില വർധനവ് റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വില വ്യതിയാനത്തിനനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതിനും കരാറുകാർക്ക് ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനും റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ബിറ്റുമിന്റെ വിലയിൽ വലിയ വ്യതിയാനം ഉണ്ടാകുമ്പോഴെല്ലാം ഓരോ പ്രവൃത്തിക്കും പ്രത്യേകമായി പരിഹാരം കാണുന്നതിനു പകരം, വിലവ്യതിയാനം കണക്കിലെടുത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റും കരാർ നിരക്കും യഥാസമയം പുതുക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

<u>മാനാഞ്ചിറ - പാവങ്ങാട് റോഡ് നിർമ്മാണം</u>

2850 **ശ്രീ. കെ. ജയന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനാഞ്ചിറ - പാവങ്ങാട് നിർദ്ദിഷ്ട റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 13.03.2024 ന് ഭരണാനുമതി ലഭിച്ചതിനുശേഷം ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതൊക്കെയാണെന്നും ഓരോ നടപടിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) 13.03.2024 ന് ഭരണാനുമതി ലഭിച്ചതിനുശേഷം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കേണ്ട വിവിധ നടപടിക്രമങ്ങൾ ഏതൊക്കെയാണ്; ഓരോ നടപടിയും പൂർത്തീകരിക്കേണ്ട സാധാരണ/ നിശ്ചിത സമയപരിധി എത്രയാണെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതി/പ്രവർത്തനക്രമം എന്താണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(ഡി) സ.ഉ(സാധാ) നം.17/2024/PWD തീയതി 13.03.2024 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും തുടർനടപടികളിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിന് ഉത്തരവാദപ്പെട്ട നടപടിക്രമങ്ങൾ/വകുപ്പുകൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ഇ) പദ്ധതിയുടെ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശങ്ങളുടെ വിശദാംശവും അവ നടപ്പാക്കിയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; ഇല്ലെങ്കിൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാമോ?

<u>കരമന വെള്ളറട റോഡിന്റെ വികസനവും നവീകരണവും</u>

2851 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പ്രധാന മലയോര പാതയായ കരമന-വെള്ളറട റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡ് എത്ര വരി പാതയായി വീതി കൂട്ടാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ തുക എത്രയെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വർഷം തിരിച്ചുള്ള വിവരവും ലഭ്യമാക്കുമോ;

(സി) ഈ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്നും ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും നഷ്ടപരിഹാര തുക വിതരണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) റോഡ് വികസനത്തിനായി ഏറ്റെടുത്ത ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡിലെ ഗതാഗതക്കുരുക്ക് പരിഹാരിക്കുന്നതിനായി ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണ രീതി</u>

2852 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത് വർഷം വരെ കേടുകൂടാതെ കിടക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണ രീതി സംസ്ഥാനത്ത് വ്യാപകമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ?

## <u>വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണ സമ്പ്രദായം</u>

2853 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ൽ ആലപ്പുഴ നഗരത്തിൽ നടപ്പിലാക്കിയതും മുപ്പത് വർഷം ആയുസ്സുള്ളതുമായ വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണ വിദ്യ

വിജയകരമായി തുടരുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഒൻപത് വർഷം ആയിട്ടും വൈറ്റ് ടോപ്പിംഗ് റോഡിൽ ഒരു പോറൽ പോലും വീണിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ എല്ലാ ജില്ലകളിലും 12 മീറ്റർ മുതൽ മുകളിലേക്ക് വീതിയുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ വൈറ്റ് ടോപ്പിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ?

<u>**കരമന വെള്ളറട റോഡ് വികസനം**</u>

2854 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന വെള്ളറട റോഡ് വികസനത്തിനായി 2015 ഫെബ്രുവരി 15 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ബജറ്റിൽ 21.4 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ട് ഇത്രയും കാലമായിട്ടും റോഡ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2025 മാർച്ച് 5 ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കെ.എം.ആർ. സമഗ്ര മൊബിലിറ്റി പദ്ധതി പരിഗണിച്ച് ആവശ്യമായ ട്രാഫിക് സർവേ, ടോപ്പോഗ്രാഫിക് സർവേ, മറ്റ് സാങ്കേതിക പരിശോധനകൾ എന്നിവ നടത്തിയശേഷം കോസ്റ്റ്-ബെനിഫിറ്റ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ കരമന മുതൽ നാലുവരിയായും ശേഷിക്കുന്ന ഭാഗം രണ്ടുവരിയായും വികസിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർവേകളും സാങ്കേതിക പരിശോധനകളും പൂർത്തീകരിച്ച് റോഡ് വികസനത്തിനുള്ള അന്തിമ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും റോഡ് വികസന പ്രവർത്തനങ്ങൾ

അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിത നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത റോഡ് വികസന പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്ന സമയപരിധി വ്യക്തമാക്കുമോ?

**റോഡ് റീകോട്ടിങ് പണികളിലെ സി.എ.ജി. കണ്ടെത്തലുകൾ**

2855 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റോഡ് റീകോട്ടിങ് നിർമ്മാണ പ്രവൃത്തികളിൽ ചട്ടങ്ങൾ ലംഘിച്ച് കോടിക്കണക്കിന് രൂപയുടെ അനാവശ്യ ചെലവുകൾ വരുത്തിയതായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) റോഡുകളുടെ ഗ്യാരണ്ടി കാലാവധി (ഡി.എൽ.പി.)നിലനിൽക്കെ ചട്ടങ്ങൾ ലംഘിച്ച് റീകോട്ടിങ് നടത്തുന്നതിന് മുപ്പത്തിമൂന്ന് പ്രൊജക്ടുകളിലായി 187.06 കോടി രൂപ അനുവദിച്ചതായി വ്യക്തമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഗ്യാരണ്ടി കാലാവധി അവസാനിക്കുന്നതിന് മുൻപ് 31 പ്രോജക്റ്റുകളിലായി 21.12 കോടി രൂപ ചെലവഴിച്ചതായും ഇതിൽ പല റോഡുകളിലും ഗ്യാരണ്ടി കാലാവധിയുടെ 22% മുതൽ 100% വരെ സമയം ബാക്കിയുള്ളപ്പോഴാണ് പുതിയ കോട്ടിങ് നടത്തിയതെന്നുമുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തലശ്ശേരി-വളവുപാറ പ്രൊജക്ടിൽ 39.27 കോടി രൂപ അധികമായി ചെലവഴിച്ചതും കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ സമയ പരിധിക്ക് മുൻപ് റീകോട്ടിങ് നടത്തി 4.91 കോടി രൂപയുടെ നഷ്ടം വരുത്തിയതും, താനൂർ, ഇടുക്കി മേഖലകളിലെ റോഡ് പണികളിലുണ്ടായ അനാവശ്യ അറ്റകുറ്റപ്പണി ചെലവുകളും പരിശോധിച്ചിട്ടുണ്ടോ;

(ഇ) നിരന്തര പരിശോധനകൾ നടത്താതെ 28.22 കോടി രൂപയുടെ പണികൾക്ക് അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെയും ചട്ടങ്ങൾ ലംഘിച്ച് കരാറുകാർക്ക് വഴിവിട്ട് സഹായം നൽകിയതിനെതിരെയും എന്തെല്ലാം അന്വേഷണങ്ങളും നടപടികളുമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മൂന്നാംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നവീകരിക്കാൻ നടപടി**

2856 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ പെരിയ-കുണ്ടംകുഴി റോഡിൽ മൂന്നാംകടവ് പാലത്തിന്റെ അപ്രോച്ച് റോഡിലെ കുത്തനെയുള്ള കയറ്റവും വളവും സൃഷ്ടിക്കുന്ന അപകടാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം അശാസ്ത്രീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ?

**മലയോര-തീരദേശ ഹൈവേകളുടെ നിർമ്മാണം**

2857 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര-തീരദേശ ഹൈവേകളുടെ നിർമ്മാണം ഉൾപ്പടെ സംസ്ഥാനത്തെ നിർമ്മാണമേഖലയിൽ സ്തംഭനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എം.സി. റോഡ് നാലുവരിയാക്കുന്നതുൾപ്പടെ മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയ 25 പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

**കുന്നത്തൂർ മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ**

2858 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാളിമുക്ക് -റെയിൽവേ സ്റ്റേഷൻ - കുറ്റിയിൽമുക്ക് റോഡ്, ആഞ്ഞിലിമൂട്-മൂതോട്ടിൽ -പൈപ്പ് റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാരാളിമുക്ക് -റെയിൽവേ സ്റ്റേഷൻ റോഡ് ശബരിമല സീസണിലെ റോഡ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

വിശദമാക്കാമോ?

**ആലുവ മണ്ഡലത്തിലെ റോഡുകളുടെ നിലവാരം ഉയർത്താൻ നടപടി**

2859 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ ഇതുവരെ ഏതൊക്കെ റോഡുകളാണ് ബി.എം.&ബി.സി. നിലവാരത്തിൽ പുതുക്കിപ്പണിയുന്നതിനായി പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ലഭ്യമായ പ്രൊപ്പോസലുകളിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്; ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(സി) നല്കിയ പ്രൊപ്പോസലുകളിൽ ഇനിയേതൊക്കെ റോഡുകൾക്ക് ഭരണാനുമതി ലഭിക്കേണ്ടതായുണ്ട്; ആയതിന്റെ പൂർണ്ണ വിവരം വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ ഏതൊക്കെ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായുണ്ടെന്ന് വ്യക്തമാക്കാമോ?

**ആലുവ പെരുമ്പാവൂർ റോഡ് വികസനം**

2860 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ -പെരുമ്പാവൂർ റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

**കാഞ്ഞിരപ്പള്ളി-മണിമല-കുളത്തുർമൂഴി പരിസ്ഥിതിസൗഹൃദ ലിങ്ക് റോഡ്**

2861 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി-മണിമല-കുളത്തുർമൂഴി പരിസ്ഥിതിസൗഹൃദ ലിങ്ക് റോഡിന്റെ നിർമ്മാണം നീളുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടുന്ന പ്രവൃത്തിയുടെ ആദ്യഭാഗം സീസൺ ആരംഭിക്കുന്നതിനു മുമ്പ് പൂർത്തിയാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

**പെരിന്തൽമണ്ണ ടൗണിലെ ജംഗ്ഷനുകളുടെ നവീകരണം**

2862 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ടൗണിലെ പ്രധാന ജംഗ്ഷനുകളുടെ നവീകരണം, റൗണ്ട് എബൗട്ടുകൾ, ട്രാഫിക് സിഗ്നൽ അപ്ഗ്രേഡേഷൻ എന്നിവ നടപ്പിലാക്കാൻ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പെരിന്തൽമണ്ണ ടൗണിലെ പ്രധാന ജംഗ്ഷനുകളുടെ നവീകരണത്തിനായി കിഫ്ബി വഴിയോ കെ.ആർ.എഫ്.ബി. വഴിയോ അല്ലാതെയോ വകയിരുത്തിയ തുകയും പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് കണ്ണോത്ത് പുല്ല റോഡ്**

2863 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്കിടങ്ങ് കണ്ണോത്ത് പുല്ല റോഡ് ബി.എം. & ബി.സി. ചെയ്തു മെച്ചപ്പെടുത്തുവാൻ പദ്ധതിയുണ്ടോ;

(ബി) മണലൂർ മണ്ഡലത്തിലെ ഈ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡിന് തുക അനുവദിക്കാമോ?

**മറ്റം ചേലൂർ പെരുവല്ലൂർ റോഡ് നവീകരണം**

2864 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബജറ്റിൽ 10 കോടി വകയിരുത്തിയ മറ്റം ചേലൂർ പെരുവല്ലൂർ റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എളവള്ളി പഞ്ചായത്തിലൂടെ ഭൂരിഭാഗവും കടന്നുപോകുന്ന പ്രസ്തുത റോഡിന്റെ വികസനം വൈകുന്നതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മറ്റം-വാക അന്നകര റോഡിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 2025 ഫെബ്രുവരി പി.ഡബ്ല്യു.ഡി ചീഫ് എൻജിനീയർക്ക് സമർപ്പിച്ച 608.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പൂർണ്ണമായും തകർന്നു കിടക്കുന്ന ഈ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>വഴിക്കടവിൽ നിന്നും എടക്കര വരെയുള്ള റോഡിൻെറ പുനരുദ്ധാരണം</u>

2865 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിൻെറ ഭാഗമായ വഴിക്കടവിൽ നിന്നും എടക്കര വരെയുള്ള റോഡ് വർഷങ്ങളായി ശോച്യാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൻെറ പുനരുദ്ധാരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## <u>പൊതുമരാമത്ത് റോഡുകളുടെ ഉന്നത നിലവാരം</u>

2866 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് റോഡുകളും ബി.എം. & ബി.സി.നിലവാരത്തിൽ ടാറിങ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>തകരാത്തതും നിലവാരമുള്ളതുമായ റോഡ് നിർമ്മാണം</u>

2867 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എം.&ബി.സി.റോഡുകളിൽ വിള്ളലുകൾ വീഴുമ്പോൾ യഥാസമയം 3 സെ.മീ. ബിറ്റുമിനസ് കോൺക്രീറ്റ് മാത്രം ചെയ്താൽ റോഡുകൾക്ക് ഇരട്ടി

ആയുസ്സ് ലഭിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ബിറ്റുമിനസ് കോൺക്രീറ്റ് മാത്രം ചെയ്യുന്നത് കരാറുകാർക്ക് വലിയ നഷ്ടമുണ്ടാക്കുന്നതിനാലാണ് പലപ്പോഴും ഇത്തരം അറ്റകുറ്റപ്പണികൾ നടക്കാതെ റോഡുകൾ പൂർണ്ണമായി തകരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡുകൾ തകരുന്നത് തടഞ്ഞ് ഖജനാവിന് വൻ ലാഭമുണ്ടാക്കാൻ ബിറ്റുമിനസ് കോൺക്രീറ്റ് ലേയിംഗിന് മാത്രമായി അനുയോജ്യമായ നിരക്ക് അനുവദിച്ച് പ്രത്യേക പാക്കേജ് കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ?

<u>കെ.എസ്.ടി.പി. റോഡ് നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേടുകൾ</u>

2868 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയങ്ങൾക്ക് ശേഷമുള്ള പുനർനിർമ്മാണത്തിനായി ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കെ.എസ്.ടി.പി. മുഖേന നടപ്പാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ക്രമക്കേടുകൾ നടന്നതായി സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ റോഡ് പ്രവൃത്തികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

<u>വടകര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ</u>

2869 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള റോഡുകൾ, അവയുടെ നീളവും വീതിയും, ഒടുവിൽ ടാറിംഗ് നടത്തിയ തീയതി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കോഴിക്കോട് നഗരത്തിലെ പൊതുമരാമത്ത് റോഡിലെ ഗതാഗതക്കുരുക്ക്</u>

2870 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മാങ്കാവ് ജംഗ്ഷൻ, മീഞ്ചന്ത ജംഗ്ഷൻ, പാളയം, പുഷ്പ ജംഗ്ഷൻ, മാനാഞ്ചിറ, ബീച്ച് റോഡ്, മാവൂർ റോഡ് എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളും അതിന്റെ ഫലപ്രാപ്തിയും സംബന്ധിച്ച് വിശദമാക്കാമോ?

**താമരശ്ശേരി ചുരം പാതയിലെ യാത്രാപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം**

2871 **ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടാകുന്ന മണ്ണിടിച്ചിൽമൂലം താമരശ്ശേരി ചുരം റോഡിലൂടെ വയനാട്ടിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ചുരത്തിലെ കൊടുംവളവുകൾ വീതികൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ചുരം പാതയിലെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കുറ്റ്യാടി-പെരിങ്ങത്തൂർ-പാനൂർ- കൂത്തുപറമ്പ്-മട്ടന്നൂർ- എയർപോർട്ട് റോഡിന്റെ നിർമ്മാണ പുരോഗതി**

2872 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നിർദ്ദിഷ്ട എയർപോർട്ട് റോഡ് പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന കുറ്റ്യാടി-പെരിങ്ങത്തൂർ-പാനൂർ- കൂത്തുപറമ്പ്-മട്ടന്നൂർ-എയർപോർട്ട് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥാവര ജംഗമ വസ്തുക്കൾക്ക് വരുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### റോഡ് സുരക്ഷ ഓഡിറ്റ്

2873 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടസാധ്യത കൂടുതലുള്ള പൊതുമരാമത്ത് റോഡുകളും ജംഗ്ഷനുകളും കണ്ടെത്തി സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനും ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും പദ്ധതിയുണ്ടോ?

### പാലാഴി പുത്തൂർ മഠം റോഡ് വികസനം

2874 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 നിർമ്മാണം പൂർത്തിയായതോടെ പാലാഴി പ്രദേശത്തേക്ക് ഇറങ്ങിവരുന്ന പാലാഴി പുത്തൂർ മഠം റോഡിൽ വാഹനങ്ങളുടെ ബാഹുല്യം മൂലം രൂക്ഷമായ ഗതാഗതക്കുരുക്കും അപകടാവസ്ഥയും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെട്രോ ഹോസ്പിറ്റൽ, ഹൈലൈറ്റ് മാൾ, സർക്കാർ സൈബർ പാർക്ക്, യു.എൽ.സി.സി. സൈബർ പാർക്ക്, നെസ്റ്റോ സൂപ്പർമാർക്കറ്റ്, ടി.സി.വൺ, ലാൻഡ്മാർക്ക് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും ആയിരക്കണക്കിന് വാഹനങ്ങളിലായി പതിനായിരക്കണക്കിന് ജനങ്ങൾ ദിവസേന ആശ്രയിക്കുന്നതുമായ പ്രസ്തുത പ്രദേശം ഏകദേശം 25 വർഷം മുമ്പുള്ള പഴയ വീതികുറഞ്ഞ റോഡിൽ തന്നെ തുടരുന്നത് മൂലം ആംബുലൻസുകൾക്ക് പോലും കടന്നുപോകാൻ കഴിയാതെ രോഗികൾക്ക് പ്രയാസം സൃഷ്ടിക്കുന്ന ഗുരുതരമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ജീവന് ഭീഷണിയായി മാറിയിട്ടുള്ള ഈ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പാലാഴി പുത്തൂർ മഠം റോഡ് അടിയന്തരമായി

വീതികൂട്ടി വികസിപ്പിക്കുന്നതിനും ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**റണ്ണിംഗ് കോൺട്രാക്ട് പദ്ധതി പ്രകാരം നവീകരിക്കുന്ന ആറ്റിങ്ങൽ മണ്ഡലത്തിലെ റോഡുകൾ**

2875 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് റണ്ണിംഗ് കോൺട്രാക്ട് പദ്ധതി പ്രകാരം നവീകരണ പ്രവൃത്തി നടത്തുന്നതിന് തുക അനുവദിച്ചിട്ടുള്ളതെന്ന് അനുവദിക്കപ്പെട്ട തുക, റോഡ് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കുമോ?

**പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പൊതുസ്ഥലങ്ങൾ**

2876 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളുടെ വിവരങ്ങളും അവയുടെ നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പൊതുസ്ഥലങ്ങൾ ടേക്ക് എ ബ്രേക്ക് പോലുള്ള പദ്ധതികൾക്ക് നൽകുന്നത് എന്തൊക്കെ നിബന്ധനകൾ പ്രകാരമാണെന്ന് വ്യക്തമാക്കാമോ; പി.ഡബ്ല്യു.ഡി.അനുമതി കൂടാതെ എവിടെയെങ്കിലും ടേക്ക് എ ബ്രേക്ക് നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലമ്പൂർ - ഗുരുവായൂർ റോഡിൽ ഇറ്റനാട് പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്ന് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് വകുപ്പിന്റെ അനുമതിയോടുകൂടിയാണോ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ തുടക്കമിട്ടുവെന്നും നവീകരിച്ച കഴിഞ്ഞ് പൊതുജനങ്ങൾക്കായി എത്രയെണ്ണം തുറന്നുകൊടുത്തുവെന്നും വിശദമാക്കാമോ?

**സി.ആർ.ഐ.എഫ് പ്രവൃത്തി**

2877 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാടി - പുറ്റേക്കാട് - മൂന്നിലംപാടം - പുല്ലിക്കടവ് - ചെറുവം - കല്ലുംപാറ - വടക്കുമ്പാട് - മുരുകല്ലിങ്ങൽ - വട്ടപറമ്പ് - കടലുണ്ടിക്കടവ് റോഡിന്റെ സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (സി.ആർ.ഐ.എഫ്) പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ തത്വത്തിൽ ഭരണാനുമതി നൽകിയ മീഞ്ചന്ത - അരീക്കാട് മേൽപ്പാല നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച ചെറുവണ്ണൂർ മേൽപ്പാല നിർമ്മാണ പ്രവൃത്തി എപ്പോഴാണ് പൂർത്തീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

**പൈപ്പ് ലൈൻ സ്ഥാപിക്കാനായി മുറിക്കുന്ന റോഡുകളുടെ പുനഃസ്ഥാപനത്തിലെ നിലവാരത്തകർച്ച**

2878 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതിയ്ക്കായി സംസ്ഥാനത്തെ പൊതുമരാമത്തുറോഡുകൾ എത്ര കിലോ മീറ്റർ നീളത്തിൽ മുറിച്ചിട്ടുണ്ട്; അവയിൽ എത്ര കിലോ മീറ്റർ റോഡുകൾ വകുപ്പും കേരള വാട്ടർ അതോറിറ്റിയും പുനഃസ്ഥാപിച്ചിട്ടുണ്ട്; എത്ര കിലോ മീറ്റർ റോഡ് ഇനിയും പുനഃസ്ഥാപിക്കാൻ അവശേഷിക്കുന്നു; വ്യക്തമാക്കാമോ;

(ബി) പുതുതായി നിർമ്മിച്ച റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി മുറിയ്ക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം മുറിയ്ക്കുന്ന റോഡുകൾ കേരളാവാട്ടർ അതോറിറ്റി തന്നെ പുനഃസ്ഥാപിക്കുന്ന സാഹചര്യത്തിൽ മതിയായ ഗുണനിലവാരം പാലിയ്ക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സാഹചര്യങ്ങൾ കാരണം ഖജനാവിനുണ്ടാകുന്ന നഷ്ടവും അധിക ചെലവും തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ, മുൻകരുതലുകൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

**<u>പാറശ്ശാല നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

2879 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കുട്ടവീട്ടുകടവ് പാലം, ആയയിൽ മുള്ളറവിള പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായിട്ടും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും;

(ബി) എഫ്.ഡി.ആർ.(ഫുൾ ഡെപ്ത് റീക്ലമേഷൻ) സാങ്കേതിക വിദ്യ വിനിയോഗിച്ച് നവീകരിക്കുന്ന കീഴാറൂർ-പശുവണ്ണറ റോഡ്, ചൂണ്ടിക്കൽ-ശൂരവക്കാണി റോഡ് എന്നിവയുടെ ഭൗതിക-സാമ്പത്തിക നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർണ്ണമായി നിർവഹിച്ചിട്ടുണ്ടോ; ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളിൽ ഉൾപ്പെട്ട കൾവർട്ടുകൾ, ഓവുചാലുകൾ, പാർശ്വഭിത്തികൾ എന്നിവയുടെ നിർമ്മാണം അനാവശ്യമായി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ചൂണ്ടിക്കൽ-ശൂരവക്കാണി റോഡിന്റെ ഭാഗമായുള്ള മരപ്പാലത്തിന്റെ പുനർനിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>തൊണ്ടിലക്കടവ് മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>**

2880 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 80 ശതമാനത്തിലധികം പ്രവൃത്തി പൂർത്തീകരിച്ച തൊണ്ടിലക്കടവ് മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ ഭൂമി ഏറ്റെടുക്കലിനായി 10 കോടി രൂപ അനുവദിച്ച കടലുണ്ടി റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) സേതുബന്ധൻ പദ്ധതിയിലൂടെ ഭരണാനുമതി ലഭിച്ച ഫറോക്ക് പഴയ പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണത്തിന് റെയിൽവെയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**<u>പുതുക്കാട് മണ്ഡലത്തിലെ വിവിധ പദ്ധതികൾ</u>**

2881 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള മലയോര ഹൈവേ റീച്ച് 2 നിർമ്മാണ പ്രവൃത്തികൾ ആരംഭിയ്ക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി. മുഖേന നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തി ഹൈക്കോടതിയുടെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും നിർമ്മാണം ആരംഭിയ്ക്കാത്ത സാഹചര്യത്തിൽ, നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) പുതുക്കാട് നിയോജകമണ്ഡലത്തിലെ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം, ചക്കാലക്കടവ് പാലം, പാലക്കടവ് പാലം, കാരികുളം കടവ് പാലം എന്നീ പാലങ്ങളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ഡി) നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2021 DSOR പ്രകാരം തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന്

അംഗീകാരം നൽകുന്നതിനും നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ;

(ഇ) പാലക്കടവ് പാലം നിർമ്മാണത്തിനായി ടെണ്ടർ എക്സസ് അപ്രൂവൽ നടപടികൾ പൂർത്തീകരിച്ച് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കാലവർഷത്തെത്തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണി

2882 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തെത്തുടർന്ന് സംസ്ഥാനത്തെ റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതം സുഗമമാക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് പ്രത്യേക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കാലവർഷത്തിന് മുമ്പും ശേഷവും റോഡുകളുടെ സ്ഥിതി വിലയിരുത്തി അറ്റകുറ്റപ്പണികൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡുകളിലെ കുഴികൾ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങളോ മറ്റ് പരാതി പരിഹാര സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) റോഡ് നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി റോഡുകളുടെ ഈടുനിൽപ്പും സുരക്ഷയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) കാലവർഷക്കെടുതികൾ മൂലം റോഡുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും സംസ്ഥാനത്തെ റോഡ് ശൃംഖല കൂടുതൽ സുരക്ഷിതവും ഗതാഗതയോഗ്യവുമാക്കുന്നതിനും ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>ചേലക്കര മണ്ഡലത്തിലെ പാമ്പാടി റോഡ് നിർമ്മാണം</u>**

2883 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ചേലക്കര നിയോജകമണ്ഡലത്തിലെ പാമ്പാടി റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>നെന്മാറ മണ്ഡലത്തിലെ ഒലിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി</u>**

2884 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ ഒലിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തിയാക്കാത്ത കരാറുകാർ, ഇതുവരെ സംസ്ഥാനത്ത് ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്നതിന്റെ ജില്ല, പ്രവൃത്തിയുടെ പേര് എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കരാറുകാരൻ ഏറ്റെടുത്ത മറ്റ് പ്രവൃത്തികൾ ഓരോന്നും എപ്പോഴാണ് പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

**<u>മലേശമംഗലം റോഡ് നിർമ്മാണം</u>**

2885 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ മലേശമംഗലം പി.ഡബ്ല്യൂ.ഡി.റോഡ് ആർ.പി.-യിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി ചെയ്തു തീർക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ ഊർജിതപ്പെടുത്തി മലേശമംഗലം റോഡ് പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കണ്ണാടി - പന്നിക്കോട് റോഡ് നവീകരണ പ്രവർത്തനം</u>**

2886 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം 24.09 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച കണ്ണാടി - പന്നിക്കോട് റോഡ് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>റോഡ് ശൃംഖലകൾ സംസ്ഥാന പാതയാക്കി ഉയർത്താൻ നടപടി</u>**

2887 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങൾ, തീർഥാടന കേന്ദ്രങ്ങൾ, എയർപോർട്ടുകൾ എന്നിവിടങ്ങളിലേക്കെത്തുന്ന റോഡ് ശൃംഖലകൾ

സംസ്ഥാനപാതകളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ഗണത്തിൽപ്പെടുന്ന വളരെ ട്രാഫിക് ഉള്ള ഇത്തരം റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തി സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ശരാശരി വേഗം ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സംസ്ഥാനപാതകളുടെ പരിപാലനത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി ഒരു സംസ്ഥാന പാത അതോറിറ്റി വിഭാഗം രൂപീകരിക്കുമോ; വിശദമാക്കാമോ?

## മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നിർമ്മാണം

2888 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഒക്ടോബർ 14-ലെ സ.ഉ.(സാധാ)നമ്പർ 1528/2025/പി.ഡബ്ല്യു.ഡി. പ്രകാരം 1.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പൂലാക്കോട് കലുങ്ക് പുനർനിർമ്മിക്കുവാൻ നടപടി

2889 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര-എളനാട് പി.ഡബ്ല്യു.ഡി റോഡിൽ പൂലാക്കോടുള്ള കലുങ്ക് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൻ ഗതാഗതതിരക്കുള്ള പ്രസ്തുത റോഡിൽ സമീപ പ്രദേശങ്ങളിലെ കരിങ്കൽ ക്വാറികളിൽ നിന്നുള്ള ഭാരമേറിയ ടോറസ്സ് വാഹനങ്ങളും കടന്നുപോകുന്നുവെന്നത് കണക്കിലെടുത്ത് അപകട സാധ്യത ഒഴിവാക്കുന്നതിനായി പ്രസ്തുത കലുങ്ക് അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ - ചുള്ളിമട റോഡിന്റെ നിർമ്മാണം

2890 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് അഞ്ച് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ - ചുള്ളിമട റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർണ്ണമായും പൂർത്തിയാക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

**കരമന-വെള്ളറട റോഡ് വികസനം**

2891 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മലയോര മേഖലയെ നഗരവുമായി ബന്ധിപ്പിക്കുന്ന പ്രധാന പാതയായ കരമന-വെള്ളറട റോഡിന്റെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരളം (RICK) ഏറ്റെടുത്തിരിക്കുന്ന ഈ പദ്ധതിയുടെ ഓരോ റീച്ചിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി പ്രസ്തുത റോഡ് പണികൾ ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**മട്ടന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

2892 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് (നിരത്തുകൾ) വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(ബി) മട്ടന്നൂർ-തലശ്ശേരി റോഡിൽ മട്ടന്നൂർ നഗരത്തിൽ ഡ്രെയിനേജ്, ഫുട്ട്പാത്ത്, കൈവരികൾ എന്നിവ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ?

**തീരദേശ ഹൈവേ പദ്ധതി**

2893 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള തീരദേശ ഹൈവേ പദ്ധതി വെറും ഇരുപത്തിയാറ് കിലോമീറ്ററായി ചുരുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ബാക്കി തൊണ്ണൂറ്റിയാറ് ശതമാനം റീച്ചുകളുടെയും നിർമ്മാണവും ഭൂമിയേറ്റെടുക്കലും മരവിപ്പിച്ചുവെന്ന് പറയുന്ന വാർത്തയുടെ വാസ്തവം വ്യക്തമാക്കാമോ;

(ബി) തീരദേശ ഹൈവേ പദ്ധതിയുടെ ഭൂമിയേറ്റെടുക്കലും ഭൂരിഭാഗം റീച്ചുകളിലെയും നിർമ്മാണവും നിർത്തിവയ്ക്കാൻ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള ഭരണപരമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് അതിരുകല്ലുകൾ സ്ഥാപിച്ചതിനെത്തുടർന്ന് ഭൂമി വിൽക്കാനോ പണയം വെയ്ക്കാനോ പുതിയ വീട് നിർമ്മിക്കാനോ കഴിയാതെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തീരദേശ ഹൈവേ പദ്ധതിയുടെ സർവേ, അലൈൻമെന്റ് നിർണ്ണയം, ഡി.പി.ആർ. തയ്യാറാക്കൽ, കൺസൾട്ടൻസി ഫീസ് എന്നിവയ്ക്കായി ഇതുവരെ ഖജനാവിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) തീരദേശ പാത പദ്ധതി നിലച്ചാൽ എത്ര തുക സംസ്ഥാന ഖജനാവിന് നഷ്ടം വരുമെന്ന് വ്യക്തമാക്കാമോ;

(എഫ്) പദ്ധതി ഉപേക്ഷിക്കുകയോ മരവിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, വിജ്ഞാപനം ചെയ്ത ഭൂമി ഔദ്യോഗികമായി ഡിനോട്ടിഫൈ ചെയ്ത് ഭൂവുടമകളുടെ ബാധ്യത ഒഴിവാക്കുമോ; അതല്ലെങ്കിൽ ഏറ്റെടുക്കൽ നടപടികൾ തുടർന്ന് ഇവർക്ക് വാഗ്ദാനം ചെയ്ത നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ജി) നിലവിൽ കാസർകോട്, കോഴിക്കോട്, കൊല്ലം ജില്ലകളിലെ റീച്ചുകളുടെയും കാസർകോട് വലിയപറമ്പ് പാലത്തിന്റെയും നിർമ്മാണ

പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേന്ദ്ര റോഡ്-അടിസ്ഥാനസൗകര്യ വികസന നിധി**

2894 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി കേന്ദ്ര റോഡ്-അടിസ്ഥാനസൗകര്യ വികസന നിധി മുഖേന കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനും അർഹമായ പദ്ധതികൾക്ക് വേഗത്തിൽ അനുമതി നേടിയെടുക്കുന്നതിനും പ്രസ്തുത നിധിയിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ റോഡ്, പാലം വികസന പദ്ധതികൾ തിരഞ്ഞെടുക്കുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽനിന്ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും അനുമതി ലഭിക്കാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിലും ധനസഹായം അനുവദിക്കുന്നതിലും കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സി.ആർ.ഐ.എഫ്. മുഖേന അനുവദിക്കുന്ന സഹായം ഉപയോഗിച്ച് റോഡുകളുടെയും പാലങ്ങളുടെയും വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

**അവനവഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ മെയിന്റനൻസ് പ്രവൃത്തി**

2895 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അവനവഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ മെയിന്റനൻസ് പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

<u>**മാവേലിക്കര മണ്ഡലത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ**</u>

2896 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം) മുഖേന നിർമ്മാണം നടത്താനുള്ള മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് ലഭിക്കാനുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഡ്രോയിംഗുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി ആർക്കിടെക്ചറൽ വിഭാഗത്തിന് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ 2021-2026 കാലയളവിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും അവ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**എൻ.ജി.ഒ. ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള ചട്ടങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും**</u>

2897 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ ജീവനക്കാർക്കായി അനുവദിച്ചിട്ടുള്ള എൻ.ജി.ഒ. ക്വാർട്ടേഴ്സുകൾ നിലവിലുള്ള ചട്ടങ്ങൾ പാലിക്കാതെ

ഹൈക്കോടതിയിലെ ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകി അനുവദിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എൻ.ജി.ഒ. ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും എന്തൊക്കെയാണ്;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ ഹൈക്കോടതിയിലെ ജീവനക്കാർക്ക് അനുവദിക്കുന്നതിന് പ്രത്യേക അനുമതിയോ ഇളവുകളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ അർഹരായ സർക്കാർ ജീവനക്കാർക്ക് മുൻഗണന ഉറപ്പാക്കുന്നതിനും ചട്ടവിരുദ്ധമായ അലോട്ട്മെന്റുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>കാക്കനാട് പി.ഡബ്ല്യു.ഡി. ഗസ്റ്റ് ഹൗസ് നവീകരണം</u>**

2898 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് പി.ഡബ്ല്യു.ഡി. ഗസ്റ്റ് ഹൗസിന്റെ നിലവിലെ അവസ്ഥയും കെട്ടിടത്തിന് അറ്റകുറ്റപ്പണികളും നവീകരണവും ആവശ്യമായി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗസ്റ്റ് ഹൗസിന്റെ കെട്ടിടം, മുറികൾ, ശുചിമുറികൾ, വൈദ്യുതി, കുടിവെള്ളം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(സി) ഗസ്റ്റ് ഹൗസിൽ മെച്ചപ്പെട്ട താമസസൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കണ്ണൂർ മണ്ഡലത്തിലെ ഫ്ലൈ ഓവർ പദ്ധതികൾ</u>**

2899 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ സൗത്ത് ബസാർ, മേലെ ചൊവ്വ ഫ്ലൈ ഓവർ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സൗത്ത് ബസാർ ഫ്ലൈഓവർ പദ്ധതിയുടെ സാമൂഹികാഘാത പഠന റിപ്പോർട്ട് പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്കുള്ള പുനരധിവാസ പാക്കേജിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫ്ലൈഓവറുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മേലെ ചൊവ്വ ഫ്ലൈഓവർ നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് ആദ്യഘട്ടത്തിൽ അടിപ്പാത നിർമ്മിക്കാനാണോ തീരുമാനിച്ചിരുന്നത്; ഇത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നും പിന്നീട് മേൽപാലം നിർമ്മിക്കാൻ നിർദ്ദേശിച്ചത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കുറഞ്ഞ നീളത്തിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ശാസ്ത്രീയ-സാങ്കേതിക അടിത്തറ എന്താണെന്ന് വ്യക്തമാക്കാമോ?

<u>**ഇടിയറക്കടവിൽ തൂതപ്പുഴക്ക് കുറുകെ പാലം നിർമ്മാണം**</u>

2900 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ തൂതപ്പുഴയിൽ അവസാനിക്കുന്ന മേച്ചേരിപ്പറമ്പ് റോഡും പാലക്കാട് ജില്ലയിലെ പരുതൂർ പഞ്ചായത്തിൽ തൂതപ്പുഴയിൽ അവസാനിക്കുന്ന പള്ളിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജ് റോഡും തമ്മിൽ ബന്ധിപ്പിച്ച് തൂതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടിയറക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ് വിഭാഗം) സ്ഥലപരിശോധനയോ സാധ്യതാ പഠനമോ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പാലം നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതിരേഖ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ഇരു പഞ്ചായത്തുകളുടെ വികസനത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പാലം എത്രയും വേഗം യാഥാർത്ഥ്യമാക്കി കടത്ത് തോണികളെ

ആശ്രയിച്ചും കിലോമീറ്ററുകൾ ചുറ്റിക്കറങ്ങിയും യാത്ര ചെയ്യുന്ന പ്രദേശവാസികളുടെ യാത്ര ദുരിതം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കണ്ണങ്കാട്ട് പാലത്തിന്റെ നിർമാണ പുരോഗതി</u>**

2901 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കുന്നത്തൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന കല്ലട ആറിന് കുറുകെയുള്ള കണ്ണങ്കാട്ട് പാലത്തിന്റെ നിർമാണ പുരോഗതി വിശദീകരിക്കാമോ?

**<u>പുല്ലറ്റ് സമാന്തരപാലത്തിന്റെയും പായ്യംതുരുത്ത് , പാറക്കുട്ടം പാലങ്ങളുടെയും നിർമ്മാണം</u>**

2902 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുല്ലറ്റ് സമാന്തരപാലം, പായ്യംതുരുത്ത് പാലം, പാറക്കുട്ടം പാലം എന്നിവ നിർമ്മിക്കുന്നതിന് മുൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ ചുമതല ആർക്കാണെന്നത് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ആവണീശ്വരം റെയിൽവേ ഓവർ ബ്രിഡ്ജ്</u>**

2903 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ ആവണീശ്വരം റെയിൽവേ ഓവർ ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും അതിന്റെ നടപടികൾ എവിടെ വരെയായിയെന്നും വിശദമാക്കാമോ?

**<u>മണലൂർ നിയോജകമണ്ഡലത്തിലെ കടാന്തോട് പാലം പുനർനിർമ്മാണം</u>**

2904 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ നൂറു വർഷത്തോളം പഴക്കമുള്ള കടാന്തോട് പാലം നിലവിൽ ശോച്യാവസ്ഥയിലായതിനാൽ ഗുരുതരമായ അപകടാവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീതി കുറഞ്ഞ പ്രസ്തുത പാലം പ്രദേശത്തെ സുഗമമായ ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള പാലം പൊളിച്ചുമാറ്റി ആധുനിക നിലവാരത്തിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാലത്തിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>കേച്ചേരി പാലം 2 ന് അപ്രോച്ച് റോഡ്</u>**

2905 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ കേച്ചേരി പാലം 2-ന് അപ്രോച്ച് റോഡ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അപ്രോച്ച് റോഡിനായി തുക അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>ഔദ്യോഗിക നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി</u>**

2906 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ബ്രിഡ്ജസിന് കീഴിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ടി ഡിസൈൻ തയ്യാറാക്കൽ മുതൽ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ പരസ്പരവും അല്ലാതെയുമുള്ള കത്തിടപാടുകൾ നടത്തുന്നതുൾപ്പെടെയുള്ള ദീർഘമായ ഔദ്യോഗിക നടപടിക്രമങ്ങൾ മൂലം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുന്നതിന് ടി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**മാങ്കാവ് ഓവർബ്രിഡ്ജ് നിർമ്മാണ പുരോഗതി**

2907 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കാവ് ഓവർബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഡി.പി.ആർ തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ഭൂമി ഏറ്റെടുക്കൽ, ടെൻഡർ നടപടികൾ എന്നിവയിൽ കൈവരിച്ച പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**കൊച്ചി മണ്ഡലത്തിലെ പാലങ്ങളുടെ പുനരുദ്ധാരണം**

2908 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ മട്ടാഞ്ചേരി ഹാർബർ പാലം പുനരുദ്ധാരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്കായി കരാർ വെച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) എറണാകുളം ജില്ലയിലെ പാണ്ടിക്കുടി–ചെല്ലാനം റോഡിൽ ഉൾപ്പെടുന്ന കണ്ടക്കടവ് പാലത്തിന്റെയും ചാലക്കടവ് പാലത്തിന്റെയും പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത രണ്ട് പാലങ്ങളുടെയും ഡി.പി.ആർ, ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡർ നടപടികൾ എന്നിവ ഏത് ഘട്ടത്തിലാണെന്നും ഇവയുടെ പുനർനിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കാൻ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

**പുന്നോൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണം**

2909 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ പുന്നോൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പുതുക്കാട് മേൽപ്പാലം</u>

2910 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ പുതുക്കാട് ജംഗ്ഷനിൽ നിർമ്മിക്കുന്ന മേൽപ്പാലം പൂർണ്ണമായും തൂണുകളിൽ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി ദേശീയപാതകളിൽ നിർമ്മിക്കുന്ന മേൽപ്പാലങ്ങൾ കോൺക്രീറ്റ് തൂണുകളിൽ മാത്രമേ നിർമ്മിയ്ക്കുകയുള്ളൂയെന്ന കേന്ദ്ര ഉപരിതല ഗതാഗത, ദേശീയ പാത വകുപ്പ് മന്ത്രിയുടെ പ്രസ്താവന കണക്കിലെടുത്ത് മണ്ണുകൊണ്ട് നിർമ്മിക്കുന്ന റീടൈനിംഗ് ഭിത്തികൾക്ക് പകരമായി പില്ലറുകളിൽ തീർക്കുന്ന ഉയരപാതയാക്കി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>ചാന്നിച്ചൽ കടവ് പാലത്തിന് നെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2911 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ ചാന്നിച്ചൽ കടവ് പാലത്തിന്റെ കൈവരിയുടെ ഉയരക്കുറവ് കാരണം വളരെയധികം അപകട സാധ്യത നിലനിൽക്കുന്നതിനാൽ സുരക്ഷയുടെ ഭാഗമായി പാലത്തിന്റെ ഇരുവശത്തും നെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മലമ്പുഴ മണ്ഡലത്തിലെ പാളയം പാലം നിർമാണം</u>

2912 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ വിഭാഗത്തിന്റെ നിർമ്മാണ ചുമതലയിലുള്ള പാളയം പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം പണി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>**വിവിധ മേൽപ്പാലങ്ങളുടെ പണി**</u>

2913 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമ്മൂട്, ശ്രീകാര്യം, കരകുളം, ഈഞ്ചക്കൽ, കഴക്കൂട്ടം വെട്ടുറോഡ് എന്നിവിടങ്ങളിലെയും സംസ്ഥാനത്തിന്റെ മറ്റ് സ്ഥലങ്ങളിലും നിർമ്മാണം നടക്കുന്ന വിവിധ മേൽപ്പാലങ്ങളുടെ പണി വളരെ ഇഴഞ്ഞു നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതുമൂലം ദീർഘനാളായി പൊതുജനങ്ങൾ അനുഭവിക്കുന്ന ട്രാഫിക് ബ്ലോക്ക്, പൊടിശല്യം തുടങ്ങിയവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മുകളിൽ സൂചിപ്പിച്ച മേൽപ്പാലങ്ങളിൽ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടവ അടിയന്തരമായി പൂർത്തിയാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ;

(സി) സംസ്ഥാന സർക്കാർ നിർമ്മിക്കുന്ന മേൽപ്പാലങ്ങളുടെ പണി അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ദേശീയ പാത 66 ന്റെ പ്രവൃത്തികൾ ഏറെക്കുറെ തീരാറായ സാഹചര്യത്തിൽ മേൽപ്പാലങ്ങളുടെ പണികളും വേഗത്തിൽ പൂർത്തിയാക്കാൻ അടിയന്തര ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

**കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

2914 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ആകെ അടങ്കൽ തുക എത്ര രൂപയാണെന്നും ഏതൊക്കെ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഓരോ റോഡിന്റെയും നിലവിലെ പുരോഗതിയും നാളിതുവരെ ചെലവഴിച്ച തുകയും ലഭ്യമാക്കാമോ?

**നേമം മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

2915 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന റോഡ്, കെട്ടിടം, പാലം പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) 2023 ജൂൺ മാസത്തിന് ശേഷം നേമം നിയോജക മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുള്ള റോഡ്, കെട്ടിടം, പാലം എന്നിവ ഉൾപ്പെടെ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**താനൂർ മണ്ഡലത്തിലെ സി.ആർ.ഐ.എഫ് .പ്രപ്പോസൽ**

2916 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സെൻട്രൽ റോഡ് ആന്റ് ഇൻഫ്രാസ്ടക്ച്ചർ ഫണ്ട് (സി. ആർ. ഐ. എഫ്.) പദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിൽ 22 കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഫയൽ നമ്പർപി.ഡബ്ള്യ.ഡി -ഡി 2/279/2023-പി.ഡബ്ള്യ.ഡി -പാർട്ട് (1) ന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഉത്തരവുണ്ടായിട്ടും ഭരണാനുമതി സംബന്ധിച്ച സർക്കാർ ഉത്തരവ് നാളിതുവരെ

നൽകാത്തതിന്റെ കാരണവും ആയതിന്റെ കാലതാമസവും വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**കുട്ടനാട്ടിലെ പൊതുമരാമത്ത് പ്രവൃത്തികളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സംഘം**

2917 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 19.08.2026-ൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കുട്ടനാട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ അവലോകന യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) യോഗത്തിൽ കുട്ടനാട്ടിലെ മണ്ണിന്റെ ദുർബലത സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കുവാനും പൊതുമരാമത്ത് പ്രവൃത്തികൾക്ക് അനുയോജ്യമായ സാങ്കേതിക പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഐ.ഐ.ടി. വിദഗ്ദ്ധർ ഉൾപ്പെടുന്ന സംഘത്തെ അയയ്ക്കാൻ എടുത്ത തീരുമാനത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത സംഘത്തിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും സംഘം കുട്ടനാട്ടിൽ എത്തുന്ന തീയതി എപ്പോഴാണെന്നും വ്യക്തമാക്കാമോ?

**തിരുവമ്പാടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

2918 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും, കെട്ടിടങ്ങൾ, നിരത്തുപരിപാലനം എന്നീ വിഭാഗങ്ങൾക്ക് കീഴിൽ നിലവിൽ പുരോഗമിക്കുന്നതും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും ഓരോന്നിന്റെയും അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്ത ഏതെങ്കിലും പ്രവൃത്തികൾ മണ്ഡലത്തിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിർമ്മാണം വൈകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം ആരംഭിച്ചതിൽ കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കാമോ?

<u>**വള്ളിക്കുന്ന് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**</u>

2919 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടക്കുന്നത്; വിശദാംശം നൽകാമോ;

(ബി) ഇരുമ്പോത്തിങ്ങൽ കടവ് പാലം പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തിയാകാൻ ഉള്ളതെന്ന് വിശദമാക്കാമോ;

(ഡി) എസ്. എൽ. ടി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) കടലുണ്ടി - ചെട്ടിയാർമാട് റോഡ് പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ?

<u>**ചെങ്ങന്നൂർ മണ്ഡലത്തിലെ പൊതുമരാമത്തുപദ്ധതികൾ**</u>

2920 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയ്ക്ക് സമർപ്പിച്ച പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട

പദ്ധതികളിൽ എത്ര പദ്ധതികൾക്കാണ് പുതിയ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപ വിനിയോഗിച്ച് കീഴ്ചേരിമേൽ എൽ.പി.എസ്. കോമ്പൗണ്ടിൽ ഇ.എം.എസ്. സ്മാരക എഡ്യൂക്കേഷണൽ സെന്റർ നിർമ്മിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ഒരു വർഷത്തിലധികമായി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) അടിന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച എത്ര പാലങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു; ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;എത്ര പാലങ്ങൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിയ്ക്കുന്നു; വകയിരുത്തിയ തുക എത്ര;

(ഇ) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന പാലങ്ങൾ ഏതെല്ലാം; എപ്പോൾ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(എഫ്) ആറന്മുള മണ്ഡലത്തെയും ചെങ്ങന്നൂർ മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഐക്കാട് പാലത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച നടപടികൾ വിശദീകരിക്കാമോ;

(ജി) ചെങ്ങന്നൂർ മണ്ഡലത്തിൽ അടിയന്തരമായി പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ സ്ഥിതി വിവരക്കണക്ക് ലഭ്യമാണോ; ഇവ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ നടപടികൾ</u>**

2921 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം റോഡുകളിൽ (പി.ഡബ്ല്യൂ.ഡി., കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി.) കുഴിയെടുത്തിട്ടുണ്ടെന്നും അവയുടെ പുനരുദ്ധാരണത്തിന് എത്ര തുക വീതം ജലജീവൻ മിഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ജലജീവൻ മിഷൻ തുക അടയ്ക്കുവാനുള്ള പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും എത്ര തുകയെന്നും വിശദമാക്കുമോ?

<u>**പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ**</u>

2922 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പാറശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും, കെട്ടിട വിഭാഗം ഉൾപ്പെടെ) മുഖേനയും കിഫ്ബി വഴി ധനസഹായം ലഭ്യമാക്കിയും നടപ്പിലാക്കിവരുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിക്കുമായി അനുവദിച്ചിട്ടുള്ള തുക, ഭരണാനുമതി, സാങ്കേതികാനുമതി വിവരങ്ങൾ, നിലവിലെ നിർവ്വഹണ, ഭൗതിക പുരോഗതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ, പൈപ്പ്ലൈൻ / വൈദ്യുത പോസ്റ്റുകൾ മാറ്റൽ തുടങ്ങിയ എന്തെങ്കിലും സാങ്കേതികമോ അല്ലാത്തതോ ആയ തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ പാറശാല മണ്ഡലത്തിലെ റോഡുകളുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികൾക്കായി റണ്ണിംഗ് കോൺട്രാക്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനായി അനുവദിച്ച തുകയും നിർവ്വഹണ പുരോഗതിയും വ്യക്തമാക്കാമോ?

<u>**പൊതുമരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്ന നിരക്കുകൾ**</u>

2923 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ 2022-ലെ ഡി.എസ്.ആർ. നിരക്കുകൾ അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വിപണിയിലെ വിലക്കയറ്റത്തിനനുസൃതമായി മാനുവൽ പ്രകാരം നിരക്കുകൾ പുതുക്കാത്തത് നിർമ്മാണ മേഖലയേയും ഗുണനിലവാരത്തേയും ബാധിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പുതിയ കേന്ദ്ര ഡി.എസ്.ആർ. നിരക്കുകൾ അല്ലെങ്കിൽ പുതുക്കിയ കോസ്റ്റ് ഇൻഡെക്സ് പ്രാബല്യത്തിൽ വരുത്തി പ്രൈസ് സോഫ്റ്റ്‌വെയറിൽ കാലാനുസൃത മാറ്റം വരുത്തുമോ?

<u>പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമാണം, ഗുണനിലവാരം, ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം</u>

2924 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പ്രധാന റോഡ് നിർമാണ–പുനരുദ്ധാരണ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) റോഡ് നിർമാണത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയും റോഡുകളുടെ ഈടുനിൽപ്പ് വർധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിർമാണം പൂർത്തിയാക്കിയ റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിർമാണത്തിലെ അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനും പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കാലവർഷം മൂലമുള്ള റോഡ് തകർച്ച കുറയ്ക്കുന്നതിനായി ശാസ്ത്രീയമായ ഓടനിർമാണം, ജലനിർഗമന സംവിധാനം, റോഡ് സംരക്ഷണ

പ്രവർത്തനങ്ങൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുമോ; വിശദമാക്കാമോ;

(ഇ) റോഡ് നിർമ്മാണ പ്രവൃത്തികളിൽ കരാറുകാരുടെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും നിർമ്മാണത്തിനു ശേഷമുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും വാറന്റി ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ റോഡുകൾ കൂടുതൽ സുരക്ഷിതവും ഗുണമേന്മയുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാക്കുന്നതിനായി പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;വ്യക്തമാക്കാമോ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതി</u>

2925 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ, പാലങ്ങൾ</u>

2926 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ, പാലങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബി മുഖേന തുക അനുവദിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ദേശീയപാത നിർമ്മാണം</u>

2927 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാതകളുടെ വിവിധ റീച്ചുകളുടെ നിർമ്മാണം പൂർത്തിയാക്കി പൂർണമായും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയപാതാ നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും പ്രദേശവാസികളുടെ യാത്ര സുഗമമാക്കുന്നതിനുമായി പരാതികൾ ഉയർന്നിട്ടുള്ള പ്രദേശങ്ങളിൽ ആവശ്യമായ സർവീസ് റോഡുകളും അണ്ടർപാസുകളും ഉറപ്പാക്കുന്നതിന് ദേശീയപാതാ അതോറിറ്റിയുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ദേശീയപാതകളുടെ നിർമ്മാണം</u>

2928 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയപാതകളുടെ വികസനമാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ;

(ബി) ദേശീയപാത നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം-തേനി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ;

(ഇ) ദേശീയപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ അടിപ്പാത നിർമ്മിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) ദേശീയപാതാ നിർമ്മാണത്തിന്റെ ഭാഗമായി ഹരിപ്പാട് ആർ.കെ. ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>നാട്ടിക ടോൾ പ്ലാസയിൽ ടോൾ പിരിവ്</u>

2929 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ നാട്ടിക ടോൾ പ്ലാസയിൽ ടോൾ പിരിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയപാത 66-ൽ ഫൂട്ട് ഓവർ ബ്രിഡ്ജ്, അപ്രോച്ച് റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

**ദേശീയപാത 66-ന്റെ നിർമ്മാണത്തിലെ കാലതാമസം**

2930 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 -ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പലയിടത്തും വളരെ മന്ദഗതിയിലാണെന്നതും ചില ഭാഗങ്ങളിൽ പ്രവൃത്തികൾ പൂർണ്ണമായി നിലച്ചുപോയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രവൃത്തികളിലെ കാലതാമസത്തിന് കാരണമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; നിർമ്മാണ വേഗത വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ദേശീയപാത അതോറിറ്റിയുമായി ചേർന്ന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തളിപ്പറമ്പ് മണ്ഡലത്തിന്റെ പരിധിയിലൂടെ കടന്നുപോകുന്ന ആറുവരി പാതയുടെ റീച്ചിന്റെ നിലവിലുള്ള നിർമ്മാണ പുരോഗതിയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ എന്തെങ്കിലും പ്രത്യേക തടസ്സങ്ങളോ പ്രതിസന്ധികളോ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള/സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

2931 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.)-ന്റെ നിർവ്വഹണ ചുമതലയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിന്റെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

**<u>പുനലൂർ വാളക്കോട് റെയിൽവേ മേൽപ്പാലം</u>**

2932 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 744 ൽ പുനലൂർ വാളക്കോട് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനായി ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യ ഭരണാനുമതി നല്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഭരണാനുമതി തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനായും ഭൂമി ഏറ്റെടുക്കലിനായും എത്ര രൂപ വീതമാണ് പ്രസ്തുത ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>ദേശീയപാത 66- ന്റെ നിർമ്മാണ പുരോഗതി</u>**

2933 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരോഗമിക്കുന്ന ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി ജില്ല തിരിച്ച്, സ്ട്രെച്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഓരോ സ്ട്രെച്ചും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്; വിശദമാക്കാമോ?

**ബേപ്പൂർ മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി**

2934 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ പുലിമുട്ട്-വട്ടക്കിണർ റോഡ്, ബേപ്പൂർ-ചെറുവണ്ണൂർ റോഡ്, രാമനാട്ടുകര-വട്ടക്കിണർ റോഡ്, ഫറോക്ക് ROB -കരുവൻതുരുത്തി റോഡ്, ഫറോക്ക് പേട്ട ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, തീരദേശ ഹൈവേ എന്നീ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**ദേശീയപാത 66 നിർമ്മാണ ചെലവിലെ വർദ്ധന**

2935 **ശ്രീ. വർഗീസ് മാമ്മൻ**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ബലക്കുറവും ഭൂമിയുടെ പ്രത്യേകതകളും കണക്കിലെടുത്ത്, സംസ്ഥാനത്തെ ദേശീയപാത 66-ൽ നിർമ്മാണത്തിലുള്ള പാലങ്ങളുടെയും ആകാശപ്പാതകളുടെയും നീളവും എണ്ണവും വർദ്ധിപ്പിക്കാനുള്ള ദേശീയപാത അതോറിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലം മന്ദഗതിയിലായിരുന്ന പാത നിർമ്മാണത്തെ ഈ തീരുമാനം എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പാലങ്ങളുടെയും ആകാശപ്പാതകളുടെയും എണ്ണവും നീളവും വർദ്ധിപ്പിക്കുന്നത് നിർമ്മാണച്ചെലവ് ഉയരാനും തന്മൂലം ടോൾ നിരക്കിൽ വൻവർദ്ധനയ്ക്കും കാരണമാകുമെന്നത് പരിഗണിച്ച് ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

**നിർമാണച്ചെലവ് പിരിച്ചെടുത്ത പാതകളിലെ ടോൾ പിരിവ് നിർത്തലാക്കാൻ നടപടി**

2936 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ -സംസ്ഥാന പാതകളുടെ നിർമ്മാണ ചെലവിലും ഇരട്ടിയിലധികം തുക ടോൾ ഇനത്തിൽ പിരിച്ചെടുത്ത ശേഷവും പിരിവ് നിർത്തലാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) മോട്ടോർ വാഹന നികുതിയുൾപ്പടെ വിവിധ നികുതികളെല്ലാം ജനങ്ങളിൽ നിന്നും സ്വീകരിച്ചതിന് ശേഷം ഇത്തരത്തിൽ ജീവിതകാലം മുഴുവൻ ടോൾ പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ടോൾ ബൂത്തുകളുടെ എണ്ണവും, പേരും, ടോൾ പിരിവ് കാലാവധിയും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**<u>കേരളത്തിലെ ദേശീയപാത വികസന പദ്ധതികളുടെ ഏകോപനത്തിനായി പ്രത്യേക നോഡൽ ഓഫീസർ</u>**

2937 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാത വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത–ദേശീയപാത മന്ത്രാലയം, ദേശീയപാത അതോറിറ്റി, സംസ്ഥാന സർക്കാർ, ബന്ധപ്പെട്ട ജില്ലാ ഭരണകൂടങ്ങൾ എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായി പ്രത്യേക നോഡൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, നിർമാണ പുരോഗതി, യൂട്ടിലിറ്റി മാറ്റിസ്ഥാപിക്കൽ, വിവിധ വകുപ്പുകളുടെ അനുമതികൾ എന്നിവയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം ഏകോപന സംവിധാനങ്ങളാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ദേശീയപാത വികസന പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനായി ഏകജാലക

ഏകോപന സംവിധാനം ഉൾപ്പെടെയുള്ള അധിക നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ദേശീയപാത വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും കാലതാമസവും പരിഹരിക്കുന്നതിനുമായി ഉന്നതതല അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

**ദേശീയപാത നിർമ്മാണമേഖലയിലെ രാത്രിസുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ**

2938 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിർമാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ദേശീയപാതകളിൽ രാത്രികാലങ്ങളിൽ മതിയായ സുരക്ഷാവേലികൾ, അപകട മുന്നറിയിപ്പ് ബോർഡുകൾ, റിഫ്ലക്ടറുകൾ, മുന്നറിയിപ്പ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കാത്തതുമൂലം റോഡപകടങ്ങളും മരണങ്ങളും സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയപാത നിർമാണ മേഖലകളിൽ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത മൂലമുണ്ടായ അപകടങ്ങളുടെയും മരണങ്ങളുടെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(സി) നിർമാണ മേഖലകളിൽ കരാറുകാരും ദേശീയപാത അതോറിറ്റിയും പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പരിശോധനകൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) രാത്രികാലങ്ങളിൽ അപകടസാധ്യതയുള്ള ഭാഗങ്ങളിൽ സുരക്ഷാ വേലികൾ, ദിശാസൂചക ബോർഡുകൾ, റിഫ്ലക്ടീവ് ടേപ്പുകൾ, ബ്ലിങ്കിങ് ലൈറ്റുകൾ, വേഗനിയന്ത്രണ സംവിധാനങ്ങൾ എന്നിവ നിർബന്ധമായും

സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത മേഖലകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ, ദേശീയപാത അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവരെ ഉൾപ്പെടുത്തി സംയുക്ത പരിശോധനയും നിരീക്ഷണ സംവിധാനവും ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**ദേശീയപാത നിർമാണം പൂർത്തിയാകുന്നതിന് മുമ്പ് ടോൾ പിരിവ്**

2939 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയപാത വികസന പ്രവർത്തനങ്ങൾ നടന്നുവരുന്ന പാതകളിൽ നിർമാണം എല്ലായിടത്തും പൂർത്തിയാകുന്നതിന് മുമ്പ് ടോൾ പിരിവ് ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരും ദേശീയപാത അതോറിറ്റിയും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) നിർമാണം പൂർത്തിയാകാത്തതും സർവീസ് റോഡുകൾ, അടിപ്പാതകൾ, മേൽപ്പാലങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവയുടെ പ്രവൃത്തികൾ അവശേഷിക്കുന്നതുമായ ദേശീയപാത ഭാഗങ്ങളിൽ ടോൾ പിരിവ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയപാത നിർമാണത്തിന്റെ പുരോഗതിയും യാത്രക്കാർക്ക് ലഭ്യമാകുന്ന സൗകര്യങ്ങളും പരിഗണിച്ചാണോ ടോൾ പിരിവ് ആരംഭിക്കുന്നതെന്ന് ഉറപ്പാക്കാൻ കേന്ദ്രസർക്കാരിനോടും ദേശീയപാത അതോറിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ദേശീയപാതകളിലെ നിർമാണപ്രവൃത്തികൾ എല്ലായിടത്തും പൂർത്തിയാകാത്തതിനാൽ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടോൾ നിരക്ക് കുറയ്ക്കുകയോ ടോൾ പിരിവ് താൽക്കാലികമായി മാറ്റിവയ്ക്കുകയോ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ടോൾ പിരിവ് ആരംഭിക്കുന്നതിന് മുമ്പ് റോഡിന്റെ ഗുണനിലവാരം, സുരക്ഷാ സംവിധാനങ്ങൾ, സർവീസ് റോഡുകൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

## അങ്കമാലി റസ്റ്റ് ഹൗസ് മാനേജർ തസ്തിക

2940 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി പൊതുമരാമത്ത് റസ്റ്റ് റസ്റ്റ് ഹൗസ് കെട്ടിട സമുച്ചയത്തിൽ ആകെ എത്ര മുറികളാണ് ഉള്ളതെന്നും 2021 മുതൽ 2026 മാർച്ച് വരെ എത്ര രൂപ വരുമാനം ലഭിച്ചുവെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) അങ്കമാലി റസ്റ്റ് ഹൗസിന്റെ കെയർ ടേക്കറുടെ തസ്തിക, മാനേജർ തസ്തികയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് 27.12.2021-ൽ എ1/റസ്റ്റ് ഹൗസ്/ജനറൽ/2021 നമ്പരായി കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിട വിഭാഗം ) അധിക സാമ്പത്തിക ബാധ്യതയില്ലാത്തവിധം സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അംഗീകരിച്ച് അങ്കമാലി റസ്റ്റ് ഹൗസ് മാനേജർ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിങ് സംവിധാനം

2941 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ബുക്കിംഗ് തടസ്സപ്പെടുന്നതായും മുറികൾ ലഭ്യമാകുന്നതിൽ അനിശ്ചിതത്വമുണ്ടാകുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായിട്ടുള്ളവ എത്രയാണെന്നും അവയുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) റസ്റ്റ് ഹൗസുകളുടെ ശുചിത്വം, സുരക്ഷ, ജീവനക്കാരുടെ സേവനം, മുറികളുടെ ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിന് പരിശോധനാ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ബുക്കിംഗ് സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും റസ്റ്റ് ഹൗസുകളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വരുമാനച്ചോർച്ചയും ക്രമക്കേടുകളും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ**</u>

2942 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയുടെ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും നിയമനം വൈകുന്നതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) മൂന്നു മാസമായി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>**തിരൂരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെനയിലെ കണ്ടംചിറ പറമ്പ്**</u>

2943 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കോഴിച്ചെനയിൽ ദേശീയപാതയോടു ചേർന്നുള്ള കണ്ടംചിറ പറമ്പ്ഭൂമി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതാണോ അതോ നാഷണൽ

ഹൈവേ അതോറിറ്റിയുടെ കീഴിൽ ഉള്ളതാണോ എന്ന് അറിയിക്കാമോ; ഭൂമിയുടെ അളവ് സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ വശത്തുകൂടി പരിസരത്തെ നിരവധി വീടുകളിലേക്കുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനായി റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും പദ്ധതി ആരംഭിക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

## പൊതുമരാമത്ത് ഭൂമി കൈയേറി അനധികൃത നിർമ്മാണം

2944 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള കൈക്കമ്പ - ബായാർ റോഡിൽ ജോഡിക്കലിൽ പൊതുമരാമത്ത് ഭൂമി കൈയേറി അനധികൃത നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ നടപടി സ്വീകരിക്കാത്ത പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനധികൃത നിർമ്മിതി പൊളിച്ച് നീക്കണമെന്ന് ആവശ്യപ്പെട്ട് പൊതുപ്രവർത്തകനായ അബ്ദുൽ മജീദ് പച്ചമ്പള സമർപ്പിച്ച ഹർജിയിൽ പ്രസ്തുത നിർമ്മിതി പൊളിച്ച് മാറ്റാൻ ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പൊളിച്ച് മാറ്റാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിർമ്മിതി എന്ന് പൊളിച്ച് മാറ്റാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ റോഡ്, കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

2945 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെയും അതിന് കീഴിലുള്ള റോഡ് ഫണ്ട് ബോർഡ്, കെ.ആർ.എഫ്.ബി, കെ.എസ്.ടി.പി, റിക്ക് തുടങ്ങിയ നിർമ്മാണ ഏജൻസികളുടെയും കീഴിൽ നിലവിൽ ഏതൊക്കെ റോഡ് നിർമ്മാണ/നവീകരണ പ്രവൃത്തികളാണ്

നടന്നുവരുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയും പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള കാലയളവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത്; ഇവയുടെ ഇപ്പോഴത്തെ അവസ്ഥയും, പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതി എന്താണെന്നും വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ റോഡ്-കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ, സ്ഥലമേറ്റെടുപ്പ് തടസ്സങ്ങൾ അല്ലെങ്കിൽ കരാറുകാരുടെ വീഴ്ചകൾ മൂലം മുടങ്ങിക്കിടക്കുകയോ മന്ദഗതിയിലാവുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള/സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ പുതുതായി ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്; ഇവയുടെ തൽസ്ഥിതി എന്താണെന്നും ഈ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭ്യമാക്കുന്നതിനും ഫണ്ട് അനുവദിപ്പിക്കുന്നതിനും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കാമോ;

(ഇ) പ്രസ്തുത മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണത്തിനായി നബാർഡ്, കിഫ്ബി, അല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. മേജർ വർക്സ് ഫണ്ട് എന്നിവ മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് സാങ്കേതികാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കി നിർമ്മാണം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## <u>എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് ടോപ്പോഗ്രാഫി സർവേ</u>

2946 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് ടോപ്പോഗ്രാഫി സർവേ

പൂർത്തിയാക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ;

(ബി) ടോപ്പോഗ്രാഫി സർവ്വേ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുമോ?

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കെതിരെയുള്ള അന്വേഷണം**

2947 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതി സമയബന്ധിതമായി തീർക്കാത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കെതിരെ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കരാർ കമ്പനിക്ക് അനുകൂലമായി ഉദ്യോഗസ്ഥർ മനപ്പൂർവം പ്രവൃത്തി വൈകിപ്പിച്ചു എന്ന ആരോപണം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(സി) രാഷ്ട്രീയ കാരണങ്ങളാൽ നിർമ്മാണം വൈകിപ്പിച്ചെന്ന ആരോപണം പരിശോധിച്ചു കാലതാമസത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തി, ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പൊതുമരാമത്തു കെട്ടിട വിഭാഗത്തിനു കീഴിൽ സ്കൂൾ കെട്ടിട നിർമ്മാണം**

2948 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആലപ്പുഴ നിയമസഭാമണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ, കെട്ടിട ബ്ലോക്കുകൾ, അധിക ക്ലാസ് മുറികൾ എന്നിവ സംബന്ധിച്ച വർഷം തിരിച്ചുള്ള വിശദാംശവും കെട്ടിടത്തിന്റെ വിസ്തീർണ്ണവും നിർമ്മാണച്ചെലവും വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക, ധനസ്രോതസ്സ് (കിഫ്ബി, പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, തദ്ദേശസ്ഥാപന ഫണ്ട് തുടങ്ങിയവ) എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്നതും ഭരണാനുമതി ലഭിച്ചതുമായ സ്കൂൾ കെട്ടിട പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ നിർമ്മാണ പുരോഗതിയും പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതിയും വ്യക്തമാക്കാമോ?

**<u>വിവിധ സേവന ദാതാക്കൾ പൊതുമരാമത്ത് റോഡുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ</u>**

2949 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ ടെലികോം സർവീസ്, ഗ്യാസ്, വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സേവനദാതാക്കൾ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുന്നത് മൂലം മികച്ച നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകൾ തകരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ സേവന ദാതാക്കൾ പൊതുമരാമത്ത് റോഡുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ നടപടികൾ സ്വീകരിക്കാറുണ്ടോ; കഴിഞ്ഞ അഞ്ചുവർഷമായി ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>കഴക്കൂട്ടം മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ</u>**

2950 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ ചാവടി മുക്ക്- മൺവിള- കുളത്തൂർ- കഴക്കൂട്ടം റോഡ് കഴിഞ്ഞ രണ്ടര വർഷക്കാലമായി സഞ്ചാരയോഗ്യമല്ലാതെ തകർന്നു കിടക്കുന്നതും ബസ് സർവീസുകൾ ഉൾപ്പെടെ നിർത്തിവയ്ക്കപ്പെട്ട

അവസ്ഥയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ തൽസ്ഥിതി വിശദമാക്കാമോ;

(ബി) തിരുവനന്തപുരം എൻജിനീയറിങ് കോളേജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ടെക്നോപാർക്ക്, ഐടി പാർക്കുകൾ,ടെക്നോ സിറ്റി എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഉപയോഗിക്കുന്ന ഈ റോഡ് ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയ്ക്ക് കാരണക്കാരായ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും എതിരെ കുറ്റകരമായ അനാസ്ഥയ്ക്ക് നടപടി സ്വീകരിക്കുമോ;

(സി) ഈ റോഡ് എത്ര ദിവസത്തിനുള്ളിൽ യാത്രായോഗ്യമാക്കാനാകും എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഉള്ളൂർ മുതൽ കഴക്കൂട്ടം വരെയുള്ള പഴയ എൻ.എച്ച്. റോഡ് വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ മൂലം തകർന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വീകരിച്ച പരിഹാര നടപടികൾ വ്യക്തമാക്കാമോ?

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പ് പദ്ധതികളും നടത്തിപ്പും</u>

2951 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെങ്കിലും പദ്ധതികൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കുന്നത്; ഇത് സംബന്ധിച്ച ഉത്തരവുകളുടെയും മാർഗ്ഗരേഖകളുടെയും നിബന്ധനകളുടെയും വിശദവിവരങ്ങൾ പകർപ്പുകൾ സഹിതം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**നൃൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ**

2952 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾക്ക് പുറമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**ന്യൂനപക്ഷ പി.ജി. വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് തുക**

2953 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട പോസ്റ്റ് ഗ്രാജ്യൂവേറ്റ് വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന ലംപ്സം ഗ്രാന്റ് തുക ഇരട്ടിയാക്കാൻ നടപടി സ്വീകരിക്കുമോ?

**പട്ടാമ്പി മണ്ഡലത്തിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

2954 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ മുഖേന എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചും പദ്ധതി തിരിച്ചും അറിയിക്കാമോ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിച്ചിട്ടും സഹായം ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം പ്രസ്തുത മണ്ഡലത്തിൽ എത്രയാണെന്നും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്കുള്ള പരിശീലനത്തിനായി പട്ടാമ്പി മണ്ഡലത്തിൽ പ്രത്യേക പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി**

2955 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിന് വേണ്ടിയുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു ഗുണഭോക്താവിന് അമ്പതിനായിരം രൂപ മാത്രമാണ് സാമ്പത്തിക സഹായമായി നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ ആകർഷിക്കുന്നതിനായി സർക്കാർ വിഹിതം വർധിപ്പിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ബേപ്പൂർ മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

2956 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾക്കായി ബേപ്പൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

2957 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും ലഭിച്ച തുക എത്ര; അതിൽ ചെലവഴിച്ച തുക എത്ര; ചെലവഴിക്കാതെ ബാക്കിയായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തത് കാരണം ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാം; അതിൽ സംസ്ഥാനത്തിന്റെ വിഹിതം ഓരോന്നിലും എത്ര വീതമാണ്; വിശദാംശം ലഭ്യമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

2958 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന സ്കോളർഷിപ്പുകൾക്ക് കഴിഞ്ഞ അധ്യയന വർഷത്തിൽ എത്ര അപേക്ഷകർ അർഹരായിട്ടുണ്ടെന്നും പ്രസ്തുത തുക പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ചങ്ങനാശ്ശേരിയിൽ വകുപ്പിനു കീഴിൽ പുതുതായി പ്രവർത്തനം ആരംഭിച്ച പി.എസ്.സി. കോച്ചിംഗ് സെന്ററിൽ നിലവിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും ഈ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും അടിസ്ഥാന സൗകര്യങ്ങൾ (ലൈബ്രറി, ഡിജിറ്റൽ സംവിധാനങ്ങൾ മുതലായവ) ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴി ചങ്ങനാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കും യുവാക്കൾക്കും സ്വയംതൊഴിൽ കണ്ടെത്താനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നൽകിയിട്ടുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും വിവരം ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിലെ മദ്രസകൾ ഉൾപ്പെടെയുള്ള മറ്റ് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി വകുപ്പിൽ നിന്ന് ഗ്രാന്റുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികളുടെയും വകയിരുത്തിയ ഫണ്ടിന്റെയും പൂർണ്ണ വിവരങ്ങൾ രേഖാമൂലം നൽകാമോ?

<u>വിദ്യാർത്ഥികൾക്കുള്ള ന്യൂനപക്ഷ സ്കോളർഷിപ്പ് -കുടിശ്ശിക</u>

2959 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചുവരുന്ന വിവിധ സ്കോളർഷിപ്പുകളുടെ ഇനം, അർഹതാ മാനദണ്ഡങ്ങൾ, ഗുണഭോക്താക്കളുടെ എണ്ണം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത സ്കോളർഷിപ്പുകളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കാനുള്ള കുടിശ്ശിക തുകയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക ലഭിക്കാത്തതിനെത്തുടർന്ന് സ്കോളർഷിപ്പ് വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു ബാധിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം, കുടിശ്ശിക തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ വിശദീകരിക്കുമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നുള്ള കുടിശ്ശിക ലഭിക്കുന്നതുവരെ അർഹരായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ താൽക്കാലിക ധനസഹായം നൽകുന്നതിനോ സംസ്ഥാന വിഹിതം വർധിപ്പിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**പുതുതായി അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ**

2960 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടെ എണ്ണം, അവ സ്ഥിതിചെയ്യുന്ന ജില്ലകൾ, അവിടെ നടപ്പാക്കിവരുന്ന പരിശീലന പരിപാടികൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള ജില്ലകളും സ്ഥലങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ വിന്യാസം, പരിശീലന സംവിധാനങ്ങൾ, പ്രതീക്ഷിക്കുന്ന സാമ്പത്തിക ബാധ്യത എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽപരിശീലനം, മത്സരപരീക്ഷാ പരിശീലനം, നൈപുണ്യ വികസനം എന്നിവയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ എങ്ങനെ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം എപ്പോൾ മുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി**

2961 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പിഎംജെവികെ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ എണ്ണം, അവ സ്ഥിതിചെയ്യുന്ന ജില്ലകൾ, പദ്ധതികളുടെ സ്വഭാവം, നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പുതുതായി പദ്ധതികൾ അനുവദിക്കുന്നതിനോ ആരംഭിക്കുന്നതിനോ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പരിഗണനയിലുള്ള ജില്ലകളും പദ്ധതികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, നൈപുണ്യ വികസനം, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ കൂടുതൽ അവസരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് പി.എം.ജെ.വി.കെ. പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് വിശദീകരിക്കുമോ;

(ഡി) പി.എം.ജെ.വി.കെ. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രവർത്തനം ഏത് സമയപരിധിക്കുള്ളിൽ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സംരക്ഷിതാധ്യാപകരുടെ നിയമനം</u>

2962 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. അധ്യായം 21 റൂൾ 7(2) പ്രകാരം 1:1 അനുപാതം പാലിച്ച് സംരക്ഷിതാധ്യാപകർക്കായി ഒഴിവ് നീക്കിവയ്ക്കാത്തതിന്റെ പേരിൽ 2022-23 വർഷം മുതൽ അധിക തസ്തികകളിൽ നിയമിതരായ എത്ര അദ്ധ്യാപകർക്കും അനധ്യാപകർക്കും നിയമനാംഗീകാരം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ജോലി സംരക്ഷണത്തിന് അർഹതയുള്ള എത്ര സംരക്ഷിതാധ്യാപകർ/അനധ്യാപകർ ഡിപ്ലോയ്മെന്റ്/പുനർ വിന്യാസം ലഭിക്കാതെ നിൽക്കുന്നുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി എയ്ഡഡ് സ്കൂൾ മാനേജർമാർ റിപ്പോർട്ട് ചെയ്ത [കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7(1), 7(2), 7(3), 7(4) എന്നിവ പ്രകാരം] അധ്യാപക ഒഴിവുകളിൽ സംരക്ഷിതാധ്യാപകർ ലഭ്യമല്ലാത്തതു മൂലം ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുമതി നൽകിയ എത്ര ഒഴിവുകളുണ്ട്; ചട്ടം 7(1), 7(2), 7(3), 7(4) എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂളുകളിൽ ആർ.പി.ഡബ്ല്യൂ.ഡി. റോസ്റ്റർ ഡാറ്റ തയ്യാറാക്കി ഏഴ് കാറ്റഗറികളിലായി ഭിന്നശേഷി സംവരണ വ്യവസ്ഥ നടപ്പിലാക്കി വരുന്നതുമായി ബന്ധപ്പെട്ട് കാറ്റഗറി I മുതൽ VI വരെയുള്ള (III അനധ്യാപക തസ്തിക ഒഴികെ) അധ്യാപക തസ്തികകളിൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുമ്പാകെയും ജില്ലാസമിതികൾ മുമ്പാകെയും പൂർണ്ണയോഗ്യത നേടിയ എത്ര ഉദ്യോഗാർത്ഥികൾ നിലവിലുണ്ട് എന്ന വിശദാംശം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കുന്നതിനായി സ്കൂൾ മാനേജർമാർ നീക്കിവെച്ച ഒഴിവുകളിൽ ഇനിയും നികത്താത്ത ഒഴിവുകൾ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഭിന്നശേഷി സംവരണം പാലിച്ച് റോസ്റ്റർ പ്രകാരമുള്ള ഒഴിവുകൾ നീക്കിവെക്കാത്തതിനാൽ റഗുലറൈസ് ചെയ്യാത്ത നിയമനങ്ങൾ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ?

<u>**പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ അധിക ചുമതലകൾ**</u>

2963 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് അധ്യാപന-അക്കാദമിക പ്രവർത്തനങ്ങൾക്കു പുറമെ വിവിധ ഭരണപരവും മറ്റ് അനുബന്ധ ചുമതലകളും ഏൽപ്പിക്കുന്നതിനാൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ

ആവശ്യമായ പൂർണ്ണ ശ്രദ്ധയും സമയവും നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധ്യാപകർക്ക് നിലവിൽ ഏൽപ്പിച്ചിട്ടുള്ള അധ്യാപനേതര ചുമതലകൾ സംബന്ധിച്ച് വിശദമായ അവലോകനം നടത്തുമോ; അക്കാദമിക ചുമതലകൾക്ക് തടസ്സമാകുന്ന അനാവശ്യ അധ്യാപനേതര ചുമതലകൾ ഒഴിവാക്കുന്നതിനോ പരിമിതപ്പെടുത്തുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) അധ്യാപകരുടെ പ്രധാന ഉത്തരവാദിത്തം അധ്യാപനവും വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തലുമാക്കി ഉറപ്പുവരുത്തുന്നതിന് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

## എസ്.എസ്.എൽ.സി. എഴുത്ത് പരീക്ഷയ്ക്ക് മിനിമം മാർക്ക്.

2964 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിനിടെ 17.36 ലക്ഷം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയിൽ മിനിമം മാർക്ക് നേടാതെ ജയിച്ചു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) എഴുത്ത് പരീക്ഷയിൽ മിനിമം മാർക്കില്ലാതെ നിരന്തര മൂല്യനിർണ്ണയത്തിന്റെ (ഇന്റേണൽ മാർക്ക്) സഹായത്തോടെ പരീക്ഷ പാസാകുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ മിനിമം മാർക്ക് നിർബന്ധമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) മിനിമം മാർക്ക് നിർബന്ധമാക്കിയാൽ വിജയ ശതമാനത്തിൽ വലിയ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സർവ്വീസ് ആനുകൂല്യം അനുവദിക്കാൻ നടപടി

2965 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 അധ്യയന വർഷം മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ അധികതസ്തികകളിലും പുതിയ സ്കൂളുമായി ബന്ധപ്പെട്ടും മറ്റും ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് 06/02/2021 ലെ സ.ഉ. (അച്ചടി) 4/2021 പൊ.വി.വ. പ്രകാരം നിയമന അംഗീകാരം നൽകിയപ്പോൾ മറ്റെല്ലാ സർവീസ് ആനുകൂല്യങ്ങളും അനുവദിക്കുകയും ജോലി ചെയ്ത കാലയളവിലെ സാമ്പത്തിക ആനുകൂല്യം(ശമ്പളം) നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം കേരളത്തിൽ നോഷണലായി നിയമന അംഗീകാരം ലഭിച്ച എത്ര അധ്യാപകർ ഉണ്ടെന്ന് തസ്തികയും ജില്ലയും തിരിച്ച് വിശദമാക്കാമോ;

(സി) ഈ അധ്യാപകർക്ക് ശമ്പള ആനുകൂല്യം നൽകുന്നതിന് ഏതെങ്കിലും കോടതി ഉത്തരവ് തടസ്സമാകുന്നുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ഡി) മാനേജ്മെന്റ് നൽകിയ നിയമന പ്രൊപ്പോസലിൽ നിശ്ചിത സമയത്തിനുള്ളിൽ നടപടി സ്വീകരിക്കാത്തതുമൂലം അധ്യാപകർ ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ അധ്യാപകർക്ക് ശമ്പളം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ബദൽ സ്കൂൾ -ഏക അധ്യാപക വിദ്യാലയം

2966 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ബദൽ സ്കൂൾ -ഏക അധ്യാപക വിദ്യാലയം ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അതിൽ ഏതെല്ലാം സർക്കാർ പ്രൈമറി സ്കൂളാക്കി അപ്ഗ്രേഡ് ചെയ്തതെന്ന് വ്യക്തമാക്കാമോ; അവയിൽ നിർത്തലാക്കിയവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ഇത്തരം സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് (G.o(ms)9/99/Gedn)Dated 07.01.1999) ലഭ്യമാക്കാമോ;

(സി) താനൂർ തീരദേശ മേഖലയിലെ ഒട്ടുംപുറം മുതൽ ആൽബസാർ വരെയുള്ള പ്രദേശത്ത് താമസിക്കുന്ന കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്നതായ ബദൽ സ്കൂൾ -ഏക അധ്യാപക വിദ്യാലയം അടച്ച് പൂട്ടിയതിനാൽ തീരമേഖലയിലെ കുട്ടികൾക്ക് പഠനത്തിന് ഏറെ പ്രയാസമുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## അധ്യാപക നിയമനങ്ങൾ സംബന്ധിച്ചുള്ള അനശ്ചിതത്വം

2967 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാലയങ്ങളിൽ അധ്യാപക തസ്തികകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിയമന അംഗീകാരങ്ങളിൽ അനിശ്ചിതത്വം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ആയത് പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## സ്കൂൾ കായിക മിത്രം പദ്ധതി

2968 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനും കായിക അഭിരുചി വളർത്തുന്നതിനുമായി പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്കൂൾ കായിക മിത്രം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും

പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ വിദ്യാർത്ഥികളുടെ പ്രായത്തിനും കായിക അഭിരുചിക്കും അനുയോജ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ കായികക്ഷമതയും വിവിധ കായിക ഇനങ്ങളിലുള്ള അഭിരുചിയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുടെ പ്രയോജനം എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും അർഹരായ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നതിനും വിതരണം ചെയ്യുന്ന കായിക ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**സി എം കിഡ്സ് സ്കോളർഷിപ്പ്**</u>

2969 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയന വർഷത്തിൽ കേരളത്തിൽ സി എം കിഡ്സ് സ്കോളർഷിപ്പ് (എൽ പി, യു പി) പരീക്ഷയ്ക്ക് വേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചത്; അപേക്ഷിച്ചവരിൽ എത്ര കുട്ടികളാണ് പരീക്ഷ എഴുതിയത്; വ്യക്തമാക്കാമോ;

(ബി) പരീക്ഷയെഴുതിയവരിൽ എത്ര കുട്ടികൾ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(സി) 2025-26 അധ്യയന വർഷത്തിലെ സി എം കിഡ്സ് സ്കോളർഷിപ്പ് (എൽ പി, യു പി) പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് (ജനറൽ /ഒ.ബി.സി./ എസ്.സി./എസ്.റ്റി./പി.ഡബ്ല്യു.ഡി. ) തരം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2025-26 അധ്യയന വർഷത്തിൽ സി എം കിഡ്സ് സ്കോളർഷിപ്പ് (എൽ പി, യു പി) പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15 വിദ്യാർത്ഥികളുടെ പേരും മാർക്കും സ്കൂളിന്റെ പേരും ലഭ്യമാക്കുമോ;

(ഇ) 2025-26 അധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ സി എം കിഡ്സ് സ്കോളർഷിപ്പ് (എൽ പി, യു പി) പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 20 സ്കൂളുകളുടെയും സി എം കിഡ്സ് സ്കോളർഷിപ്പിന്

(എൽ പി, യു പി) ഏറ്റവും കൂടുതൽ യോഗ്യത നേടിയ 20 സ്കൂളുകളുടെയും ലിസ്റ്റ് ലഭ്യമാക്കുമോ?

**പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിൽ ജോലി ചെയ്തിരുന്നവരുടെ ശമ്പള കുടിശ്ശിക**

2970 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിൽ മുൻ സർക്കാരിന്റെ കാലയളവിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് അവരുടെ ശമ്പള കുടിശ്ശിക പൂർണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോരുത്തർക്കും നൽകാനുള്ള തുക സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവരുടെ ശമ്പളം അടക്കമുള്ള ആനുകൂല്യങ്ങൾ പൂർണമായും നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇവർക്ക് ശമ്പള കുടിശ്ശികയും മറ്റും വന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**അധ്യാപികക്കെതിരെ വിജിലൻസ് പരിശോധന**

2971 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24/11/2025-ന് ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് പി.എസ്.എൻ.എം.ജി.എച്ച്.എസ്.എസ്. പേരൂർക്കടയിലെ (01035) വിദ്യാർത്ഥികൾ നേരിട്ട് നൽകിയ പരാതിയിൽ 24/11/2025-ന് തന്നെ ഡി.ജി.ഇ.ഓഫീസിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ പ്രിൻസിപ്പൽ ആശാറാണി ആർ.എസ്. എന്ന അധ്യാപികക്കെതിരെ വിദ്യാർത്ഥികളും പി.ടി.എ.യും നൽകിയ നിരവധി

പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയതിന്റെ ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) നിലവിലെ പ്രിൻസിപ്പലായ പ്രസ്തുത അധ്യാപിക പി.എസ്.എൻ.എം.ജി.എച്ച്.എസ്.സ്കൂളിൽ (0135) പ്രിൻസിപ്പലായി എത്ര കാലമായി സേവനം അനുഷ്ഠിക്കുന്നുവെന്നും ടിയാൾ ഈ സ്കൂളിൽ ഹയർ സെക്കൻഡറി അധ്യാപികയായി ജോലി ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത കാലയളവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അധ്യാപിക മുൻപ് പ്രിൻസിപ്പലായി ജോലി ചെയ്തിരുന്ന കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് അച്യുതൻ ഗേൾസ് ഹയർ സെക്കൻഡറി സ്ക്കുളിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ജി.കെ.എസ്.ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ഹയർസെക്കൻഡറി സ്ക്കുളിൽ നിന്നും ടിയാളിന് അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകിയിട്ടുണ്ടോയെന്നും എങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ; ടിയാൾ അച്ചടക്ക നടപടിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പി.എസ്.എൻ.എം.ജി.എച്ച്.എസ്.എസ്. പേരൂർക്കട(01035)യ്ക്ക് 2021 വർഷത്തിൽ പട്ടികജാതി വകുപ്പിൽ നിന്നും എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി നൽകിയ ലാപ്ടോപുകൾ 2025-26ൽ അഡ്മിഷൻ ലഭിച്ച എസ്.ടി. വിദ്യാർത്ഥിനി നിരന്തരം ആവശ്യപ്പെട്ടിട്ടും പ്രിൻസിപ്പൽ പഠനാവശ്യത്തിനായി നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലാപ്ടോപ് അനുവദിച്ച് നൽകാത്ത പ്രിൻസിപ്പലിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം**

2972 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ ഹോംവർക്ക്, പഠനപ്രവർത്തനങ്ങൾ എന്നിവ മൊബൈൽ ഫോൺ മുഖേന കുട്ടികൾക്ക് നൽകിവരുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം അമിതമാക്കുന്നതിനും പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) സ്കൂൾ പഠനപ്രവർത്തനങ്ങൾക്കായി മൊബൈൽ ഫോൺ അമിതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനും ഹോംവർക്ക് ഉൾപ്പെടെയുള്ള പഠനപ്രവർത്തനങ്ങൾ മൊബൈൽ ഫോൺ ഉപയോഗം പരമാവധി കുറച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>സ്കൂൾ പാചക തൊഴിലാളികളുടെ ക്ഷേമവും വേതന വർദ്ധനവും</u>

2973 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചക തൊഴിലാളികൾ നിലവിൽ അനുഭവിക്കുന്ന കുറഞ്ഞ വരുമാനവും സാമ്പത്തിക പ്രതിസന്ധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ അവധി ദിവസങ്ങളിലും വേനലവധിക്കാലത്തും പാചക തൊഴിലാളികൾക്ക് യാതൊരുവിധ വരുമാനവും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ഈ കാലയളവിൽ ആശ്വാസധനമോ പ്രത്യേക വേതനമോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത പ്രസ്തുത തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനോ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ പാചക തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം, വേതന വർദ്ധനവ്, മറ്റ് സാമൂഹ്യ സുരക്ഷാ നടപടികൾ എന്നിവ ഉറപ്പുവരുത്തുന്നതിനായി നിലവിൽ എന്തെല്ലാം കാര്യങ്ങളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കുമോ?

<u>പാചക തൊഴിലാളികളുടെ നിയമനവും വേതനവും</u>

2974 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളി നിയമനത്തിനുള്ള നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പാചക തൊഴിലാളികളുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകളും മിനിമം വേതനം ഉറപ്പാക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) പാചക തൊഴിലാളികളുടെ ശമ്പളം നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ ശമ്പളമാണ് കുടിശ്ശികയുള്ളതെന്നും ആയത് കൊടുത്തു തീർക്കാൻ സ്വീകരിക്കുന്ന നടപടികളെ കുറിച്ചും വ്യക്തമാക്കാമോ;

(ഡി) പാചക തൊഴിലാളികളുടെ സർവ്വീസ് കാലയളവിന് പ്രായ പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) വിദ്യാർത്ഥികൾക്കുള്ള ഭക്ഷണം തയ്യാറാക്കുന്നവരായതിനാൽ പാചക തൊഴിലാളികളുടെ വിരമിക്കൽ പ്രായം പരമാവധി 70 വയസ്സാക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

2975 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രപരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ കൊണ്ടുവന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള സ്കൂൾ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അധ്യാപക നിയമനത്തിനുള്ള യോഗ്യത മാനദണ്ഡങ്ങൾ പൂർണമായും പരിഷ്കരിക്കുന്നതിന് ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അധ്യാപകർക്കുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ നിലവിൽ വരുമ്പോൾ നിലവിലെ അധ്യാപകർ പുതുക്കിയ മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ നേടേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഈ വിഷയത്തിൽ അധ്യാപക സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിന് വേണ്ടി സമഗ്ര ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഭിന്നശേഷി അധ്യാപക നിയമനം</u>

2976 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതലുള്ള എയ്ഡഡ് സ്കൂളുകളിലെ പോസ്റ്റുകളെ അടിസ്ഥാനമാക്കി നിയമിച്ച ഭിന്നശേഷി അധ്യാപകർക്ക് നിയമനം ലഭിച്ച് കഴിഞ്ഞ് തൊട്ടടുത്ത മാസങ്ങളിൽ തന്നെ വിദ്യാർത്ഥികളുടെ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോകേണ്ടി വരികയും ഇത്തരത്തിൽ നിയമനം ലഭിച്ചവർക്ക് എംപ്ലോയ്മെന്റ് എക്‌സ്‌ചേഞ്ചിലെ രജിസ്ട്രേഷൻ റദ്ദ് ആവുകയും ചെയ്യുന്നതിനാൽ പുറത്താകുന്ന ഭിന്നശേഷി അധ്യാപകരെ വേക്കൻസി ഉള്ള മറ്റ് എയ്ഡഡ് സ്കൂളുകളിലേക്ക് മാറ്റി നിയമിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഡയറ്റുകളിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള വിതരണം</u>

2977 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (DIET) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരായ അക്കാദമിക ഫാക്കൽറ്റികൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും കഴിഞ്ഞ മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമീപകാലത്തായി ഇവരുടെ ശമ്പളം ഇടയ്ക്കിടെ മുടങ്ങുന്ന സ്ഥിതിയുണ്ടാകുന്നത് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നതിലെ കാലതാമസം മൂലമാണോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള മൂന്ന് മാസത്തെ ശമ്പള കുടിശ്ശിക ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് നിർണായക പങ്ക് വഹിക്കുന്ന ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് തടസ്സമില്ലാതെ കൃത്യസമയത്ത് ശമ്പളം ഉറപ്പാക്കുന്നതിന് ശാശ്വതമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

**സ്കൂൾ മൈതാനങ്ങൾ പൊതുജനങ്ങൾക്ക് തുറന്നുനൽകൽ**

2978 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ പൊതുജനങ്ങൾക്ക് കായികവിനോദങ്ങൾക്കും മാനസിക ഉല്ലാസത്തിനുമായി ഉപയോഗിക്കുന്നതിന് പല സ്ഥലങ്ങളിലും സ്കൂൾ അധികൃതർ അനുമതി നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങളുടെ കായിക പങ്കാളിത്തവും മാനസിക ഉല്ലാസവും പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെൻറ് സ്കൂളുകളുടെയും സർക്കാരിന്റെ പൂർണ്ണ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെയും മൈതാനങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷ**

2979 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയന വർഷത്തിൽ കേരളത്തിൽ ആകെ എത്ര കുട്ടികളാണ് സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്നത്; ഇതിൽ പരീക്ഷ എഴുതിയ കുട്ടികളുടെയും സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2025-26 അധ്യയന വർഷത്തിലെ സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയുടെ കട്ട് ഓഫ് മാർക്കുകൾ ജനറൽ, ഒ.ബി.സി., എസ്.സി., എസ്.ടി. എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) 2025-26 അധ്യയന വർഷത്തിൽ നടന്ന സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയിൽ റദ്ദാക്കിയ ചോദ്യങ്ങളുടെ മാർക്ക് എല്ലാ കുട്ടികൾക്കും നൽകിയാണോ അതോ റദ്ദാക്കിയ ചോദ്യങ്ങൾ ഒഴിവാക്കിയുള്ള ആകെ മാർക്കിന്റെ അടിസ്ഥാനത്തിലാണോ കട്ട് ഓഫ് നിർണ്ണയിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഏരിയ ഇന്റൻസീവ് പ്രോഗ്രാം

2980 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏരിയ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത മുഴുവൻ അധ്യാപകർക്കും നിയമനാംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

## പരീക്ഷാഭവൻ സേവനങ്ങൾ

2981 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ നിന്നും വിവിധ സേവനങ്ങൾ ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) പരീക്ഷാഭവനിൽ ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിൽ നിന്നും മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

__ഗുരുവായൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ പുതിയ കെട്ടിട നിർമ്മാണം__

2982 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി ഏതൊക്കെ സ്കൂളുകളിൽ പുതിയ കെട്ടിട നിർമ്മാണം നടക്കുന്നുണ്ടെന്നും ആയതിന്റെ ഫണ്ട്, പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ സ്കൂളുകളിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ ആവശ്യത്തിന് ക്ലാസ്സ്മുറികൾ ഇല്ലാത്ത സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ?

__പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ നടപടി__

2983 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നൽകുമോ; വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്ക് അന്തർദേശീയ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൂന്നാം

ക്ലാസ്സ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ചരിത്ര വസ്തുതകളെ വളച്ചൊടിക്കാനും വക്രീകരിക്കാനും ശ്രമിക്കുന്നതായി പറയപ്പെടുന്ന നടപടികളെ നേരിടാൻ എന്തൊക്കെ നടപടികൾ പാഠ്യക്രമങ്ങളിൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം</u>**

2984 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ 5 വർഷം അനുവദിച്ച തുക എത്രയെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

**<u>സ്കൂൾ കായികമേള</u>**

2985 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അധ്യയന വർഷത്തെ സ്കൂൾ കായികമേളയുടെ നീന്തൽ മത്സരങ്ങൾ നടക്കുന്നതിനിടെ താത്കാലിക മേൽക്കൂരയുടെ ഷീറ്റുകൾ തകർന്നുവീണ് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പരിക്കേറ്റ സംഭവം ആരുടെ സുരക്ഷാവീഴ്ച മൂലമെന്നും പ്രധാനവേദികൾ നിർമ്മിക്കുമ്പോൾ പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർ ഫിറ്റ്നസ് പരിശോധിക്കുന്ന രീതി നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര വിദ്യാർഥികൾക്കാണ് പരിക്കേറ്റതെന്നും പ്രസ്തുത പരിപാടിയിൽ കാലാവസ്ഥ മുന്നറിയിപ്പ് പരിഗണനയ്ക്കെടുത്തിരുന്നോ എന്നതും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാന സ്കൂൾ കായികമേളയുടെ വേദികൾ എവിടെനിന്ന് എവിടേക്കാണ് മാറ്റിയതെന്നും കഴിഞ്ഞ വർഷം നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപനത്തിൽ 2026 -ലെ മേളയുടെ വേദി എവിടെ നിശ്ചയിച്ചാണ് പ്രഖ്യാപനം ഉണ്ടായതെന്നും വേദിമാറ്റാനിടയായ കാരണവും വ്യക്തമാക്കാമോ?

**വിദ്യാർത്ഥികളുടെ മാനസികാരോഗ്യം-കൗൺസിലിംഗ്-ലഹരി വിരുദ്ധ ബോധവൽക്കരണ പദ്ധതികൾ**

2986 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ മാനസികാരോഗ്യം, കൗൺസിലിംഗ്, ലഹരി വിരുദ്ധ ബോധവൽക്കരണം എന്നിവയ്ക്കായി സ്കൂൾ തലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**സ്കൂൾ ഓഫ് എക്സലൻസ് അവാർഡുകൾ**

2987 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ഓഫ് എക്സലൻസ് അവാർഡുകൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അവാർഡുകൾക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അക്കാദമിക മികവ്, വിദ്യാർത്ഥികളുടെ പഠനനിലവാരം, പഠനാനുബന്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അവാർഡ് നിർണയത്തിൽ പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഗ്രാമീണ മേഖലയിലെയും പിന്നാക്ക പ്രദേശങ്ങളിലെയും സർക്കാർ വിദ്യാലയങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അവാർഡുകൾ ലഭിക്കുന്ന വിദ്യാലയങ്ങളുടെ മികവുകൾ മറ്റ് പൊതുവിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സീ-മാറ്റ് നിയമനം**

2988 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീ-മാറ്റ്) എന്ന സ്ഥാപനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദിവസ വേതനാടിസ്ഥാനത്തിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അത്തരത്തിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലാണെന്ന് വിശദമാക്കാമോ;

(സി) നിയമിതരായവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ;

(ഡി) നിയമിക്കപ്പെട്ടവരിൽ ജോലിയിൽ പ്രവേശിച്ചവർ രാജിവച്ച് പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരും മേൽ വിലാസവും ലഭ്യമാക്കാമോ?

**സ്കൂളുകളിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും അനുവദിക്കൽ**

2989 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എസ്.ഡി.എഫ്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും അനുവദിയ്ക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടും ഉപകരണങ്ങൾ ലഭ്യമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെൽട്രോൺ ടെണ്ടർ എടുത്ത തുകയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്കൂളുകളിൽ ലഭ്യമാക്കാത്ത വിഷയത്തിൽ ആയത് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ക്വട്ടേഷൻ മുഖാന്തിരം ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുമോ; വിശദമാക്കുമോ?

**സ്കൂളുകളിലെ ഉച്ചഭക്ഷണം**

2990 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകളിൽ നൽകിയിരുന്ന ഉച്ചഭക്ഷണ മെനുവിൽ മാറ്റം വരുത്തിയിരുന്നോ;

(ബി) വിദ്യാർത്ഥികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുവാൻ മുൻ സർക്കാർ വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരം മെനുവിൽ ഉൾപ്പെടുത്തിയിരുന്ന എഗ് ഫ്രൈഡ്റൈസ്, വെജിറ്റബിൾ ബിരിയാണി, ലമൺ റൈസ് തുടങ്ങിയ വിഭവങ്ങൾ നിലവിലെ മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട് 2026 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിലും സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ വർധനവ് വരുത്തിയിട്ടില്ലാത്തതിനാൽ വിദ്യാലയങ്ങളിലെ ഉച്ച ഭക്ഷണവിതരണത്തിന് അധികാരികൾ ബുദ്ധിമുട്ടുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരനടപടികൾ സ്വീകരിക്കുമോ?

<u>**പാലത്തുവയൽ ഗവ. യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി**</u>

2991 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ വനമേഖലയിൽ സ്ഥിതി ചെയ്യുന്ന പാലത്തുവയൽ ഗവ. യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**പി. എം. ശ്രീ. പദ്ധതി**</u>

2992 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിക്കുന്നതിന് രൂപം നൽകിയ മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് വൈകുന്നത് എന്തുകൊണ്ടാണ്; പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കണമോ വേണ്ടയോ എന്നതിൽ സർക്കാരിന് വ്യക്തതയുണ്ടോ;

(സി) പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകൾ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള യാതൊരു നടപടികളും കേരളം ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നും, സംസ്ഥാനങ്ങൾക്ക് പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണെന്നും കേന്ദ്രസർക്കാർ പാർലമെന്റിൽ കേരളത്തിൽ നിന്നുമുള്ള എം.പി. മാരുടെ ചോദ്യത്തിന് മറുപടി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മറുപടി ശേഖരിച്ച് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് തടഞ്ഞുവെക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സ്കൂളുകളുടെ അക്കാദമിക മികവ് ഉറപ്പാക്കൽ</u>

2993 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ ഓരോ ക്ലാസിലെയും കുട്ടികൾ ആർജിക്കേണ്ട അക്കാദമിക മികവും നൈപുണികളും കൃത്യമായി നിർവചിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനും പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി ആവശ്യമായ പിന്തുണ

നൽകുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ; വിശദമാക്കുമോ;

(സി) സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത്; അധ്യാപകരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനബോധന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുന്നതിനും ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ മേഖലയിൽ ഫയൽ അദാലത്ത്

2994 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ മേഖലയിൽ ദീർഘകാലമായി പരിഗണിക്കപ്പെടാതെ നിലനിൽക്കുന്ന നിയമനാംഗീകാര, സേവന-വേതന വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) നിയമനാംഗീകാരം, സേവന-വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ, സംസ്ഥാന തലത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; അദാലത്തുകളിൽ ഫയൽ തീർപ്പു കൽപ്പിക്കുന്നതിനു പകരം യാന്ത്രികമായി മടക്കുന്ന സാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതൊഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദേശം നൽകുമോ;

(സി) നിയമനാംഗീകാര, സേവന-വേതന പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ഒരു പൊതുമാർഗ്ഗ നിർദ്ദേശം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## ആറന്മുള നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

2995 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

<u>വിദ്യാഭ്യാസ മേഖലയിലെ സാങ്കേതികവിദ്യാധിഷ്ഠിത പഠന പദ്ധതികൾ</u>

2996 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളിൽ സാങ്കേതിക വിദ്യാധിഷ്ഠിത പഠനം ലക്ഷ്യമാക്കി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക</u>

2997 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുകയിൽ The Right of Children to Free and Compulsory Education Act, 2009 പ്രകാരമുള്ള ഇനങ്ങളിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ;

(സി) സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പുസാമ്പത്തികവർഷം ഉൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കേരളത്തിന് ഏതെങ്കിലും കാരണത്താൽ തുക അനുവദിക്കാനാകില്ലെന്ന് രേഖാമൂലമോ അല്ലാതെയോ കേന്ദ്ര സർക്കാരോ ബന്ധപ്പെട്ട ഏജൻസികളോ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും കേരളത്തിന്

അനുവദിച്ചതോ ലഭിച്ചതോ ആയ തുകയിൽ കേന്ദ്ര വിഹിതം/സംസ്ഥാന വിഹിതം എന്നിവ എത്രവീതമായിരുന്നു?

**<u>ഡിജിറ്റൽ സ്ക്വയർ പദ്ധതി</u>**

2998 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി. പഠനം കഴിയുമ്പോഴേക്കും വിദ്യാർത്ഥികളെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരരാക്കുന്നതിന് ഡിജിറ്റൽസ്ക്വയർ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഡിജിറ്റൽ സ്ക്വയർ പദ്ധതി ഘട്ടം ഘട്ടമായി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാലയങ്ങളിലെ കളിപ്പെട്ടി, ഇ@വിദ്യ എന്നീ പരിപാടികൾ ഇതുമായി സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>ഡിജിറ്റൽ സ്ക്വയർ പദ്ധതി</u>**

2999 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് ഡിജിറ്റൽ സ്ക്വയർ എന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഡിജിറ്റൽ സ്ക്വയർ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകൾക്ക് സർക്കാരിൽ നിന്നും ഏതൊക്കെ തരത്തിലുള്ള സഹായമാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി പ്രൈമറി ക്ലാസുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

3000 **ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. എ. പ്രഭാകരൻ**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ ഗവേഷണാത്മക-തൊഴിൽ പഠനത്തിന് പ്രാധാന്യം നൽകി സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർണ്ണമായും സ്തംഭിച്ചു എന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി (കുസാറ്റ്) ചേർന്ന് വിഭാവനം ചെയ്ത സ്റ്റീം ഇക്കോ സിസ്റ്റം, ഇന്റഗ്രേറ്റഡ് ലാബ്, ക്രിയേറ്റീവ് കോർണർ തുടങ്ങിയ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 17 കോടിയോളം രൂപ ചിലവഴിച്ച് സംസ്ഥാനത്തെ 86 സ്റ്റീം ഹബ്ബുകളിലും 686 സ്കൂളുകളിലുമായി സജ്ജീകരിച്ചിരുന്ന ലാബുകളിലെ വിലപിടിപ്പുള്ള ഉപകരണങ്ങൾ ഉപയോഗശൂന്യമായി നശിക്കുകയാണെന്ന മാധ്യമ വാർത്തകൾ പരിഗണിച്ച് സർക്കാർ എന്ത് അടിയന്തര നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിൽ പരിശീലനത്തിനും കലാനൈപുണ്യത്തിനുമായി 14 ജില്ലകളിലായി ഒരു സ്കൂളിന് 5.5 ലക്ഷം രൂപ ചിലവിട്ട് 600 സ്കൂളുകളിൽ സ്ഥാപിച്ച ക്രിയേറ്റീവ് കോർണറുകളുടെ നിലവിലെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കുട്ടികൾക്ക് സാങ്കേതിക-ഗവേഷണ മേഖലകളിൽ വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിരുന്ന പദ്ധതികൾ നിർജീവമാകുന്നത് പൊതുവിദ്യാഭ്യാസ മേഖലയുടെ പദ്ധതികളുടെ തകർച്ചയ്ക്ക്

കാരണമാകുമെന്നതിനാൽ പ്രസ്തുത പദ്ധതികൾ അടിയന്തരമായി പുനരുജ്ജീവിപ്പിച്ച് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**പുസ്തകവായനയ്ക്ക് ഗ്രേസ് മാർക്ക്**

3001 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ വായനാശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പുസ്തകവായനയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നതുൾപ്പടെയുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**സ്കൂൾ വിക്കിത്തോൺ പദ്ധതി**

3002 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ സമഗ്ര വിവരങ്ങൾ പൊതുസഞ്ചയത്തിൽ ലഭ്യമാക്കുന്നതിനായി സ്കൂൾ വിക്കിത്തോൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എത്ര പൊതുവിദ്യാലയങ്ങളുടെ വിവരങ്ങളാണ് ഇതുവരെ ഡിജിറ്റൽ രൂപത്തിൽ ശേഖരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; വിശദാംശം നൽകാമോ;

(സി) വിദ്യാലയങ്ങളുടെ ചരിത്രം, ഭൗതിക സൗകര്യങ്ങൾ, അക്കാദമിക് നേട്ടങ്ങൾ, കലാ-കായിക പ്രവർത്തനങ്ങൾ തുടങ്ങിയ വിവരങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവരങ്ങൾ ശേഖരിക്കുന്നതിനും പുതുക്കുന്നതിനും അധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ., പൂർവവിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എല്ലാ പൊതുവിദ്യാലയങ്ങളുടെയും വിവരങ്ങൾ കൃത്യമായും കാലികമായും പൊതുസഞ്ചയത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>വർക്കല മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണവും ഭൗതിക സൗകര്യ വികസനവും</u>

3003 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരുകളുടെ കാലയളവിൽ വർക്കല നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകൾ എത്രയെന്നും സ്കൂളുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

3004 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ സർക്കാർ വിഹിതം കുടിശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തെ ഉച്ചഭക്ഷണ മെനുവിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കുട്ടികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ള മെനു നടപ്പാക്കാൻ നടപടി

സ്വീകരിക്കുമോ;

(ഡി) പദ്ധതിയുടെ ഫണ്ട് വിതരണം ബാങ്ക് വഴിയായിരുന്നത് ട്രഷറി മുഖേനയാക്കിയിട്ടുണ്ടോ; ഇതുമൂലം തുക മാറുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>അക്വാഫിറ്റ് പദ്ധതി</u>

3005 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള അക്വാഫിറ്റ് പദ്ധതിയുടെ ലക്ഷ്യങ്ങളും നടത്തിപ്പുരീതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്കൂളുകളെയും നീന്തൽ പരിശീലന കേന്ദ്രങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി യോഗ്യതയുള്ള പരിശീലകരെ നിയോഗിക്കുന്നതിനും സുരക്ഷാ ഉപകരണങ്ങൾ, നീന്തൽക്കുളങ്ങൾ, അനുയോജ്യമായ ജലാശയങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നീന്തൽ പരിശീലനത്തിനിടെ അപകടങ്ങൾ ഒഴിവാക്കുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും രക്ഷാപ്രവർത്തന സംവിധാനങ്ങൾ, അടിയന്തര വൈദ്യസഹായം എന്നിവ ഏർപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) അക്വാഫിറ്റ് പദ്ധതി കൂടുതൽ സ്കൂൾ കുട്ടികളിലേക്ക് വ്യാപിപ്പിച്ച് നീന്തൽ നൈപുണ്യം വളർത്തുന്നതിനും മുങ്ങിമരണങ്ങൾ തടയുന്നതിനുമായി സമഗ്ര പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എസ്.എസ്.കെ. പദ്ധതിയുടെ കേന്ദ്രവിഹിതം

3006 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)പദ്ധതിയുടെ ഭാഗമായി കേരളത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വിശദമാക്കുമോ; പി.എം. ശ്രീ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ പേരിൽ കേരളത്തിന് അർഹമായ എസ്.എസ്.കെ. കേന്ദ്രവിഹിതം തടഞ്ഞുവയ്ക്കുന്നത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ ഫെഡറൽ തത്വങ്ങൾക്കും വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ഉറപ്പാക്കുന്ന നിയമവ്യവസ്ഥകൾക്കും വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രവിഹിതം ലഭിക്കുന്നതിലെ കാലതാമസം പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ വേതനം, വിദ്യാർഥികൾക്കുള്ള സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോമുകൾ, പഠനപിന്തുണാ പ്രവർത്തനങ്ങൾ, ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സഹായങ്ങൾ എന്നിവയെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ ഫണ്ട് തടഞ്ഞുവയ്ക്കൽ ഒഴിവാക്കി കുടിശ്ശിക മുഴുവൻ അടിയന്തരമായി ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസ പദ്ധതികൾ തടസ്സമില്ലാതെ നടപ്പാക്കുന്നതിനും സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## കേരളത്തിലെ സാമൂഹിക ദാർശനിക ചിന്തകരുടെ സംഭാവനകൾ സിലബസിൽ ഉൾപ്പെടുത്താൻ നടപടി

3007 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമൂഹിക ദാർശനിക ചിന്തകൾക്ക് വളരെയധികം പ്രേരണ നൽകിയിട്ടുള്ള ആദിശങ്കരാചാര്യർ, ശ്രീനാരായണ ഗുരുദേവൻ, ശ്രീചട്ടമ്പിസ്വാമികൾ, മഹാത്മ അയ്യങ്കാളി, ശ്രീവൈകുണ്ഠസ്വാമികൾ എന്നിവരുടെ ജീവചരിത്രവും കൃതികളും അവർ സമൂഹത്തിന് നൽകിയ സംഭാവനയും സംബന്ധിച്ച പാഠഭാഗങ്ങൾ കേരള സംസ്ഥാന സിലബസിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പാഠഭാഗങ്ങൾ നിലവിൽ കേരളസിലബസിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ക്ലാസുകളിലെ പാഠഭാഗങ്ങളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീനാരായണഗുരു രചിച്ച ദൈവദശകം കേരള സിലബസിലെ ഏതെങ്കിലും പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ഗണിത-ഭാഷാ ശേഷികൾ മെച്ചപ്പെടുത്താൻ നടപടി</u>**

3008 **ശ്രീമതി ഫാത്തിമ തഹിലിയ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഗണിതശേഷിയിലും മലയാളം, ഇംഗ്ലീഷ് ഭാഷാ വിജ്ഞാനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭാഷാ ഗണിതശേഷികൾ മെച്ചപ്പെടുത്താത്ത കുട്ടികൾക്ക് ഏഴാം ക്ലാസിൽ നിന്നും പ്രൊമോഷൻ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പാഠ്യപദ്ധതിയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് കുട്ടികളുടെ പഠന പിന്നാക്ക അവസ്ഥ മനസ്സിലാക്കാനും ഫലപ്രദമായ ബോധനരീതി നടപ്പിലാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജ്ജിൽ നിന്ന് ഒഴിവാക്കാനും ഡിവിഷൻ ഫാൾ മൂലം അധികമാവുന്ന അധ്യാപകരെ പുനർവിന്യസിക്കാനും നടപടി**

3009 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 60-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള എല്ലാ സർക്കാർ എൽ.പി. സ്കൂളുകളിലും ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജ്ജിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇംപ്ലിമെന്റ് ചാർജ്ജുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരെ സഹായിക്കുന്നതിനായി ഓരോ സ്കൂളിലും എൽ.പി.എസ്.റ്റി. തസ്തിക അനുവദിച്ച് നിയമനം നടത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനം ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ബി.ആർ.സി., എസ്.എസ്.കെ. എന്നിവിടങ്ങളിലെ താൽക്കാലിക നിയമനങ്ങൾ ഒഴിവാക്കി ഡിവിഷൻ ഫാൾ മൂലം അധികമാകുന്ന അധ്യാപകരെ വിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) 2027, 2028 അധ്യയന വർഷങ്ങളിൽ വിരമിക്കുന്ന സർക്കാർ ഗവൺമെന്റ് എൽ.പി. സ്കൂൾ അധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) സർക്കാർ എൽ.പി. സ്കൂളുകളിൽ എയ്ഡഡ് അധ്യാപകരെ പുനർവിന്യസിച്ചത് മൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ എത്ര എയ്ഡഡ് അധ്യാപകരെയാണ് എൽ.പി. സ്കൂളുകളിൽ പുനർവിന്യസിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**യു.പി. സ്കൂളുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ**

3010 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് യു.പി. സ്കൂളുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ച് കണക്ക് ലഭ്യമാണോ;

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ മാനദണ്ഡങ്ങൾ പ്രകാരം തസ്തികകളുടെ കുറവ് നേരിടുന്ന സ്കൂളുകൾ എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; വിരമിക്കൽ, സ്ഥാനക്കയറ്റം തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഇല്ലാത്തതോ ആവശ്യത്തിന് തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതോ ആയ സ്കൂളുകളിൽ നിലവിലുള്ള ജോലിഭാരം പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി</u>**

3011 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പ്രൈമറി സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്; പട്ടിക ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഹൈസ്കൂളുകളോ ഹയർ സെക്കണ്ടറി സ്കൂളുകളോ നിലവിൽ ഇല്ലാത്ത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>തെന്നടി ഗവ. എൽ.പി.എസ്. നിർമ്മാണപ്രവൃത്തികളുടെ കുടിശ്ശിക തീർപ്പാക്കൽ</u>**

3012 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് തെന്നടി ഗവ. എൽ.പി.എസ്.-ൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക കരാറുകാരന് ലഭ്യമായിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തുകയാണ് കരാറുകാരന് ഇനി ലഭിക്കാനുള്ളതെന്നും പ്രസ്തുത തുക ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും തുക എന്നത്തേക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാർ തുക ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളതെന്നും പ്രസ്തുത ഫയൽ നമ്പർ എത്രയാണെന്നും കരാറുകാരന് ലഭിക്കാനുള്ള ബാക്കി തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## <u>ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ സീറ്റ് ക്ഷാമം</u>

3013 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ സീറ്റ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>സർവീസ് സീനിയോറിറ്റി ഉള്ള ജൂനിയർ അധ്യാപകരുടെ പ്രൊമോഷനും സ്ഥലം മാറ്റവും</u>

3014 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ടണി, സുവോളജി പോലുള്ള ശാസ്ത്രവിഷയങ്ങളിലും ഭാഷാ വിഷയങ്ങളിലും സീനിയർ തസ്തികകൾ കുറവായതിനാൽ വർഷങ്ങളായി സർവീസ് സീനിയോറിറ്റി ഉള്ള ജൂനിയർ അധ്യാപകർക്ക് പ്രിൻസിപ്പൽ പ്രൊമോഷനും മാതൃജില്ലകളിലേയ്ക്ക് സ്ഥലംമാറ്റവും ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 5 വർഷം സേവനം പൂർത്തിയാക്കുന്ന എച്ച്.എസ്.എസ്.ടി. ജൂനിയർ, നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ജനറൽ ഫൗണ്ടേഷൻ കോഴ്സ് (NVTGFC) അധ്യാപകർക്ക് പ്രൊമേഷനും സ്ഥലം മാറ്റത്തിനും പരിഗണിക്കുന്നതിനായി സീനിയർ തസ്തികയുടെ സ്റ്റാറ്റസ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ അധ്യാപകർക്ക് ബി.എഡ്. യോഗ്യത</u>

3015 **ശ്രീ. അപ്പു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ അധ്യാപക നിയമനത്തിന് കമ്പ്യൂട്ടർ വിഷയത്തിൽ ബി.എഡ്. അവശ്യ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കമ്പ്യൂട്ടർ വിഷയത്തിൽ ബി.എഡ്. കോഴ്സ് ഇല്ലെന്ന വിവരം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ അധ്യാപകർക്ക് പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രമോഷന് ബി.എഡ്. (കമ്പ്യൂട്ടർ) യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ അധ്യാപക നിയമനത്തിന് ബി.എഡ്. (കമ്പ്യൂട്ടർ) അവശ്യ യോഗ്യതയല്ലാത്തതും സംസ്ഥാനത്ത് ബി.എഡ്. (കമ്പ്യൂട്ടർ) കോഴ്സ് പഠിക്കാൻ സാഹചര്യമില്ലാത്തതും പരിഗണിച്ച് ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ അധ്യാപകർക്ക് പ്രിൻസിപ്പൽ നിയമനത്തിനായി ബി.എഡ്.(കമ്പ്യൂട്ടർ) യോഗ്യത നിർബന്ധമാക്കിയിട്ടുള്ളത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മലബാർ പ്രദേശത്തെ പ്ലസ് വൺ സീറ്റുകൾ**

3016 **ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തു നിന്നും എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ കോഴ്സുകൾക്ക ചേരുന്നതിനാവശ്യമായ സീറ്റുകൾ ലഭ്യമാണോ എന്ന പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും ഭാഗങ്ങളിൽ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മലബാർ പ്രദേശത്ത് നിന്നും എസ്.എസ്.എൽ.സി പാസ്സാകുന്നവർക്കെല്ലാം അവരവർ പഠിച്ച മേഖലയിൽ തന്നെ പ്ലസ് വൺ കോഴ്സിന് ചേരുന്നതിനാവശ്യമായ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുവാൻ നടപടി**

3017 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹയർ സെക്കണ്ടറി കോഴ്സ് ഇല്ലാത്ത സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി അഡ്മിഷന് സീറ്റ് തികയാതെ വരുമ്പോൾ അഡീഷണൽ സീറ്റും അഡീഷണൽ ബാച്ചും അനുവദിക്കുന്നതിന് പകരം ഹയർ സെക്കണ്ടറി കോഴ്സില്ലാത്ത ഹൈസ്കൂളുകളിൽ ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**സർക്കാർ സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ**

3018 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർ എൽ പി & യു പി സ്കൂൾ വിഭാഗങ്ങളിൽ എത്ര അധ്യാപക ഒഴിവുകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ്</u>**

3019 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് എത്തിക്കാനായി പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതികളുണ്ടോ; വിശദമാക്കാമോ?

**<u>സർക്കാർ അധ്യാപകരുടെ എ ഐ ഡിജിറ്റൽ ടെക്നോളജി പരിശീലനം</u>**

3020 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധ്യാപകരുടെ എ ഐ ഡിജിറ്റൽ ടെക്നോളജി പരിശീലനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിലെ ഒഴിവുകൾ</u>**

3021 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2027, 2028, 2029 വർഷങ്ങളിൽ എത്ര ഹൈസ്കൂൾ ഹിന്ദി അധ്യാപകർ വിരമിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) 2026-27 അധ്യയന വർഷത്തിലെ അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിൽ എത്ര പുതിയ തസ്തികകൾ നിലവിൽ വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) എന്നുവരെ നിലവിൽ വന്ന തസ്തികകളാണ് (ഹിന്ദി HSA) പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>സബ്ജില്ലാതല-ജില്ലാതല സ്കൂൾ കലോത്സവം, ശാസ്ത്രോത്സവം വിധികർത്താക്കൾ</u>**

3022 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം തുടങ്ങിയവയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വിധികർത്താക്കളെ നിർണയിക്കുന്നതിൽ സ്വീകരിക്കേണ്ട മാനദണ്ഡവും നടപടിക്രമവും എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും ശാസ്ത്രമേള, സാമൂഹികശാസ്ത്രമേള, ഗണിതശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.ടി മേള തുടങ്ങിയവയുടെ വിധികർത്താക്കൾക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത പ്രത്യേകം വ്യക്തമാക്കാമോ;

(സി) സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം തുടങ്ങിയവയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വിധികർത്താക്കളെ നിർണയിക്കുന്നതിലും നിയമിക്കുന്നതിലും വിധികർത്താക്കളുടെ അയോഗ്യത, വിധി നിർണയത്തിലെ അപാകതകൾ തുടങ്ങിയവയിലും ഉത്തരവാദിത്തം ആർക്കാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം തുടങ്ങിയവയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വിധി നിർണയത്തിലെ

അഴിമതി ഒഴിവാക്കുന്നതിനും രഹസ്യ സ്വഭാവം നിലനിർത്തുന്നതിനും നിഷ്പക്ഷവും നീതിപൂർവ്വകവും ആയ മത്സര വിലയിരുത്തലിനും വേണ്ടി വിധികർത്താക്കളുടെ പാനൽ തയ്യാറാക്കുന്നതിനും അവരെ നിയമിക്കുന്നതിനും ഉള്ള ഉത്തരവാദിത്തം വിദ്യാഭ്യാസ ഓഫീസർമാർക്ക് മാത്രം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാന സ്കൂൾ ഗെയിംസ്</u>

3023 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. കാരായി രാജൻ**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ സംസ്ഥാന സ്കൂൾ ഗെയിംസിന്റെ സംഘാടനത്തിൽ വലിയ പാളിച്ചകൾ ഉണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗെയിംസിൽ പങ്കെടുക്കാൻ എത്തിയവർക്ക് ഭക്ഷണവും വെള്ളവും താമസ-വാഹന സൗകര്യവും മറ്റും ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതായ പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നീന്തൽ, വാട്ടർപോളോ മത്സരങ്ങൾ നടന്ന തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സിലെ ഗ്യാലറിയിലെ ഷീറ്റുകൾ ഇളകി വീണ് എത്ര പേർക്കാണ് പരിക്കേറ്റതെന്നും മത്സര വേദിയിൽ വേണ്ടത്ര സുരക്ഷ ഒരുക്കുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

## <u>സ്കൂൾ കായികമേള സംഘാടനവും സുരക്ഷാ നടപടികളും</u>

3024 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും വലിയ കായിക മേളയായി ഒളിമ്പിക്സ് മാതൃകയിൽ സ്കൂൾ കായിക മേള (സ്കൂൾ ഒളിമ്പിക്സ്) നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷത്തെ സ്കൂൾ കായികമേളയുടെ ഭാഗമായി നടന്ന നീന്തൽ മത്സരവേദിയിലെ പന്തൽ തകർന്നുവീണ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) സ്കൂൾ കായിക മേളകൾ വീഴ്ച കൂടാതെ സംഘടിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>സ്കൂൾ കായികമേള കുറ്റമറ്റതാക്കാൻ നടപടി</u>

3025 **ശ്രീ. വർഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികമേളയുടെ വിവിധ തലങ്ങളിലെ നടത്തിപ്പ് കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം കുട്ടികളെ പ്രായം കുറച്ചു കാട്ടി കായികമേളയിൽ പങ്കെടുപ്പിക്കുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ വർഷം സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി ആധാർ വാലിഡേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) വ്യാജ ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആധാർ നേടിയവരെ ഈ വിധം കണ്ടെത്താനാവില്ലെന്നിരിക്കെ ഇത്തരം പരാതികളിൽ വൈദ്യ പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രായത്തട്ടിപ്പിന് സഹായമേകുന്ന സ്കൂൾ അധികൃതർക്കും കായികാധ്യാപകർക്കുമെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>സംസ്ഥാന സ്കൂൾ ഒളിംപിക്സ്</u>

3026 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച രീതിയിൽ സംഘടിപ്പിച്ചു വന്നിരുന്ന സംസ്ഥാന സ്കൂൾ ഒളിംപിക്സിന്റെ സംഘടന രീതി ഈ വർഷം പൂർണ്ണമായും മാറ്റിയിരുന്നോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ നടത്തിയ ഇനങ്ങൾ സംഘടിപ്പിക്കുന്നതിൽ ഗുരുതരമായ സംഘടനാ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ഇനങ്ങളിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥിനികൾക്ക് മുൻ വർഷങ്ങളിൽ സ്കൂൾ ഒളിംപ്ക്സിൽ ഒരുക്കുന്നതിന് സമാനമായി ഭക്ഷണവും താമസവും ഒരുക്കിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സര വേദിയിൽ അപകടം സംഭവിച്ചത് ഉൾപ്പെടെ ഗുരുതരമായ സംഘാടന പിഴവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>സർക്കാർ സ്കൂളുകളിൽ എ.ഐ റോബോട്ടിക്സ് കോഡിംഗ് പഠനം</u>

3027 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എ.ഐ, റോബോട്ടിക്സ്, കോഡിംഗ് എന്നിവയുടെ പഠനം വ്യാപിപ്പിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>വി.എച്ച്.എം.എച്ച്. എസ്.എസ്. മൊറയൂർ-ലെ മാനേജർ സമർപ്പിച്ച നിവേദനം</u>

3028 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മൊറയൂർ വി.എച്ച്.എം.എച്ച്.എസ്.എസ്.ലെ പ്രധാന അധ്യാപകനെ തൽസ്ഥാനത്ത് നിന്നും മാറ്റി പകരം മറ്റൊരു പ്രധാന അധ്യാപകനെ നിയമിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് സ്കൂൾ മാനേജർ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഫയൽ നം. കെ3/96/2026 തീയതി 01.09.2026 പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അടിയന്തരമായി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിർദ്ദേശം പാലിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ സമയബന്ധിതമായി നിവേദനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>നിലമ്പൂർ ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്. കൊമേഴ്സ് വിഭാഗത്തിനായി പുതിയ രണ്ട് കോഴ്സുകൾ</u>**

3029 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വി.എച്ച്.എസ്.ഇ. കൊമേഴ്സ് വിഭാഗത്തിലേക്ക് പുതിയ രണ്ട് കോഴ്സുകൾ അനുവദിക്കുകയോ മറ്റേതെങ്കിലും സ്കൂളുകളിൽ വിദ്യാർത്ഥികളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന കൊമേഴ്സ് വിഭാഗത്തിലെ കോഴ്സുകൾ ഈ സ്കൂളിലേക്ക് മാറ്റി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പോത്തുകൽ പഞ്ചായത്തിലെ മുണ്ടേരി ഗവൺമെന്റ് ഹൈസ്കൂളിന് ഹയർസെക്കൻഡറി അനുവദിക്കൽ</u>**

3030 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ആദിവാസി, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രധാന ആശ്രയമായ മുണ്ടേരി ഗവൺമെന്റ് ഹൈസ്കൂളിൽ ഹ്യൂമാനിറ്റീസ്,

കൊമേഴ്സ് ബാച്ചുകൾ ഉൾപ്പെടെയുള്ള ഹയർ സെക്കൻഡറി വിഭാഗം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**അഞ്ചൽ ഈസ്റ്റ് ജി.എച്ച്.എസ്.എസ്.-ന് ബസ് അനുവദിക്കൽ**

3031 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ 2024-25 വർഷത്തെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് അഞ്ചൽ ഈസ്റ്റ് ജി.എച്ച്.എസ്.എസ്.-ന് ബസ് വാങ്ങി നൽകുന്നതിനായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന് അടിയന്തരമായി ബസ് വാങ്ങിനൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും ബസ് എന്ന് വാങ്ങി നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

**സ്കൂൾ കെട്ടിടത്തിനുവേണ്ടി ഭൂമി കൈമാറ്റം**

3032 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പുതിയ സ്കൂൾ കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടാൽ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കൂടുതൽ അളവിലും മൂല്യത്തിലുമുള്ള സമാന കാറ്റഗറിയിൽ ഉൾപ്പെട്ട സൗകര്യപ്രദമായ ഭൂമി പരസ്പര കൈമാറ്റത്തിലൂടെ നൽകുവാൻ സന്നദ്ധത അറിയിച്ചാൽ, സർക്കാർ ഭൂമി വിട്ടൊഴിഞ്ഞ് പകരം ഭൂമി സ്വീകരിക്കുവാൻ നിലവിൽ ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിൽ അരീക്കര ഈസ്റ്റ് ജി.എൽ.പി.എസ്. സ്കൂളിന്റെ നിലവിലെ കെട്ടിടം വർഷങ്ങൾക്ക് മുമ്പ് നിലം പതിച്ചതിനാൽ വർഷങ്ങളായി സ്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും സ്ഥല പരിമിതി ഉള്ളതിനാൽ സർക്കാർ

അനുവദിച്ച 1 കോടി രൂപയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ കോമ്പൗണ്ടിനോട് ചേർന്നു കിടക്കുന്ന അരീക്കര പറയരുകാല ദേവസ്വം വക 30 സെന്റ് ഭൂമി സ്കൂളിന് വിട്ടു നൽകാമെന്നും അതിനു പകരം സ്കൂൾ വക 15 സെന്റ് ഭൂമി ദേവസ്വത്തിന് നൽകണമെന്ന വ്യവസ്ഥയോടെ ഫയൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ സ്കൂൾ പ്രവർത്തനം നിലച്ചു പോകുന്ന സാഹചര്യം പരിഗണിച്ച് ടി വിഷയത്തിൽ പ്രത്യേക അനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ?

## സർവ്വീസ് ആനുകൂല്യങ്ങൾ നല്കാൻ നടപടി

3033 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ അടൂർ എ.ഇ.ഒ. യുടെ കീഴിൽ വരുന്ന, പുനലൂർ കത്തോലിക്ക കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള എൻ ഡി എം യു പി എസിലെ എൽ ജി ഹിന്ദി പാർട്ട് ടൈം ടീച്ചർ ശ്രീമതി രാജി രാജുവിന്റെ വാർഷിക ഇംക്രിമെന്റ്, പ്രൊബേഷൻ ഡിക്ലറേഷൻ, സർവ്വീസ് റഗുലറൈസേഷൻ, അഞ്ച് വർഷം തികയുമ്പോൾ ലഭിക്കേണ്ട ഫുൾ ടൈം ബെനഫിറ്റ് എന്നിവ നല്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ കടുത്ത നീതി നിഷേധം ഉണ്ടാകുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കോർപ്പറേറ്റ് മാനേജ്മെന്റ് അടൂർ എ ഇ ഒ യ്ക്ക് നല്കിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരം

3034 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകളിൽ നിയമാനുസൃതമായി നിയമനം ലഭിച്ച എത്ര അധ്യാപകർക്ക് ഇതുവരെ നിയമന അംഗീകാരം ലഭിച്ചിട്ടില്ലെന്ന് വിദ്യാഭ്യാസ ഉപജില്ല/റവന്യൂ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) യോഗ്യതയും തസ്തിക നിർണ്ണയവും പൂർത്തിയായിട്ടും പ്രസ്തുത അധ്യാപകരുടെ നിയമന അംഗീകാരം വൈകുന്നതിനുള്ള സാങ്കേതികവും ഭരണപരവുമായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തോളമായി യാതൊരുവിധ വേതനവുമോ സാമ്പത്തിക ആനുകൂല്യങ്ങളോ ലഭിക്കാതെ ജോലി ചെയ്യുന്ന ടി അധ്യാപകരുടെ ശമ്പള കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് വേതനം ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പണലഭ്യതയോ അനുമതിയോ തടസ്സമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എയ്ഡഡ് അധ്യാപകരുടെ കടുത്ത സാമ്പത്തിക-മാനസിക പ്രതിസന്ധി പരിഹരിക്കുന്നതിനായി അടിയന്തരമായി പൊതുവിദ്യാഭ്യാസ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവരടങ്ങുന്ന ഒരു ഉന്നതതല യോഗം വിളിച്ച് ചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി</u>

3035 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്നും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകുന്ന വ്യക്തവും ചട്ടപ്രകാരവുമുള്ള ഉത്തരവുകൾ നടപ്പിലാക്കാതെ വീണ്ടും സ്പഷ്ടീകരണം ആവശ്യപ്പെട്ടു എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഇ., ആർ.ഡി.ഡി. തലങ്ങളിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പ് തല നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിലെ കുരിക്കുഴി എ.എം.യു.പി.എസ്. ലെ എൽ. പി. എസ്. ടി.ആയ ജിനി പോളിനെ എച്ച്.ടി.വി. തസ്തികയിൽ നിന്നും മാറ്റി

എൽ.പി.എസ്.ടി. തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ കൂടി നിയമനം നൽകി ശമ്പളവും മറ്റു അനുകൂല്യങ്ങളും നൽകണമെന്ന് പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 11.10.2026 തീയതിയിലെ no.15766/E3/DGE നമ്പർ ഉത്തരവ് വലപ്പാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടും നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവും അധ്യാപക നിയമന അംഗീകാരവും</u>**

3036 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ ബാക്ക് ലോഗ് തസ്തികകൾ നികത്തുന്നത് സംബന്ധിച്ച അവ്യക്തതകൾ കാരണം സംസ്ഥാനത്തെ നിരവധി എയ്ഡഡ് വിദ്യാലയങ്ങളിൽ അധ്യാപകരുടെ നിയമന അംഗീകാരം തടഞ്ഞുവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷി സംവരണം പൂർണ്ണമായും നടപ്പിലാക്കാൻ മാനേജ്മെന്റുകൾ തയ്യാറായിട്ടും സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് മറ്റ് റെഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട അധ്യാപകരുടെ അപ്രൂവൽ തടഞ്ഞുവയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(സി) ഭിന്നശേഷി വിഭാഗക്കാർക്കുള്ള അർഹമായ സംവരണം പൂർണ്ണമായി സംരക്ഷിക്കുന്നതോടൊപ്പം തന്നെ വർഷങ്ങളായി വേതനമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ നിയമന അംഗീകാരം തടസ്സമില്ലാതെ ലഭ്യമാക്കാൻ സർക്കാരിന് എന്തെങ്കിലും പ്രത്യേക നയപരമായ തീരുമാനമോ നിർദ്ദേശമോ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സ്കൂളുകളിൽ ഭിന്നശേഷി സംവരണ തസ്തികകൾ നികത്തുന്നതിന് മാനേജ്മെന്റുകൾക്ക് കൃത്യമായ സമയപരിധി നിശ്ചയിച്ച് നൽകി നിലവിൽ സേവനമനുഷ്ഠിക്കുന്ന മറ്റ് അധ്യാപകരുടെ അപ്രൂവൽ അടിയന്തരമായി നൽകുന്ന തരത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ?

**<u>ഡയറ്റിൽ ജോലി ചെയ്യുന്ന അക്കാദമിക് ഫക്കൽറ്റികളുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ശമ്പളവിതരണം</u>**

3037 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (DIET) ജോലി ചെയ്യുന്ന അക്കാദമിക് ഫക്കൽറ്റികളുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശമ്പളം മുടങ്ങാനുള്ള കാരണവും ശമ്പളം മുടക്കമില്ലാതെ നല്കുന്നതിന് സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ?

**<u>ഡയറ്റുകളിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള വിതരണം</u>**

3038 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (DIET) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരായ അക്കാദമിക ഫാക്കൽറ്റികൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും കഴിഞ്ഞ മൂന്ന് മാസമായി ശമ്പളം ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ശമ്പളം ഇടയ്ക്കിടെ മുടങ്ങുന്ന സ്ഥിതിയുണ്ടാകുന്നത് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നതിലെ കാലതാമസം മൂലമാണോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള മൂന്ന് മാസത്തെ ശമ്പള കുടിശ്ശിക ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് നിർണായക പങ്ക് വഹിക്കുന്ന ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് തടസ്സമില്ലാതെ കൃത്യസമയത്ത് ശമ്പളം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ ശമ്പള ആനുകൂല്യം</u>

3039 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകളിലും ന്യൂ സ്കൂളുമായി ബന്ധപ്പെട്ടും മറ്റും ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് 06.02.2021-ലെ സ.ഉ.(അച്ചടി)4/2021/ പൊ.വി.വ. പ്രകാരം നിയമന അംഗീകാരം നൽകി മറ്റെല്ലാ സർവീസ് ആനുകൂല്യങ്ങളും അനുവദിച്ചെങ്കിലും ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകാനുണ്ടോ;

(ബി) ഇപ്രകാരം കേരളത്തിൽ നോഷണലായി നിയമന അംഗീകാരം ലഭിച്ച എത്ര അധ്യാപകർ ഉണ്ടെന്ന് തസ്തികയും ജില്ലയും തിരിച്ച് വിശദമാക്കാമോ;

(സി) ഈ അധ്യാപകർക്ക് ശമ്പള ആനുകൂല്യം നൽകുന്നതിന് ഏതെങ്കിലും കോടതി ഉത്തരവ് തടസ്സമുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ അധ്യാപകർക്ക് ശമ്പള ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>സ്ഥലം മാറ്റം</u>

3040 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരമായ യാതൊരുവിധ കാരണങ്ങളോ പരാതികളോ ഇല്ലാതെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും പ്രഥമ അധ്യാപകരെയും വിദൂര ജില്ലകളിലേക്ക് സ്ഥലംമാറ്റുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയിലെ ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ വ്യക്തമായ കാരണങ്ങളില്ലാതെ കോട്ടയം ജില്ലയിലെ സ്കൂളിലേക്ക് മാറ്റിയ ഉത്തരവ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മരവിപ്പിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അധ്യാപക സംഘടനാ പ്രവർത്തനത്തിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ രാഷ്ട്രീയ പ്രേരിതമായി സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കുന്നുവെന്ന പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവുകൾ മാനിച്ചുകൊണ്ട് മാനദണ്ഡങ്ങൾ പാലിച്ച് മാത്രം സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുമോ?

<u>**എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം**</u>

3041 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ 2022–23 അധ്യയന വർഷം മുതൽ ജോലി ചെയ്തുവരുന്ന ഏകദേശം 1,600 അധ്യാപകർക്ക് ഇതുവരെ നിയമനാംഗീകാരം ലഭിക്കാത്തതും ശമ്പളമില്ലാതെ ജോലി ചെയ്തു വരുന്നതുമായ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇവർക്ക് അടിയന്തരമായി നിയമനാംഗീകാരം നൽകുന്നതിനും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ ?

<u>**ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനധ്യാപക തസ്തിക**</u>

3042 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനധ്യാപക തസ്തികകൾ ഏതൊക്കെയെന്നറിയിക്കാമോ;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനധ്യാപക തസ്തികകൾ അവസാനമായി സൃഷ്ടിച്ചത് എന്നാണെന്നറിയിക്കാമോ;

(സി) കഴിഞ്ഞ 25 വർഷമായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

**<u>എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം കാലതാമസം കൂടാതെ അംഗീകരിച്ച് നൽകാൻ നടപടി</u>**

3043 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളിൽ അദ്ധ്യാപകരായി കയറുന്ന പലർക്കും വർഷങ്ങൾ കഴിഞ്ഞാലും നിയമനം അംഗീകരിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമന അംഗീകാരം നൽകുന്നതിന് അപേക്ഷ സമർപ്പിച്ച് രണ്ട് മാസത്തിനകത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അനാവശ്യമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമന അംഗീകാരം സംബന്ധിച്ച് ഓരോ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിലും ഉള്ള ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ ഓഫീസ് ക്രമത്തിൽ ലഭ്യമാക്കുമോ;

(ഇ) അംഗപരിമിതരുടെ നിയമന പ്രശ്നം പരിഹരിക്കുന്നതിന് ആ സീറ്റുകൾ ഒഴിച്ചിട്ട് മറ്റ് നിയമനങ്ങൾ അടിയന്തിരമായി അംഗീകരിച്ച് നല്കാൻ അടിയന്തിര നടപടികൾ ഉണ്ടാകുമോ?

**ട്രൈബൽ സ്കൂൾ**

3044 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ട്രൈബൽ സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളുടെ പേര്, സ്ഥലം, നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ചിട്ടുള്ള അധ്യാപക തസ്തികകൾ, സേവനത്തിലുള്ള അധ്യാപകരുടെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകൾ എന്നിവ സ്കൂൾ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലകളിലായി നിലവിൽ എത്ര ട്രൈബൽ സ്കൂളുകളിലാണ് ഹെഡ്മാസ്റ്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ; ഹെഡ്മാസ്റ്റർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന അക്കാദമിക്, ഭരണപരമായ പ്രവർത്തനങ്ങളെ ബാധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഹെഡ്മാസ്റ്റർ തസ്തികകളിലേക്കും മറ്റ് അധ്യാപക തസ്തികകളിലേക്കും നിയമനം നടത്തുന്നതിന് നിലവിൽ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്നും നിയമനം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തി, ട്രൈബൽ മേഖലകളിലെ വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സ്കൂളുകളുടെ അക്കാദമിക്, ഭരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

**പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചർ എജ്യൂക്കേഷൻ ട്രെയിനിങ് സെന്റർ**

3045 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് കെട്ടിടം നിർമിക്കുന്നതിനാവശ്യമായ സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ</u>

3046 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലർക്കുമാരുടെയും ഓഫീസ് അറ്റൻഡന്റുമാരുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ?

<u>ആലപ്പുഴയിൽ വിദ്യാഭ്യാസ കെട്ടിട സമുച്ചയം</u>

3047 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ ഗവൺമെൻറ് ഗേൾസ് എച്ച്.എസ്.എസ്.-ന്റെ വടക്കുവശത്തുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലത്ത് എല്ലാ പ്രധാന വിദ്യാഭ്യാസ ഓഫീസുകളും പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടും ഓഡിറ്റോറിയത്തോടും കൂടിയ ഒരു വിദ്യാഭ്യാസ കെട്ടിടസമുച്ചയം നിർമ്മിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

<u>സ്കൂളുകളിൽ പുതിയ പ്രീ പ്രൈമറി സെക്ഷൻ</u>

3048 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ പ്രൈമറി സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ പ്രൈമറി സെക്ഷനുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്വകാര്യ സ്കൂളുകളുടെ കടന്നുകയറ്റം തടയുന്നതിനും കുട്ടികൾക്ക് സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമായി, കുട്ടികളിൽനിന്ന് പ്രതിമാസ ഫീസ് ഈടാക്കിയും പി.ടി.എ. ഫണ്ട് വിനിയോഗിച്ചും സർക്കാർ എൽ.പി. സ്കൂളുകളിൽ പ്രീ പ്രൈമറി സെക്ഷനുകൾ നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രക്ഷിതാക്കൾക്കും പി.ടി.എ. കമ്മിറ്റികൾക്കും ബാധ്യതയാകുന്ന രീതിയിൽ സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി സെക്ഷനുകൾ നടത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പുതിയ പ്രീ പ്രൈമറി സെക്ഷനുകൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>**ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ**</u>

3049 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIETs) വഹിക്കുന്ന പങ്ക് വിശദമാക്കാമോ;

(ബി) ഡയറ്റിലെ ജീവനക്കാരുടെ ആകെ എണ്ണം എത്ര;

(സി) ഇവരുടെ ശമ്പള ഇനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസം മുതൽ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വരുന്നതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയാവുന്നതിനാൽ ജീവനക്കാരുടെ സാമ്പത്തിക സുരക്ഷിതത്വം, കുടുംബജീവിതം, മാനസികാരോഗ്യം എന്നിവയെയും കാര്യക്ഷമതയെയയും പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ശമ്പള കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്നതിനും വിഷയത്തിന്റെ ശാശ്വത പരിഹാരത്തിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പട്ടാമ്പി മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം**

3050 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഏതൊക്കെ സ്കൂളുകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് ഉത്തരവ് നമ്പർ, തീയതി എന്നിവ സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**ആലുവ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ**

3051 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആലുവ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് വാഹനം അനുവദിക്കൽ**

3052 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 2016 മുതൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്കൂളുകൾക്ക് വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ വിദ്യാലയങ്ങൾക്ക് വാഹനങ്ങൾ കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് ഇനിയും വാഹനം കൈമാറാനുള്ളത് ,വാഹനങ്ങൾ കൈമാറാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം

3053 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ സർക്കാർ സ്കൂളുകളിലെയും ഈ അദ്ധ്യയന വർഷത്തെ കണക്ക് പ്രകാരമുള്ള ആകെ കുട്ടികളുടെ എണ്ണവും പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണവും തരം തിരിച്ച് സ്കൂൾ അടിസ്ഥാനത്തിൽ അറിയിക്കുമോ?

## ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം

3054 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലകളിലെയും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരായ അക്കാദമിക ഫാക്കൽറ്റികൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും കഴിഞ്ഞ മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമീപകാലത്തായി ഇവരുടെ ശമ്പളം ഇടയ്ക്കിടെ മുടങ്ങുന്ന സ്ഥിതിയുണ്ടാകുന്നത് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നതിലെ കാലതാമസം മൂലമാണോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള മൂന്ന് മാസത്തെ ശമ്പള കുടിശ്ശിക ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് നിർണ്ണായക പങ്കുവഹിക്കുന്ന ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് ഇനി മുതൽ തടസ്സമില്ലാതെയും കൃത്യസമയത്തും

ശമ്പളം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

**വൈദ്യുതി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നത്**

3055 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി അപകടകരമായ വിധത്തിൽ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ട ഫീ എങ്ങനെയാണ് കണ്ടെത്തുന്നത്; ഇക്കാര്യത്തിൽ സർക്കാർ ചെലവ് വഹിക്കുന്നത് പരിഗണിക്കാമോ;

(സി) വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാത്തതിനാൽ പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ സൗകര്യങ്ങൾ**

3056 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകൾ പ്രളയകാലത്ത് ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചുമൂലം നഷ്ടപ്പെട്ട ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സ്മാർട്ട് ക്ലാസ്റൂമുകൾ സജ്ജീകരിക്കുന്നതിനും, അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി നിലവിൽ ഏതെങ്കിലും പ്രത്യേക ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; മണ്ഡലത്തിൽ വകുപ്പിന്റെ നിലവിൽ പെൻഡിങ് ആയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ സ്കൂളുകളിൽ പ്രിൻസിപ്പൽ, പ്രധാന അധ്യാപകർ തുടങ്ങിയ ഭരണാധികാര തസ്തികകളും അധ്യാപക-അനധ്യാപക തസ്തികകളും

കൃത്യമായി അനുവദിച്ചിട്ടുണ്ടോ; ഏതെങ്കിലും സ്കൂളുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പലിന്റെയോ ഹെഡ്മാസ്റ്ററുടെയോ ചുമതല ഇല്ലാതെയോ, അധ്യാപകരുടെ കുറവോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂളുകളിൽ സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയുടെ ആധുനികവൽക്കരണത്തിനും വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സി.എസ്.ആർ.(കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്) പങ്കാളിത്തമോ മറ്റ് പ്രത്യേക പദ്ധതികളോ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും, പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനും മണ്ഡല അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പൊതുവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും ഉച്ചഭക്ഷണം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുമായി പുതിയതായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

3057 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന വേതനം എത്രയാണെന്നും ടി വേതനം അവസാനമായി വർദ്ധിപ്പിച്ചത് എത്ര രൂപയിൽ നിന്നാണെന്നും വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) വേതനത്തിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്രയാണ്; സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണ്; വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ വേതനം വർദ്ധിപ്പിക്കാത്തതുമൂലം സംസ്ഥാനത്തിനുണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയാണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേന്ദ്ര കുടിശ്ശിക ലഭ്യമാക്കുന്നതിനും വേതനം വർദ്ധിപ്പിക്കുന്നതിനും പാചക തൊഴിലാളികളുടെ തൊഴിൽ-സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സ്ഥിര നിയമനം**

3058 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സ്ഥിര നിയമനം നടത്തുന്നതിന് ബഹു. സുപ്രീം കോടതിയുടെ നിർദേശം നടപ്പിലാക്കുമോ; ആയതിനായി പൂർത്തീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) നിലവിൽ ജോലി ചെയ്യുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ക്രീനിംഗ് ചെയ്യുന്ന നടപടികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ട്; പൊതു വിദ്യാലയങ്ങളിൽ എത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർ പോസ്റ്റുകൾ ഇത് വരെ ക്രിയേറ്റ് ചെയ്തിട്ടുണ്ട്;

(സി) സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം അടിയന്തിരമായി വർധിപ്പിക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ബഹു. സുപ്രീംകോടതി 2025-ൽ പുറപ്പെടുവിച്ച വിധി അനുസരിച്ച് രാജ്യത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർ തസ്തിക രൂപീകരിച്ച് അവരെ സ്ഥിരപ്പെടുത്താനായി ആരംഭിച്ച സ്ക്രീനിങ് കമ്മറ്റിയുടെ പ്രവർത്തനം ഏത് വരെയായി?

**ഡിജിറ്റൽ സർവേ വില്ലേജുകളിലെ തരംമാറ്റ അപേക്ഷകൾ**

3059 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവേ നടപ്പിലാക്കിയ വില്ലേജുകളിൽ തരംമാറ്റത്തിനായി സമർപ്പിച്ച അപേക്ഷകളിൽ ആർ.ഡി.ഒ. ഉത്തരവായവ, ആവശ്യമായ മോഡ്യൂൾ ഇല്ലാത്തതിനാൽ വില്ലേജ്/സർവ്വേ ഓഫീസുകളിലേക്ക് ഫോർവേഡ് ചെയ്യാൻ കഴിയാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ വിവിധ വില്ലേജുകളിൽ കെട്ടിക്കിടക്കുന്ന നൂറുകണക്കിന് അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**കാഞ്ഞിരപ്പള്ളി റവന്യൂ കം ഡിസാസ്റ്റർ മാനേജ്മെന്റ് കോംപ്ലക്സ് നിർമ്മാണം**</u>

3060 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 -ലെ ബജറ്റിൽ ഉൾപ്പെടുത്തി 30.06.2025-ലെ സ.ഉ (സാധാ) നം. 2266/2025/റവ. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ റവന്യൂ കം ഡിസാസ്റ്റർ മാനേജ്മെന്റ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് ഒരു വർഷത്തിന് ശേഷവും പ്രവൃത്തിയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്ഥലത്ത് നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത കോംപ്ലക്സ് നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

**കേരളത്തിലെ നദികളുടെ ആഴം കുറയുന്നത്**

3061 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളുടെ ആഴം കുറയുന്നത് മൂലം വെള്ളപ്പൊക്കം വർധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നദികളിൽ മണൽ നിറയുന്നത് മൂലം നദികളുടെ ആഴം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നദികളിൽ നിന്നും നിയന്ത്രിത അളവിൽ മണൽ വാരുന്നതിനു അനുവാദം കൊടുക്കുമോ;

(ഡി) മണൽ വാരുന്നതിനു അനുവാദം നൽകിയാൽ നിലച്ചു പോയ നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്നിരിക്കെ ആയതിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

**കൊല്ലം ജില്ലയിലെ മുണ്ടയ്ക്കൽ, വടക്കേവിള വില്ലേജുകളിലെ ഭൂമിയുടെ ന്യായവില പുനഃനിർണ്ണയം**

3062 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിൽ ഉൾപ്പെട്ട മുണ്ടയ്ക്കൽ, വടക്കേവിള വില്ലേജുകളിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ ന്യായവിലയിൽ അപാകതകളുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വില്ലേജുകളിലെ ഭൂമിയുടെ ന്യായവില നിർണയത്തിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനും ന്യായവില പുനർനിർണയിക്കുന്നതിനുമായി പ്രത്യേക പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഭൂമിയുടെ യഥാർഥ സ്വഭാവം, റോഡ് സൗകര്യങ്ങൾ, പ്രദേശത്തിന്റെ വികസന സാധ്യതകൾ, വിപണിയിലെ വിലവ്യതിയാനങ്ങൾ എന്നിവ പരിഗണിച്ച് ഭൂമിയുടെ ന്യായവില ശാസ്ത്രീയമായി പുനർനിർണയിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കോട്ടക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

3063 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ കേന്ദ്രീകരിച്ച് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോ; ഭൂമി ലഭ്യമാക്കുന്നതിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കോട്ടക്കൽ സബ് ട്രഷറി ഉൾപ്പടെയുള്ള ഓഫീസുകൾ പ്രവർത്തിക്കുന്ന വിധം, കോട്ടക്കൽ കേന്ദ്രീകരിച്ച് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉപയോഗാനുമതി ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**കേരളത്തിലെ വില്ലേജുകളുടെ വിഭജനവും വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് ക്രമം പരിഷ്കരിക്കുന്നതും**

3064 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ വർഷങ്ങൾക്കു മുമ്പുള്ള പഴയ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും ജീവനക്കാർ പ്രവർത്തിക്കുന്നതെന്നും പല വില്ലേജുകളിലും അമിതമായ ജോലിഭാരം മൂലവും ജീവനക്കാരുടെ കുറവു മൂലവും പൊതുജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് റവന്യൂ സേവനങ്ങൾ തടസ്സമില്ലാതെ വേഗത്തിൽ ലഭ്യമാക്കുന്നതിനായി, കൂടുതൽ ജനസാന്ദ്രതയുള്ളതും ഭൂവിസ്തൃതിയുള്ളതുമായ വലിയ വില്ലേജുകൾ വിഭജിച്ച് പുതിയ

വില്ലേജുകൾ രൂപീകരിക്കുന്നതിന് നയപരമായ തീരുമാനമോ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം വില്ലേജ് (ചെറുപരിയാരം) 1970-കളിൽ തിരുവട്ടൂർ, പരിയാരം എന്നീ രണ്ട് വില്ലേജുകളായിട്ടാണ് പ്രവർത്തിച്ചിരുന്നത് എന്നും പിന്നീട് ഇവ കൂട്ടിച്ചേർത്ത് ഒറ്റ വില്ലേജ് ആക്കിയതാണെന്നും നിലവിൽ ജനസംഖ്യാ വർദ്ധനവും ഭൂമിശാസ്ത്രപരമായ വിസ്തൃതിയും കാരണം ഇവിടെ കടുത്ത സേവന തടസ്സങ്ങളും അമിത ജോലിഭാരവും അനുഭവപ്പെടുന്നുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരിയാരം വില്ലേജിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ തിരുവട്ടൂർ കേന്ദ്രീകരിച്ച് വില്ലേജ് വിഭജനം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാലാനുസൃതമായ മാറ്റങ്ങൾക്ക് അനുസൃതമായി കേരളത്തിലെ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>അണ്ടൂർക്കോണം വില്ലേജിലെ പാർട്ടി ഓഫീസിന്റെ ഭൂമി</u>

3065 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം വില്ലേജിലെ കൊയ്ത്തൂർക്കോണം ജംഗ്ഷനിൽ സി.പി.എം. ബ്രാഞ്ച് കമ്മറ്റി ഓഫീസിന് എത്ര വിസ്തൃതി ഭൂമി ഉണ്ടായിരുന്നു; വിശദമാക്കാമോ;

(ബി) ഇതിൽ നിന്ന് എത്ര വിസ്തൃതി ഭൂമി പോത്തൻകോട്- മംഗലപുരം റോഡ് വികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്തു; നഷ്ടപരിഹാരമായി എത്ര തുക സി.പി.എം. കൈപ്പറ്റി; വിശദാംശം ലഭ്യമാക്കാമോ;

(സി) സർക്കാർ, ഭൂമി ഏറ്റെടുത്തതിന് ശേഷം എത്ര വിസ്തൃതി ഭൂമിക്ക് സി.പി.എം.-ന് കൈവശാവകാശമുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഭൂമി കൈയ്യേറി പുതിയ പാർട്ടി ഓഫീസ് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് പ്രദേശവാസിയായ ശ്രീ. പ്രവീൺ നൽകിയ പരാതിയിൽ കൈക്കൊണ്ട

നടപടി എന്താണെന്ന് വിശദമാക്കാമോ?

**റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും പൊതുജനസേവനവും**

3066 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിലുള്ള എത്ര ജീവനക്കാരെ സ്ഥലംമാറ്റിയിട്ടുണ്ട്; തസ്തിക തിരിച്ച് സ്ഥലംമാറ്റ ഉത്തരവുകളുടെ തീയതി, സ്ഥലംമാറ്റത്തിന്റെ സ്വഭാവം എന്നിവ സഹിതമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തൃശ്ശൂർ ജില്ലയിൽ ഒന്നിലധികം തവണ സ്ഥലംമാറ്റപ്പെട്ട റവന്യൂ വകുപ്പിലെ ജീവനക്കാർ എത്രപേരുണ്ട്; ബന്ധപ്പെട്ട തസ്തികയും സ്ഥലംമാറ്റങ്ങളുടെ എണ്ണവും അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജില്ലയിലെ കൂട്ട സ്ഥലംമാറ്റങ്ങൾ റവന്യൂ ഓഫീസുകളുടെ പ്രവർത്തനത്തെയും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതികളോ റിപ്പോർട്ടുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത കാലയളവിൽ തൃശ്ശൂർ ജില്ലയിൽ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയാണ്; ഇതിൽ എത്ര അപേക്ഷകൾ പരിഗണിച്ച് സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; നിരസിച്ചതും തീരുമാനമെടുക്കാതെ ശേഷിക്കുന്നതുമായ അപേക്ഷകളുടെ എണ്ണം എത്രയാണ്;

(ഇ) റവന്യൂ ഓഫീസുകളുടെ പ്രവർത്തനത്തുടർച്ച ഉറപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും, ജീവനക്കാരുടെ സ്ഥലംമാറ്റം സുതാര്യമായ മാനദണ്ഡങ്ങൾക്കനുസരിച്ചും ഭരണപരമായ ആവശ്യങ്ങൾ പരിഗണിച്ചും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ റവന്യൂ ഭൂമി**

3067 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ നിലവിൽ എത്രയേക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ആവശ്യങ്ങൾക്കും പൊതുപദ്ധതികൾക്കും വിനിയോഗിക്കുന്നതിലേക്കായി പ്രസ്തുത ഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള കൃത്യമായ കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനോ അല്ലെങ്കിൽ പൊതു ആവശ്യങ്ങൾക്കായി ഇവ സംരക്ഷിക്കുന്നതിനോ ആയി വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

**<u>മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജുകൾ</u>**

3068 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളാണ് നിലവിൽ ഗ്രൂപ്പ് വില്ലേജുകളായി പ്രവർത്തിച്ച് വരുന്നത്; ഇതിന്റെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ ഏതൊക്കെ എന്ന് ജില്ല തിരിച്ച് വില്ലേജിന്റെ പേരും എത്ര വില്ലേജുകൾ വീതം ഉണ്ടെന്നുമുള്ള വിശദമായ വിവരങ്ങൾ നൽകാമോ;

(സി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പ്രസ്തുത വില്ലേജുകൾ ഗ്രൂപ്പ് വില്ലേജുകളായി തുടരുന്നതു മൂലം സേവനങ്ങൾ ലഭ്യമാകുന്നതിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഉയർന്ന ജനസാന്ദ്രതയുള്ളതും വിസ്തൃതിയേറിയതുമായ പ്രധാന ഗ്രൂപ്പ് വില്ലേജുകളെ വിഭജിച്ച് സ്വതന്ത്ര

വില്ലേജുകളായി രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതൊക്കെ വില്ലേജുകളെയാണ് ഇതിനായി പരിഗണിക്കുന്നത്?

**ഭൂനികുതി**

3069 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016- 2026 കാലയളവിൽ ഭൂനികുതിയുടെയും മറ്റു ഭൂമിസംബന്ധമായ ഇടപാട് ഫീസുകളുടെയും ഇനത്തിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനം എത്രയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഭൂനികുതിയും മറ്റു ഭൂമിസംബന്ധമായ ഇടപാടുകളുടെ ഫീസുകളുടെയും വർദ്ധനവ് പ്രാബല്യത്തിൽ വന്നത് എന്നു മുതലാണ്;

(സി) ഫീസുകളുടെ വർദ്ധനവ് പ്രാബല്യത്തിൽ വന്നതിനു ശേഷം ടി ഫീസിനങ്ങളിലുള്ള വരുമാന വർദ്ധനവ് എത്രയായിരുന്നു; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ആദിവാസികൾക്ക് വിതരണം ചെയ്ത പട്ടയങ്ങൾ**

3070 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016- 2026 കാലയളവിൽ അട്ടപ്പാടി ട്രൈബൽ താലൂക്കിലെ 6 വില്ലേജുകളിൽ (അഗളി, പുതൂർ, ഷോളയൂർ, കോട്ടത്തറ, കള്ളമല, പാടവയൽ ) ആകെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്രയെണ്ണമാണ് ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിതരണം ചെയ്തതെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം പട്ടയം ലഭിച്ച ആളുകളുടെ പേരും ഭൂമിയുടെ അളവും ഓരോരുത്തർക്കും ലഭിച്ച ഭൂമിയുടെ സർവ്വേ നമ്പരും ലഭ്യമാക്കുമോ?

**റവന്യൂ വകുപ്പിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട കായികതാരങ്ങൾ**

3071 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ശേഷം നിലവിൽ സജീവമായി കായിക പരിശീലനത്തിലും മത്സരങ്ങളിലും പങ്കെടുക്കുന്ന ജീവനക്കാർ എത്ര പേരുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; അവരിൽ വില്ലേജ് ഓഫീസുകളിൽ നിയമിക്കപ്പെട്ടവരുടെ പേരുവിവരങ്ങളും അവർ ജോലി ചെയ്യുന്ന വില്ലേജ് ഓഫീസുകളുടെ വിവരങ്ങളും വിശദമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് കായിക പരിശീലനം തടസ്സമില്ലാതെ തുടരുന്നതിനും കായികരംഗത്തെ മികവ് വർധിപ്പിക്കുന്നതിനുമായി സർക്കാർ എന്തെല്ലാം സൗകര്യങ്ങളും ഇളവുകളും അനുവദിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(സി) കായിക പരിശീലനത്തിനായി പൂർവാഹ്നത്തിലോ അപരാഹ്നത്തിലോ മാത്രം ജോലിക്ക് ഹാജരാകാൻ അനുവദിക്കുന്ന സംവിധാനം വില്ലേജ് ഓഫീസുകളിലെ പൊതുജനസേവനത്തെയും ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് കായിക പരിശീലനം തടസ്സമില്ലാതെ തുടരുന്നതിനും കായികരംഗത്തെ മികവ് വർധിപ്പിക്കുന്നതിനുമായി അവർക്ക് സൗകര്യപ്രദമായ ഓഫീസിൽ ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) റവന്യൂ വകുപ്പിലെ മേൽപ്പറഞ്ഞ ജീവനക്കാരുടെ സേവനം പൂർണമായി പ്രയോജനപ്പെടുത്തി കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**തൃശ്ശൂർ ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും വില്ലേജ് ഓഫീസുകളിലെയും മറ്റ് റവന്യൂ ഓഫീസുകളിലെയും സേവനലഭ്യതയും**

3072 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റവന്യൂ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ നടത്തിയ സ്ഥലംമാറ്റങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭിക്കുന്നതിനെ

തടസപ്പെടുത്തിയതിനോടൊപ്പം ജീവനക്കാരുടെ സർവീസ് സംബന്ധമായ നടപടികളെയും പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാലയളവിൽ അർഹതപ്പെട്ട സ്ഥാനകയറ്റം ലഭിക്കാതെ പോയ ജീവനക്കാരുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ നിലവിൽ വില്ലേജ് ഓഫീസർ തസ്തികയിൽ ആളില്ലാത്തതിനാൽ അധിക ചുമതലയിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾ എത്രയാണ്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇത്തരം സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ഉറപ്പാക്കുന്നതിനായി മറ്റ് വില്ലേജ് ഓഫീസർമാർക്ക് അധിക ചുമതല നൽകുന്നതിന് പകരം ഹെഡ് ക്ലാർക്ക് (HC)/റവന്യൂ ഇൻസ്പെക്ടർ (RI) തസ്തികയിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ എത്ര ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്ഥലംമാറ്റിയിട്ടുണ്ട്; തസ്തിക തിരിച്ചും സ്ഥലംമാറ്റ ഉത്തരവിന്റെ തീയതി തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) സൂപ്പർന്യൂമററി തസ്തികകളിൽ നിയമിച്ച ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൃശ്ശൂർ ജില്ലയിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും എത്ര പേരുടെ പ്രൊബേഷൻ പ്രഖ്യാപിച്ചുവെന്നും ബാക്കിയുള്ളവരുടെ കാര്യത്തിൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച അവ്യക്തത പരിഹരിച്ച് അർഹമായ സർവീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ടി വിഷയത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണ്;

(ഇ) ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സ്ഥലംമാറ്റം തീരുമാനിക്കുമ്പോൾ ഭിന്നശേഷിയുടെ സ്വഭാവം, മെഡിക്കൽ ആവശ്യങ്ങൾ, യാത്രാക്ലേശം, നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പരിഗണിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ; ഇത്തരം ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അർഹമായ പരിഗണന

ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദേശങ്ങളും വിശദമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാരിനും റവന്യൂ അധികാരികൾക്കും ഭിന്നശേഷി കമ്മീഷണർക്കും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളുടെ എണ്ണം, വിഷയം, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

**<u>കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി</u>**

3073 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് കേരളത്തിൽ പൊതുവെ കണ്ടുവരുന്ന പ്രയാസങ്ങൾ എന്തൊക്കെയാണ്;

(ബി) കണ്ണൂരിലും പാലക്കാടുമായി കിൻഫ്ര വഴി ഭൂമി ഏറ്റെടുക്കുന്നത് കേരളത്തിന്റെ ഭാവി വികസനത്തിന് കുതിപ്പേകുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കാണെന്ന (Kochi-Bengaluru Industrial Corridor) യാഥാർത്ഥ്യം സുധാപിള്ളയുടെ നേതൃത്വത്തിലുള്ള അവലോകന സമിതി ബോധപൂർവ്വം മറച്ചുവെച്ചതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൻകിട വ്യവസായ പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ വിശാലമായ അടിസ്ഥാന സൗകര്യങ്ങളും വലിയ തോതിൽ ഭൂമിയും മുൻകൂട്ടി സജ്ജമാക്കേണ്ടതുണ്ടെന്നിരിക്കെ, ഭൂമി ഏറ്റെടുത്ത് ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തന്നെ പദ്ധതികൾ തുടങ്ങിയില്ല എന്ന വിമർശനം അടിസ്ഥാന സൗകര്യ വികസന രംഗത്തെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കാത്തതുകൊണ്ടാണോ; വിശദമാക്കാമോ?

**<u>ഭൂമി സംബന്ധമായ അപേക്ഷകളിലെ കാലതാമസം ഒഴിവാക്കൽ</u>**

3074 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയവിതരണം, തരംമാറ്റം, പോക്കുവരവ്, ഭൂമി സംബന്ധമായ സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കുള്ള അപേക്ഷകളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>**ഭൂമി തരം മാറ്റുന്നത്**</u>

3075 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനായുള്ള അസംഖ്യം അപേക്ഷകൾ തീർപ്പാക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുമോ, വിശദമാക്കാമോ;

(ബി) കല്ല്യാശ്ശേരി നിയോജകമണ്ഡല പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും ഭൂമി തരം മാറ്റുന്നതിനായി സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്; ടി അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാനാവും എന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

<u>**കേരള ലാൻഡ് ടാക്സ് ആക്റ്റ്**</u>

3076 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കെട്ടാത്ത ഭൂമിയുടെ രജിസ്റ്റേർഡ് കൈവശക്കാർക്കോ, അയാളുടെ നിയമാനുസരണ പ്രതിനിധികൾക്കോ കേരള ലാൻഡ് ടാക്സ് ആക്റ്റ് പ്രകാരം കരം നിശ്ചയിച്ച് നൽകുന്നതിനും നി. കെ (നികുതി കെട്ടാത്തത് ) എന്ന ഇനത്തിൽ നിന്നും മാറ്റി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഇത്തരം ഭൂമിയുടെ കൈവശക്കാർക്ക് നികുതി അടയ്ക്കുവാനുള്ള സൗകര്യം ചെയ്ത് വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;വ്യക്തമാക്കുമോ;

(സി) ഉത്തരവ് ഉണ്ടെങ്കിൽ ഇത്തരം ഭൂമിയുടെ (നി.കെ) നികുതി അടയ്ക്കുവാനും, ക്രയവിക്രയം ചെയ്യുവാനുമുള്ള മാർഗ്ഗം എന്താണ്;വ്യക്തമാക്കുമോ;

(ഡി) ഒറ്റപ്പാലം താലൂക്കിൽ ഇത്തരത്തിൽ നികുതി അടയ്ക്കുവാൻ സാധിക്കാത്ത എത്ര അപേക്ഷകൾ ഉണ്ട്; മേൽപ്പറഞ്ഞ ഉത്തരവു പ്രകാരം ഭൂവുടമകൾക്ക് നികുതി അടയ്ക്കുവാനുള്ള സൗകര്യം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**റവന്യൂ സേവനങ്ങൾക്ക് ഒറ്റവാതിൽ സംവിധാനം നടപ്പാക്കുന്നതിനുള്ള പദ്ധതി**

3077 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സേവനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സാങ്കേതിക നവീകരണം നടപ്പാക്കുന്നതിനുമായി ഒറ്റവാതിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ പുരോഗതി, ജനങ്ങൾക്ക് ലഭിച്ച പ്രയോജനം എന്നിവ വ്യക്തമാക്കുമോ;

(ബി) ഒറ്റവാതിൽ സംവിധാനം വഴി പോക്കുവരവ്, ഭൂനികുതി, കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ഭൂമി തരംമാറ്റം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിൽ സാങ്കേതിക തടസ്സങ്ങളോ ഭരണപരമായ കാലതാമസമോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനും അപേക്ഷകളുടെ പുരോഗതി ഓൺലൈനായി അറിയുന്നതിനും പൊതുജനങ്ങൾക്ക് സമയബന്ധിത സേവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം**

3078 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ വഴിയുള്ള സേവനങ്ങൾ പൂർണ്ണമായും സ്മാർട്ട് ആക്കുന്നതിനായി ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിലവിലെ നിർവഹണ പുരോഗതി വിശദമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്കും കമ്പ്യൂട്ടർവൽക്കരണത്തിനും ഫണ്ട് അനുവദിക്കുന്നതിൽ സമീപകാലത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സെർവർ തകരാറുകൾ മൂലം ഇ-ഡിസ്ട്രിക്ട്, മറ്റ് റവന്യൂ ഓൺലൈൻ പോർട്ടലുകൾ എന്നിവയുടെ പ്രവർത്തനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കാൻ സ്വീകരിച്ച ശാശ്വത നടപടികൾ വ്യക്തമാക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി കഴിഞ്ഞ സർക്കാർ രൂപീകരിച്ച വില്ലേജ്തല ജനകീയ സമിതികളുടെ പ്രവർത്തനങ്ങൾ നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>**കിഫ്ബിക്കായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന 3,829 ഏക്കർ ഭൂമിയുടെ ഇടപാടുകൾ**</u>

3079 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്കായി റവന്യൂ വകുപ്പ് കണ്ണൂർ ജില്ലയിൽ ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയതോ ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചതോ ആയ 3,829 ഏക്കർ ഭൂമിയുടെ നിലവിലെ ഉടമസ്ഥാവകാശം, ഭൂമി വാങ്ങിയ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വാങ്ങിയതിൽ ബിനാമി ഇടപാടുകൾ നടന്നിട്ടുണ്ടെന്നോ യഥാർഥ ഉടമസ്ഥരെ മറച്ചുവെച്ച് മറ്റുള്ളവരുടെ പേരിൽ ഭൂമി വാങ്ങിയിട്ടുണ്ടെന്നോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റങ്ങൾ, ഭൂമി വാങ്ങിയവരുടെ സാമ്പത്തിക സ്രോതസ്സുകൾ, ഇടപാടുകളുടെ കാലയളവ് എന്നിവ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കൽ പ്രഖ്യാപനത്തിന് മുമ്പും ശേഷവും നടന്ന കൈമാറ്റങ്ങൾ റവന്യൂ വകുപ്പ് അന്വേഷിക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ യഥാർത്ഥ വിപണിവിലയും സർക്കാർ നിശ്ചയിച്ച ന്യായവിലയും തമ്മിലുള്ള വ്യത്യാസം ദുരുപയോഗം ചെയ്ത് അനധികൃത സാമ്പത്തിക നേട്ടം കൈവരിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; ബിനാമി ഇടപാടുകളോ ഭൂമി വാങ്ങലുമായി ബന്ധപ്പെട്ട ക്രമക്കേടുകളോ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത ഭൂമി വാങ്ങിയവരിൽ ബിനാമി ഉടമസ്ഥതയുണ്ടെന്ന് സംശയിക്കുന്നവരുടെ ഇടപാടുകൾ അന്വേഷിക്കുന്നതിനും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭൂമി ഏറ്റെടുക്കൽ നടപടികളിലെ ക്രമക്കേടുകൾ തടയുന്നതിനും വിജിലൻസ് ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളുടെ പരിശോധനയ്ക്ക് ശിപാർശ ചെയ്യുമോ; വ്യക്തമാക്കുമോ?

<u>**വില്ലേജ് ഓഫീസുകളിലെ ഡിജിറ്റൽ സർവേ, ഭൂമിയുടെ സ്കെച്ച് ലഭ്യത, ആധാരം രജിസ്ട്രേഷൻ എന്നിവയിലെ കാലതാമസം**</u>

3080 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ വില്ലേജുകളിൽ ഭൂമിയുടെ സ്കെച്ച് ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ഭൂമി ഇടപാടുകളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ വില്ലേജുകളിൽ ഭൂമിയുടെ സ്കെച്ച് ലഭിക്കാത്തതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സ്കെച്ച് ലഭിക്കാത്തതിനാൽ ഭൂമി കൈമാറ്റം, ആധാരം രജിസ്ട്രേഷൻ, പോക്കുവരവ് എന്നിവ തടസ്സപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വില്ലേജ് ഓഫീസുകൾക്കും സർവേ വകുപ്പിനും പ്രത്യേക നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>**റവന്യൂ വകുപ്പ് മുഖേന വായ്പ നൽകി നടപ്പാക്കിയ ഹൗസിംഗ് പ്രോജക്ടുകൾ**</u>

3081 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും മറ്റുള്ളവർക്കുമായി റവന്യൂ വകുപ്പ് മുഖേന വായ്പ നൽകി നടപ്പാക്കിയ ഹൗസിംഗ് പ്രോജക്ടുകൾ ഏതെല്ലാമാണ് എന്നും അവയിൽ തിരിച്ചടവ് സർക്കാർ ഉത്തരവു മുഖേന എഴുതി തള്ളാത്ത ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നും അറിയിക്കുമോ;

(ബി) അത്തരം പദ്ധതികൾ നിലവിൽ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ് എന്ന് വിശദമാക്കാമോ?

**<u>ജലാശയങ്ങളുടെ ഭാഗങ്ങൾ കൈയേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>**

3082 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളോട് ചേർന്നുള്ള സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ജലാശയങ്ങളുടെ ഭാഗങ്ങളും കയ്യേറി സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ, അവ കണ്ടെത്തി നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സംവിധാനമുണ്ടോ; വിശദമാക്കാമോ;

(ബി) കയ്യേറ്റം സ്ഥിരീകരിച്ച പ്രദേശങ്ങളിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിനും ഉത്തരവാദികൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഭാവിയിൽ കയ്യേറ്റങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി നദികളുടെയും കായലുകളുടെയും അതിരുകൾ ശാസ്ത്രീയമായി നിർണയിച്ച് രേഖപ്പെടുത്തുന്നതിനും ഉപഗ്രഹസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ</u>**

3083 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും അനധികൃതമായി കൈവശപ്പെടുത്തിയ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനും റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; സർക്കാർ ഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയ കേസുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും അവ ഒഴിപ്പിക്കുന്നതിനും ജില്ലാ ഭരണകൂടങ്ങൾക്കും റവന്യൂ ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ടോ; കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നവരിൽനിന്ന് ഭൂമി തിരിച്ചുപിടിക്കുന്നതിനും ഇത്തരം കയ്യേറ്റങ്ങൾ ആവർത്തിക്കുന്നത് തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ കണ്ടെത്തി ഭൂമി തിരിച്ചുപിടിക്കുന്നതിനുമുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി

3084 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ സർവ്വേ നമ്പർ വിസ്തൃതി ഉൾപ്പെടെ ലഭ്യമാക്കുമോ?

## കടൽ പുറംപോക്ക് ഭൂമി

3085 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടൽ പുറംപോക്ക് ഭൂമിയുടെ സർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിലെ കടൽപുറംപോക്കിൽ പട്ടയം നൽകുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ; നിലവിൽ പുറംപോക്കിൽ താമസിക്കുന്നവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കടൽപുറംപോക്കിൽ നിന്ന് ചാവക്കാട് ബീച്ച് വികസനത്തിനായി ജില്ലാ കളക്ടർ ടൂറിസം വകുപ്പിന് എത്ര സെന്റ് സ്ഥലം കൈമാറി ഉത്തരവായിട്ടുണ്ട്; ആയത് കൈമാറി നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## മണത്തല വില്ലേജിലെ ബീച്ച് വികസനം

3086 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ മണത്തല വില്ലേജിൽ സർവ്വേ പൂർത്തീകരിച്ച കടൽ പുറംപോക്ക് ഭൂമി ബീച്ച് വികസനത്തിനായി നൽകുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കടൽ പുറംപോക്ക് ഭൂമി അനധികൃതമായി കൈയ്യേറിയവരുടെ വിവരങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത കടൽ പുറംപോക്ക് അൺസർവ്വേ ഭൂമിയിൽ ആർക്കെങ്കിലും പട്ടയം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിശദവിവരങ്ങൾ അനുവദിച്ച ഭൂമിയുടെ അളവ് സഹിതം ലഭ്യമാക്കാമോ?

## സർക്കാർ പുറമ്പോക്കിൽ നിന്നും പാറ ഖനനം ചെയ്യുന്നത്

3087 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും പാറ ഖനനം ചെയ്യുന്നതിന് എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ പുറമ്പോക്കിൽ നിന്നും പാറ ഖനനം ചെയ്യുന്നതിന് അനുമതി നല്കുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സർക്കാർ പുറമ്പോക്കിൽ നിന്നും പാറ ഖനനം ചെയ്യുന്നതിന് ഏതെല്ലാം ജില്ലകളിൽ അനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>അട്ടപ്പാടി താലൂക്കിലെ പട്ടയവിതരണം</u>

3088 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി ട്രൈബൽ താലൂക്കിലെ അഗളി, പുതൂർ, ഷോളയൂർ, കോട്ടത്തറ, കല്ലമല, പാടവയൽ എന്നീ ആറ് വില്ലേജുകളിൽ എത്ര പട്ടയങ്ങൾ വീതം വിതരണം ചെയ്തിട്ടുണ്ട്; അതിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; പട്ടയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ആറ് വില്ലേജുകളിൽ ആകെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക്, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര, പൊതു വിഭാഗത്തിന് എത്ര എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പുതൂരിൽ പട്ടയ വിതരണം നടത്തിയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ടിങ്കു ബിസ്വാളിന്റെ ഉത്തരവ് മറികടന്ന് കോട്ടത്തറ വില്ലേജ് ഓഫീസർ 575 ഏക്കർ ഭൂമിക്ക് മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾക്ക് കൈവശ അവകാശ സർട്ടിഫിക്കറ്റ് നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

<u>ഭൂമി പതിച്ചുനൽകലും പട്ടയ വിതരണവും</u>

3089 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണം ചെയ്ത പട്ടയങ്ങളുടെ ജില്ല

തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കാമോ;

(ബി) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ കൊളപ്പള്ളി ലക്ഷം വീട് കോളനിയിൽ പതിറ്റാണ്ടുകളായി താമസിച്ച് വരുന്ന പതിമൂന്ന് കുടുംബങ്ങൾക്ക് ഇത് വരെ പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പട്ടയം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാനാവശ്യമായ അനുവാദ പത്രിക മുനിസിപ്പാലിറ്റിയിൽ നിന്നും അനുവദിച്ചിട്ടുണ്ടെന്ന കാര്യം പരിഗണിച്ച് പട്ടയം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>പട്ടയ വിതരണ നടപടികൾ</u>

3090 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നയപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ നൂറ്റി എഴുപതോളം വരുന്ന പട്ടികജാതി നഗറുകളിലെ നിരവധി കുടുംബങ്ങൾ അവരുടെ കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ ഭവന നിർമ്മാണത്തിന് ഉൾപ്പെടെയുള്ള സഹായം ലഭിക്കാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാരിന്റെ കർമ്മപദ്ധതി വ്യക്തമാക്കാമോ?

<u>ദേവസ്വം ഭൂമിയിലെ പട്ടയ വിതരണം.</u>

3091 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ കമുകുംചേരിയിൽ തിരുവിതാംകൂർ ദേവസ്വം ഭൂമിയിലെ താമസക്കാരിൽ കുറച്ചുപേർക്ക് കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ബാക്കിയുള്ളവർക്ക് പട്ടയം വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലായി എന്ന് വിശദമാക്കുമോ;

(ബി) പത്തനാപുരം നിയോജക മണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്റ്റ് (കെ.ഐ.പി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കെ.ഐ.പി. കനാൽ പുറമ്പോക്ക് ഭൂമിയിലെ പട്ടയവിതരണം**

3092 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ കെ.ഐ.പി. കനാൽ പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

3093 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം വില്ലേജുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) അർഹതയുള്ള അപേക്ഷകർക്ക് പട്ടയം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പട്ടയവിതരണം എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**പട്ടയ വിതരണം**

3094 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -2026 കാലയളവിൽ സംസ്ഥാനത്ത് എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ടി കാലയളവിൽ കാസർഗോഡ് ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**പട്ടയ വിതരണം**

3095 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച പട്ടയ വിതരണ അസംബ്ലിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലുമായി എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കല്ല്യാശ്ശേരി നിയോജകമണ്ഡല പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും സമർപ്പിക്കപ്പെട്ടിട്ടുള്ളതും തീർപ്പുകൽപ്പിക്കാൻ ശേഷിക്കുന്നതുമായ പട്ടയ അപേക്ഷകളുടെ താലൂക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>പരമ്പരാഗതമായി സാധാരണക്കാരുടെ കൈവശം ഇരിക്കുന്ന ഭൂമിയ്ക്ക് പട്ടയം നല്കാൻ നടപടി</u>**

3096 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ ഭൂമിയോട് ചേർന്നുള്ള പട്ടയം ചെയ്യാത്ത കൈവശഭൂമിയ്ക്ക് പട്ടയം നല്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഭൂമിയ്ക്ക് പട്ടയം നല്കി കൃഷിയ്ക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും ഈ ഭൂമി ഉപയുക്തമാക്കുമ്പോൾ സർക്കാരിന് നികുതി ലഭിക്കുമെന്നിരിക്കെ പട്ടയം നല്കുന്നതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങൾ പരിഷ്കരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഒറ്റപ്പാലം-പട്ടയത്തിന്റെ പകർപ്പ്</u>**

3097 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിൽ ഭൂവുടമകൾക്ക് പല കാരണങ്ങളാൽ നഷ്ടപ്പെട്ടുപോയ പട്ടയത്തിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ നിലവിൽ ഉണ്ട്;

(ബി) ഏത് തീയതി വരെയുള്ള അപേക്ഷകളിലാണ് പട്ടയ പകർപ്പ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) പട്ടയ പകർപ്പ് ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**2021 മുതൽ 2026 വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**

3098 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; തരം തിരിച്ച് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ; കഴിഞ്ഞ 5 വർഷം പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം എത്രയായിരുന്നു; വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ 2021 മുതൽ 2026 വരെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; ദേവസ്വം പട്ടയം, ലാന്റ് ട്രൈബ്യൂണൽ പട്ടയം തിരിച്ച് എണ്ണം ലഭ്യമാക്കാമോ; പട്ടയത്തിനായി കഴിഞ്ഞ 5 വർഷം അപേക്ഷ സമർപ്പിച്ചവരുടെ എണ്ണവും ലഭ്യമാക്കാമോ;

(സി) പട്ടയം ലഭിച്ചിട്ടും പോക്കുവരവ് നടത്താൻ കഴിയാത്തതോ ഭൂനികുതി അടക്കാൻ കഴിയാത്തതോ ആയ കേസുകൾ ഉണ്ടോ; വിശദമാക്കാമോ?

**പട്ടയവിതരണം**

3099 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 സെപ്തംബർ വരെ ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ വർഷവും താലൂക്കും വില്ലേജും തിരിച്ച് ലഭ്യമാക്കുമോ;

(ബി) പട്ടയം അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് ജില്ല, താലൂക്ക് തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പട്ടയങ്ങളുടെ വിതരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**പട്ടയം ലഭ്യമാക്കൽ**

3100 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളിലായുള്ള അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇവർക്ക് എന്നത്തേക്ക് സ്ഥിരപട്ടയം ലഭ്യമാക്കി നൽകാനാകും എന്നുള്ള വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ റീസർവേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ; അഞ്ചുചങ്ങല പ്രദേശത്ത് ആകെ പട്ടയം ലഭ്യമാക്കി നല്കേണ്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരംതിരിച്ചിട്ടുണ്ടോ; ഇതിൽ എത്രപേർക്കുള്ള പട്ടയ നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട്;വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കി നൽകാമോ;

(സി) പ്രസ്തുത പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളത്; ആയതിന്റെ മുഴുവൻ രേഖകളും റവന്യൂ വകുപ്പിൽ ലഭ്യമാണോ; കൃത്യമായ റീസർവേ രേഖകൾ ഇല്ലെന്ന കാരണത്താൽ പട്ടയ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയും വേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

## പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതും പുനരധിവാസം ഉറപ്പാക്കുന്നതും

3101 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭ 16-ാം വാർഡിൽ വെൺപാല പൊതുശ്മശാനത്തിന് സമീപം പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന 13 കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി തഹസിൽദാർ ഓഫീസ് മുഖേനയുള്ള

അപേക്ഷകൾ ജില്ലാ കളക്ടറുടെ പക്കൽ ലഭ്യമായിട്ടുണ്ടോ, എങ്കിൽ പ്രസ്തുത അപേക്ഷകളിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട് പഞ്ചായത്തിൽ എം.സി. റോഡ് പുറമ്പോക്കിൽ പതിറ്റാണ്ടുകളായി വസിച്ചുവരുന്ന നിർദ്ധന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, പ്രസ്തുത ഭൂമി പ്രത്യേക ആവശ്യത്തിനായി ഏറ്റെടുത്തതാണെന്നും കേരള ഭൂപതിവ് ചട്ടം സെക്ഷൻ 11 - (2) (IX) പ്രകാരവും പി.ഡബ്ല്യു.ഡി. സർക്കുലർ പ്രകാരവും റോഡ് വികസനത്തിന് തടസ്സമാകുമെന്ന കാരണത്താൽ പട്ടയം നൽകാൻ തടസ്സമുണ്ടെന്നും ചൂണ്ടിക്കാട്ടി തഹസിൽദാർക്കും എക്സിക്യൂട്ടീവ് എൻജിനീയർക്കും റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, ഈ നിയമതടസ്സങ്ങൾ പരിഹരിച്ച് ടി കുടുംബങ്ങളുടെ കൈവശാവകാശം ക്രമവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കടുത്ത പ്രകൃതിക്ഷോഭ ഭീഷണി നേരിടുന്ന പൂവംകര പ്രദേശത്തെ കുടുംബങ്ങൾക്ക് വീടുകൾ ഉയർത്തി നിർമ്മിക്കുന്നതിനോ സുരക്ഷിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ ഉള്ള സാമ്പത്തിക സഹായങ്ങളും മറ്റ് സർക്കാർ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ എന്തെങ്കിലും പ്രത്യേക അടിയന്തര പദ്ധതികൾ നിലവിലുണ്ടോ;

(ഡി) ദീർഘകാലമായി ഈ പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാത്തതായി പറയപ്പെടുന്ന ജനവിഭാഗങ്ങൾ ടി ഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെടുമോ എന്ന ഭീതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഫാത്തിമപുരത്തെയും വെൺപാലയിലെയും പൂവംകരയിലെയും പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്ന കുടുംബങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കാനും പട്ടയം അനുവദിക്കുന്നതിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങളും സർവ്വേ നടപടികളിലെ താമസവും പരിഹരിച്ച് അടിയന്തരമായി ഭൂമി കൈവശാവകാശം ക്രമവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

**പട്ടയ മിഷൻ പ്രവർത്തനങ്ങൾ**

3102 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി മുൻ സർക്കാർ രൂപീകരിച്ച പട്ടയ മിഷൻ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അർഹരായ ഗുണഭോക്താക്കൾക്ക് ഡിജിറ്റൽ സംവിധാനത്തിലൂടെ ഇ-പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ ഈയിടെയായി കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ലാൻഡ് ട്രിബ്യൂണലുകൾ വഴിയുള്ള ക്രയസർട്ടിഫിക്കറ്റ് വിതരണത്തിലെ കുടിശ്ശിക തീർപ്പാക്കാൻ മുൻപ് സജ്ജമാക്കിയ ഡാഷ്ബോർഡ് സംവിധാനത്തിന്റെ പ്രവർത്തനം നിലവിൽ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പട്ടയ വിതരണത്തിലെ നിയമക്കുരുക്കുകൾ പരിഹരിക്കുന്നതിനായി ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി മുൻപ് നടത്തിവന്നിരുന്ന പട്ടയ അസംബ്ലികൾ തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**സംസ്ഥാനത്തെ ഭൂപതിവ് കമ്മിറ്റികൾ**

3103 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപതിവ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) തലപ്പിള്ളി താലൂക്ക് ഭൂപതിവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭൂപതിവ് കമ്മിറ്റികൾ രൂപീകരിച്ച് പട്ടയങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**വാഗമണ്ണിൽ അനധികൃതമായി നൽകിയ പട്ടയം**

3104 **ശ്രീ. സേനാപതി വേണു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമണ്ണിൽ അപൂർവ്വ ജൈവവൈവിധ്യങ്ങളാൽ സമ്പന്നമായ എഴുപത് ഏക്കർ മലനിരകൾ 2021 മുതൽ റവന്യൂ ഉദ്യോഗസ്ഥർ സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഇതര ജില്ലകളിൽ നിന്നുള്ളവരുടെ പേരുകളിൽ വാഗമൺ വിലാസം രേഖപ്പെടുത്തിയാണ് പ്രസ്തുത പട്ടയവിതരണം നടത്തിയതെന്നും പട്ടയം നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ലംഘിച്ചാണ് ഇവിടെ പുൽമേട്ടുകൾക്ക് പട്ടയ വിതരണം നൽകിയതെന്നുമുള്ള പരാതിയെക്കുറിച്ച് അന്വേഷിക്കുമോ; വിശദമാക്കുമോ;

(സി) പട്ടയം നൽകിയ സ്ഥലങ്ങളിൽ ഇതുവരെ ഒരു തരത്തിലുമുള്ള കൃഷിയും ചെയ്തിട്ടില്ല എന്നും പട്ടയത്തിനുള്ള അപേക്ഷകൾ പരിഗണിക്കാൻ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി ചേർന്നിട്ടില്ല എന്നുമുള്ള ആക്ഷേപത്തെക്കുറിച്ചും അന്വേഷിക്കുമോ; വ്യക്തമാക്കുമോ?

<u>തളിപ്പറമ്പിലെ കെ.വി. കോംപ്ലക്സിലുണ്ടായ അഗ്നിബാധ</u>

3105 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് പട്ടണത്തിൽ 2025 സെപ്റ്റംബറിലുണ്ടായ വൻ അഗ്നിബാധയിൽ കെ.വി. കോംപ്ലക്സിലെ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ നാശനഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപകടത്തിൽ എത്ര സംരംഭകർക്കാണ്/വ്യാപാരികൾക്കാണ് നഷ്ടം സംഭവിച്ചതെന്നും ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കണക്കാക്കിയ ആകെ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപകടത്തോടനുബന്ധിച്ച് ദുരിതബാധിതരായ വ്യാപാരികൾ സർക്കാരിലേക്ക് സമർപ്പിച്ച ധനസഹായ അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) അപകടം നടന്ന് ഒരു വർഷത്തോളമായിട്ടും ദുരിതത്തിലായ വ്യാപാരികൾക്ക് സാമ്പത്തിക സഹായമോ നഷ്ടപരിഹാരമോ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും അടിയന്തരമായി ധനസഹായം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കാമോ?

**നിലമ്പൂർ പ്രളയംമൂലം പുഴ രണ്ടായി തിരിഞ്ഞത്**

3106 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ കൊന്നാംപൊട്ടി കുട്ടപാടി പ്രദേശത്ത് 2019-ലെ പ്രളയത്തിൻറെ ഫലമായി പുഴ രണ്ടായി തിരിഞ്ഞ് ജനവാസ മേഖലയിലേക്ക് ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രദേശ വാസികളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനായി, ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയോ റിവർ മാനേജ്മെൻറ് ഫണ്ട് ലഭ്യമാക്കിയോ പുഴ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തികൾ എത്രയുംവേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**പാരീസ് റോഡ് ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നത്**

3107 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് മഴക്കെടുതിയിൽ പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകദേശം രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള പ്രസ്തുത റോഡ് തകർന്നതിനെത്തുടർന്ന് പ്രദേശവാസികളും യാത്രക്കാരും നേരിടുന്ന ഗതാഗതപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ദുരന്തനിവാരണ വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

**ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾ**

3108 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾ വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇടിമിന്നലിനെ പ്രതിരോധിക്കുന്നതിനും ദുരന്തലഘൂകരണത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇടിമിന്നലിനെക്കുറിച്ച് പഠിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ?

<u>**കാലവർഷക്കെടുതിയിൽ ഉണ്ടായ നാശനഷ്ടങ്ങൾ**</u>

3109 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) വീടുകളും ജീവനോപാധികളും നഷ്ടമായവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകാമോ;

(സി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് ധനസഹായം നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെങ്കിൽ എപ്പോൾ നൽകാൻ സാധിക്കുമെന്നും അവരുടെ വിവരങ്ങളും വ്യക്തമാക്കാമോ?

<u>**2026-ലെ മഴക്കെടുതി, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ- നാശനഷ്ടവും ധനസഹായവും**</u>

3110 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 2026 വർഷത്തിലെ മഴക്കെടുതി, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവ മൂലം വീടുകൾക്കും കൃഷിഭൂമിക്കും നാശനഷ്ടം

സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>നദികളിൽ ശാസ്ത്രീയമായി മണൽ ഖനനം നടത്തുന്നതിന് അനുമതി</u>**

3111 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ പ്രളയജല നിർഗ്ഗമനം സുഗമമാക്കുന്നതിന്റെ ഭാഗമായി മുൻപ് നടത്തിയ സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് വൈകുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്രീയമായി മണൽ ഖനനം നടത്തുന്നതിന് അനുമതി ലഭ്യമായ കടവുകളിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നിലവിൽ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) അനധികൃത മണൽ ഖനനവും പ്രകൃതിചൂഷണവും തടയുന്നതിനായി മുൻപ് സജ്ജമാക്കിയ ഓൺലൈൻ അലർട്ട് സംവിധാനത്തിന്റെ പ്രവർത്തനത്തിൽ ഈയിടെയായി പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നദീതീര സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ കർശനമാക്കുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടും പദ്ധതികളും</u>**

3112 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുക ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ടിൽനിന്ന് മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുകയിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി മലപ്പുറം ജില്ലാ ഭരണകൂടം ഏതെല്ലാം പുതിയ പ്രൊപ്പോസലുകളാണ് സർക്കാരിന്റെ ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് എം.എൽ.എമാരുടെ ശിപാർശ തേടിയിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രൊപ്പോസലുകളിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; അംഗീകാരം ലഭിക്കാത്ത പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഭൂമി തരംമാറ്റ അപേക്ഷകൾ</u>**

3113 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ന് ശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഭൂമി തരംമാറ്റുന്നതിനായി നേരിടുന്ന ബുദ്ധിമുട്ടുകൾ</u>**

3114 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാ ബാങ്ക് നിർണയത്തിലെ അപാകതകൾ കാരണം ഭൂമി തരംമാറ്റുന്നതിനായി സ്ഥലം ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിന് ആസ്ഥാന മന്ദിരം</u>**

3115 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിനായി തിരുവനന്തപുരം ജില്ലാ കളക്ടർ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ടി കാര്യാലയത്തിന് തിരുവനന്തപുരം തഹസീൽദാർ ജില്ലാ കളക്ടർക്ക് 05.01.2022 ലെ കത്ത് പ്രകാരം പട്ടം വില്ലേജ് പരിധിയിലെ 49 സെന്റ് പുറമ്പോക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്തിന് പട്ടം വില്ലേജ് ഓഫീസർ സമർപ്പിച്ച 21.12.22ലെ 884/22 നമ്പരായ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**നേമം മണ്ഡലത്തിലെ റോഡ്, പാലം നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ**

3116 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി റവന്യൂ വകുപ്പ് മുഖേന ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതിയും നേരിട്ട കാലതാമസവും വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ആതവനാട് മലയിൽ ഭാഗത്ത് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം**

3117 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി കോട്ടക്കൽ നഗരസഭ, ആതവനാട്, മാറാക്കര പഞ്ചായത്തുകൾ എന്നിവയ്ക്ക് ഉപയുക്തമാകുന്ന തരത്തിൽ 40

ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റി ഫീസിബിൾ ആണെന്ന് കണ്ടെത്തിയ ആതവനാട് വില്ലേജിലെ 2/2-6,2/2-7 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 60 സെന്റ് ഭൂമി ഏറ്റെടുത്ത് നൽകുന്നത് സംബന്ധിച്ച ഫയലിന്റെ (REV-B 2/126/2025/REV) നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്, ഫണ്ട് ലഭ്യത വ്യക്തമാക്കിക്കൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള ഭരണാനുമതിയും റിപ്പോർട്ടും റവന്യൂ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>മഞ്ചേശ്വരം മൊഗ്രാൽ ഗവൺമെന്റ് യുനാനി ആശുപത്രി നിർമ്മാണത്തിനായി ഭൂമി കൈമാറ്റം</u>**

3118 **ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മൊഗ്രാൽ ഗവൺമെന്റ് യുനാനി ആശുപത്രി നിർമ്മാണത്തിനായി ഭൂമി കൈമാറ്റം ചെയ്യുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളത്; ഫയൽ നമ്പർ സഹിതമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിനിർമ്മാണത്തിനായി ഭൂമി എന്ന് കൈമാറാൻ സാധിക്കുമെന്നും ആയതിനായുള്ള നടപടികൾ വേഗത്തിലാക്കാൻ അടിയന്തര ഇടപെടൽ നടത്തുമോയെന്നും വ്യക്തമാക്കുമോ?

**<u>കെ.ആർ.എഫ്.ബി. റോഡ്കളുടെ സ്ഥലമേറ്റെടുപ്പ്</u>**

3119 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ കെ.ആർ.എഫ്.ബി. റോഡിനു വേണ്ടി കല്ലിടൽ പൂർത്തീകരിച്ച കോതി പാലം ചക്കും കടവ് പന്നിയങ്കര മേൽപ്പാലം റോഡ്, മങ്കാവ് പൊക്കുന്ന് പന്തീരാങ്കാവ് റോഡ്, കല്ലുത്താൻ കടവ് മീഞ്ചന്ത റോഡ്, പന്നിയങ്കര പന്തീരാങ്കാവ് റോഡ്

എന്നിവയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

**എസ്.എൻ. ജംഗ്ഷൻ–പൂത്തോട്ട റോഡ് വികസനം സംബന്ധിച്ച്**

3120 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ–പൂത്തോട്ട റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; ഭൂമിയേറ്റെടുക്കൽ, നഷ്ടപരിഹാര വിതരണം, നിർമ്മാണം എന്നിവ പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്?

**നെന്മാറ മണ്ഡലത്തിലെ നിർദ്ദിഷ്ട കാർഷിക കോളേജിനായുള്ള സ്ഥലമേറ്റെടുക്കൽ**

3121 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നിർദ്ദിഷ്ട കാർഷിക കോളേജിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്; സർവ്വേ നടപടികളും മൂല്യനിർണ്ണയവും പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണം**

3122 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് മുഖേന നടന്നുവരുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് പദ്ധതിക്കായി ആകെ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഇതിൽ ഇതുവരെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## തില്ലങ്കരി വില്ലേജിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര യോഗ റിസർച്ച് സെന്ററിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി

3123 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ തില്ലങ്കരി വില്ലേജിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര യോഗ റിസർച്ച് സെന്ററിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

## കിഫ്ബി പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ

3124 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ടാണോ നടത്തിയിരുന്നത്; വ്യക്തമാക്കാമോ;

(ബി) ദേശീയപാത 66-ന്റെ വികസനം ഉൾപ്പെടെ വൻകിട പദ്ധതികൾക്ക് കിഫ്ബി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ തലപ്പാടിയിൽ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി

3125 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതിക്കായി കൈമാറ്റം ചെയ്ത ഭൂമി സർക്കാർ ഉടമസ്ഥതയിലുള്ളതാണെങ്കിൽ അത് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡിനോ റെസ്റ്റ് സ്റ്റോപ്പ് പ്രൈവറ്റ് ലിമിറ്റഡിനോ കൈമാറിയിട്ടുണ്ടോ; കൈമാറ്റം പൂർത്തിയായിട്ടില്ലെങ്കിൽ നിലവിലെ നടപടികളുടെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) സർക്കാർ ഭൂമി കൈമാറുന്നതിനോ ദീർഘകാല പാട്ടത്തിന് നൽകുന്നതിനോ ഉപയോഗാവകാശം അനുവദിക്കുന്നതിനോ അടിസ്ഥാനമായ സർക്കാർ ഉത്തരവ്, നിയമവ്യവസ്ഥ, ചട്ടം, നയം എന്നിവ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി വാണിജ്യസ്വഭാവമുള്ള ഭക്ഷണശാലകൾ, ഇന്ധനനിലയം, റീട്ടെയിൽ കടകൾ, ക്ലിനിക്, മറ്റ് സേവനസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന പദ്ധതിക്കായി ഉപയോഗിക്കുന്നതിന് ഭൂമിയുടെ അടിസ്ഥാന ഉപയോഗവിഭാഗത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോ; ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ അനുമതികൾ ആണ് വേണ്ടതെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അനുമതികൾ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഭൂമി കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ കൈമാറ്റത്തിന്റെ സ്വഭാവം, കാലാവധി, പാട്ടത്തുക അല്ലെങ്കിൽ മറ്റ് സാമ്പത്തിക വ്യവസ്ഥകൾ, ഭൂമിയുടെ മൂല്യനിർണയം എന്നിവ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഇ) സർക്കാർ ഭൂമി കൈമാറുന്നതിന് മുമ്പ് റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർ തുടങ്ങിയ അധികാരികളുടെ പരിശോധനയും റിപ്പോർട്ടുകളും ലഭിച്ചിട്ടുണ്ടോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(എഫ്) ഭൂമി കൈമാറ്റത്തിനോ ഉപയോഗത്തിനോ സർക്കാർ പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശവും ആയതിന് സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ഭൂമി, പദ്ധതിക്കായി അനുവദിക്കുന്നതിലൂടെ സർക്കാരിന് ലഭിക്കുന്ന സാമ്പത്തിക നേട്ടം എന്താണ്; ഭൂമി പാട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥയിലോ നൽകിയിട്ടുണ്ടെങ്കിൽ സർക്കാരിന് ലഭിക്കേണ്ട തുക എത്രയാണ്; വ്യക്തമാക്കാമോ?

**മരുതിമലയുടെ റവന്യൂ രേഖ**

3126 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വെളിയം ഗ്രാമപഞ്ചായത്തിൽപ്പെടുന്ന മുട്ടറ മരുതിമലയുടെ റവന്യൂ രേഖകൾ പ്രകാരമുള്ള വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശം പൂർണ്ണമായും ഇക്കോടൂറിസം പദ്ധതിക്കായി വെളിയം ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മുട്ടറ മരുതിമല പ്രദേശത്ത് സ്വകാര്യ വ്യക്തികളുടെ വസ്തു റവന്യൂ രേഖകളിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ലാൻഡ് അസൈൻമെന്റ് (റെഗുലറൈസേഷൻ ഓഫ് കോൺട്രാവെൻഷൻസ്) റൂൾസ്**

3127 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ വ്യവസ്ഥകൾ ലംഘിച്ച് നടത്തിയ നിർമ്മാണങ്ങളും കൃഷിയേതര ആവശ്യങ്ങളും ക്രമവൽക്കരിക്കുന്നതിനായി കൊണ്ടു വന്ന ലാൻഡ് അസൈൻമെന്റ് (റെഗുലറൈസേഷൻ ഓഫ് കോൺട്രാവെൻഷൻസ്) റൂൾസ് പ്രകാരം ഇതിനകം ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ടി അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ തീർപ്പാക്കാനുള്ളവ എത്ര; മടക്കിയവ എത്ര;

(ഡി) പ്രസ്തുത ചട്ടങ്ങൾ പ്രകാരം പൊതു ഇടങ്ങൾ ക്രമീകരിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകളിൽ അനുമതി നൽകി; വിശദമാക്കാമോ?

**പാട്ടക്കുടിശ്ശിക സംബന്ധിച്ച്**

3128 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമി പാട്ടത്തിനെടുത്ത് പാട്ടത്തുക കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ സർക്കാർ പാട്ടത്തിനെടുത്ത് പാട്ടത്തുക കുടിശ്ശിക വരുത്തിയത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ ലോകായുക്ത സർക്കാരിന് നൽകിയ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ലോകായുക്തയുടെ ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പാട്ടക്കുടിശ്ശിക സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന പരാതികളിലെ സ്റ്റേ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>**വരൾച്ച മുന്നൊരുക്കങ്ങൾ**</u>

3129 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കേണ്ടി വരും എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾക്കായി നയരൂപീകരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ പൊതു/സ്വകാര്യ കുളങ്ങളുടെ പരിപാലനത്തിനായി പദ്ധതികളുണ്ടോ; വിശദമാക്കാമോ?

<u>**വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവൃത്തികൾ**</u>

3130 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ വെള്ളപ്പൊക്കം കാരണം കടലെടുത്ത പരപ്പാൽ ബീച്ചിന്റെ പുനരുദ്ധാരണത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ഒരു സാമ്പത്തിക വർഷം എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത്; എത്ര തുകയുടെ പ്രവൃത്തികളാണ് നടക്കുന്നത്; ഫണ്ട് ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## കുന്ദമംഗലം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളും അടിസ്ഥാന സൗകര്യ വികസനവും

3131 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് വില്ലേജുകളുടെ പേര് സഹിതം വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ ഇതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറാത്ത മറ്റ് വില്ലേജ് ഓഫീസുകൾ കൂടി ആധുനിക സൗകര്യങ്ങളോടെ സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ (കെട്ടിട സൗകര്യം, ഡിജിറ്റൽ സംവിധാനങ്ങൾ, ഫർണിച്ചറുകൾ മുതലായവ) വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വകുപ്പ് തലത്തിൽ നടപ്പിലാക്കുന്ന സമഗ്രമായ പദ്ധതികളുടെ വിശദാംശം നൽകാമോ?

## തിരൂർ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

3132 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ നിർമിച്ച വർഷം, കെട്ടിടത്തിന്റെ കാലപ്പഴക്കം, നിലവിൽ അവിടെ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരൂർ മിനി സിവിൽ സ്റ്റേഷനിലെ കെട്ടിടങ്ങളുടെ മേൽക്കൂര, ചുമരുകൾ, സീലിങ്, വൈദ്യുതീകരണം, ശുചിമുറികൾ, കുടിവെള്ളം, മാലിന്യസംസ്കരണം, വാഹന പാർക്കിങ് എന്നിവയുടെ നിലവിലെ സ്ഥിതി തൃപ്തികരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) തിരൂർ മിനി സിവിൽ സ്റ്റേഷനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി കഴിഞ്ഞ പത്ത് വർഷത്തിനിടെ അനുവദിച്ച തുക, ചെലവഴിച്ച തുക, നടപ്പാക്കിയ പ്രവൃത്തികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) തിരൂർ മിനി സിവിൽ സ്റ്റേഷനിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കൊളവല്ലൂർ വില്ലേജ് ഓഫീസ് പുനർനിർമ്മാണം**

3133 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൊളവല്ലൂർ വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്ഥലപരിമിതിയും ശോച്യാവസ്ഥയും നേരിടുന്ന കൊളവല്ലൂർ വില്ലേജ് ഓഫീസ് കെട്ടിടം പുനർനിർമിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**മലമ്പുഴ –II വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം**

3134 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തി തുക വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ -II വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

<u>വില്ലേജ് ഓഫീസുകളുടെ എണ്ണം</u>

3135 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജക മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) ഇതിൽ ഏതൊക്കെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന വില്ലേജ് ഓഫീസുകൾ കൂടി സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>റവന്യൂ വകുപ്പിലെ ക്ലാർക്ക്/വി.എ. തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ്</u>

3136 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ക്ലാർക്ക് /വി.എ. തസ്തികയിൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആക്ഷേപം ഉന്നയിച്ചവരുടെ പരാതികൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 02.07.2026 ലെ RDOALP /1060/2026/A 1 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത ആളെ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ ജില്ലാ കളക്ടർ ലാൻഡ് റെവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കിയ 07.07.2026 ലെ DCALP 5850/2026-A 3

നമ്പർ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ;

(ഡി) സീനിയോറിറ്റി ലിസ്റ്റിൽ പ്രസ്തുത ജീവനക്കാരനെ ഉൾപ്പെടുത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

**തോന്നൂർക്കര വില്ലേജിലെ ഫെയർവാല്യൂ കുറച്ചുനൽകാൻ നടപടി**

3137 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ തലപ്പിള്ളി താലൂക്ക്, തോന്നൂർക്കര വില്ലേജിലെ നെൽപ്പാടം അടക്കമുള്ള ഭൂമിക്ക് ഉയർന്ന ഫെയർവാല്യൂ ആണ് നിശ്ചയിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സ, കല്ല്യാണം എന്നീ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി വില്പന നടത്തുന്ന ജനങ്ങൾ, ഉയർന്ന ഫെയർവാല്യൂ കാരണം നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഫെയർവാല്യൂ ന്യായമായ വിധത്തിൽ നിശ്ചയിച്ച് നൽകുന്നതിനായി തലപ്പിള്ളി തഹസിൽദാരുടെ നേതൃത്വത്തിൽ അദാലത്ത് നടത്തി പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

**ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം**

3138 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കണയന്നൂർ താലൂക്കിൽ ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; ഇവ പരിശോധിച്ച് തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

**ഡിജിറ്റൽ സർവ്വേ**

3139 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ചതിന് ശേഷം ഭൂമി കൈവശക്കാരിൽ ചിലർക്ക് നികുതി അടക്കാനാവാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ താലൂക്ക് തലത്തിലോ വില്ലേജ് തലത്തിലോ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) താനൂർ മണ്ഡലത്തിലെ നിറമരുതൂർ, പൊൻമുണ്ടം എന്നീ വില്ലേജുകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടി വിഷയം പ്രത്യേകമായി പരിഗണിച്ച് പരിഹരിക്കുന്നതിനായി നിർദേശം നൽകുമോ?

**<u>കുട്ടനാട്ടിൽ ഡിജിറ്റൽ സർവ്വേ കഴിഞ്ഞയിടത്ത് നേരിടുന്ന തടസ്സങ്ങൾ</u>**

3140 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായ സ്ഥലങ്ങളിൽ ഭൂമിയുടെ തരം മാറ്റുന്നതിനും ഭൂനികുതി അടയ്ക്കുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വില്ലേജുകളിലാണ് ഭൂവുടമകൾ ടി പ്രശ്നം നേരിടുന്നതെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം മൂലം ഔദ്യോഗികമായ പല ആവശ്യങ്ങളും ഭൂവുടമകൾക്ക് നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അദാലത്തുകൾ സംഘടിപ്പിച്ച് സമയബന്ധിതമായി ടി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാൻ നടപടി സ്വീകരിക്കാമോ?

**<u>ഡിജിറ്റൽ സർവ്വേ</u>**

3141 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ചിട്ടും രേഖകളിൽ പിഴവുകൾ കണ്ടെത്തിയത് തിരുത്തുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവ്വേ ആരംഭിച്ച വില്ലേജുകളുണ്ടോ; വിശദമാക്കാമോ; ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ സർവ്വേക്കായി താൽക്കാലികമായി നിയമിച്ച ജീവനക്കാർ ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ എത്രപേർ ഉണ്ടെന്ന് വിശദമാക്കാമോ; ഡിജിറ്റൽ സർവ്വേക്കായി ആകെ എത്ര താൽക്കാലിക ജീവനക്കാരെയാണ് നിയമിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

**എന്റെ ഭൂമി പദ്ധതി**

3142 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവേ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ ഡിജിറ്റൽ സർവേയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ പൂർണ്ണമായും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

**തിരുവനന്തപുരം ജില്ലയിലെ ഭൂമി തരം മാറ്റം അപേക്ഷ**

3143 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂമി തരം മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര ഭൂമി തരം മാറ്റം അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**രേഖകളുടെ ഡിജിറ്റലൈസേഷനിലെ അപാകതകൾ**

3144 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ ഏതു ഘട്ടത്തിലാണെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) വില്ലേജ് ഓഫീസിൽ നേരിട്ട് നികുതി ഒടുക്കിയിരുന്നവർക്ക് ഡിജിറ്റലൈസേഷന് ശേഷം വ്യാപകമായി ഓൺലൈനിൽ ഭൂനികുതി അടക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പല വില്ലേജ് ഓഫീസുകളിലും ബി. ടി. ആർ (ബേസിക് ടാക്സ് രജിസ്റ്റർ) ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമല്ലാത്തതിനാൽ, ഡിജിറ്റലൈസേഷൻ നടത്തിയപ്പോൾ ഒഴിവാക്കപ്പെട്ട ഭൂമി രേഖകളിൽ ചേർക്കാൻ കാലതാമസം വന്നിട്ടുള്ളത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കാട്ടാക്കട താലൂക്കിൽ എത്ര പരാതികൾ ഇത്തരത്തിൽ റവന്യൂ അധികൃതർ മുമ്പാകെ തീർപ്പാക്കാത്തതായി ഉണ്ട് എന്ന് വ്യക്തമാക്കാമോ?

<u>**സർവെ ഉപകരണങ്ങൾ വാങ്ങിയതിലെ ക്രമക്കേട്**</u>

3145 **ശ്രീ. വി. ടി. ബൽറാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 1550 വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടത്തുന്നതിനായി 2021 നവംബർ 1-ന്, സർവേയും ഭൂരേഖയും വകുപ്പ് ആരംഭിച്ച പദ്ധതിയുടെ ഭാഗമായി 399.44 കോടി രൂപ ചെലവിൽ സർവെ ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേട് ആരോപിക്കപ്പെട്ടതും ഇതുസംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻസ് ബ്യൂറോ സമർപ്പിച്ച CPSP-2445/2023 SIU-II (വെരിഫിക്കേഷൻ നമ്പർ: 62) നമ്പർ അന്വേഷണ റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തുടരന്വേഷണം നടത്തണമെന്ന വിജിലൻസിന്റെ ശിപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ തുടരന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**ഡിജിറ്റൽ സർവേയ്ക്കുശേഷം സ്വഭാവ വ്യതിയാനം സംഭവിച്ച ഭൂമി**</u>

3146 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമടച്ച് കൈവശം വെച്ചിരിക്കുന്ന ഭൂമിയുടെ തരത്തിൽ ഡിജിറ്റൽ സർവ്വേയ്ക്കുശേഷം വ്യതിയാനം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റവന്യൂ രേഖകളിൽ പുരയിടമായിരുന്നതും പുരയിടമായി കരം അടച്ച് കൈവശം വെച്ചിരുന്നതുമായ ഭൂമി ഡിജിറ്റൽ സർവ്വേയ്ക്കുശേഷം നിലമായി രേഖപ്പെടുത്തിയതുമൂലം പ്രസ്തുത ഭൂമിയിൽ കെട്ടിടങ്ങൾ നിർമിച്ചവരും കെട്ടിടനിർമാണത്തിനായി ഭൂമി വാങ്ങിയവരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) റവന്യൂ രേഖകളിൽ പുരയിടമായിരുന്നതും പുരയിടമായി കരം അടച്ച് കൈവശം വെച്ചിരുന്നതും പുരയിടത്തിന്റെ ന്യായവില കണക്കാക്കി പ്രമാണം ചെയ്തതുമായ ഭൂമി ഡിജിറ്റൽ സർവ്വേയ്ക്കുശേഷം നിലമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, പ്രസ്തുത ഭൂമിയുടെ തരം മാറ്റുന്നതിനായി ഭൂവുടമ തരംമാറ്റ ഫീസ് അടയ്ക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(ഡി) റവന്യൂ രേഖകളിൽ പുരയിടമായിരുന്നതും പുരയിടമായി കരം അടച്ച് കൈവശം വെച്ചിരുന്നതുമായ ഭൂമി ഡിജിറ്റൽ സർവ്വേയ്ക്കുശേഷം നിലമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അത്തരം ഭൂമിയുടെ സ്വഭാവവ്യതിയാനത്തിന് നിലവിലുള്ള സാധാരണ നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ച് സർക്കാർ ഉത്തരവിലൂടെ ഭൂമിയുടെ സ്വഭാവം തിരുത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ വില്ലേജുകളിൽ സർവ്വേയ്ക്കുശേഷം റവന്യൂ രേഖകളിൽ പുരയിടമായി രേഖപ്പെടുത്തിയിരുന്നതും പുരയിടമായി കരം അടച്ച് കൈവശം വെച്ചിരുന്നതുമായ ഭൂമി നിലമായി മാറിയ കേസുകളുടെയും രേഖകളിൽ നിലമായി രേഖപ്പെടുത്തിയിരുന്നതും നിലമായി കരം അടച്ച് കൈവശം വെച്ചിരുന്നതുമായ ഭൂമി പുരയിടമായി മാറിയ കേസുകളുടെയും എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ പ്രത്യേകം ലഭ്യമാക്കാമോ?

**<u>ഭൂമിയുടെ ഡിജിറ്റൽ സർവേ നടപടികളുടെ പുരോഗതി</u>**

3147 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഭൂമിയുടെ ഡിജിറ്റൽ സർവ്വേ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാർ, താല്ക്കാലിക/കരാർ ജീവനക്കാർ എന്നിവരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നപ്പോൾ പ്രസ്തുത ജോലികളിൽ ഏർപ്പെട്ടിരുന്ന താൽക്കാലിക/കരാർ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചു വിടുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ; ടി നടപടിക്ക് കാരണം എന്താണെന്നും ഏർപ്പെടുത്തിയ ബദൽ സംവിധാനം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ടി പിരിച്ചു വിടൽ ഡിജിറ്റലൈസേഷൻ നടപടികളെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ?

## <u>എന്റെ ഭൂമി ഡിജിറ്റൽ റീസർവ്വെ പദ്ധതി</u>

3148 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ വിവരങ്ങൾ സുതാര്യമാക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ മന്ദഗതിയിലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് നിലവിൽ നേരിടുന്ന സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്ക് ആവശ്യമായ നൂതന ഉപകരണങ്ങളുടെ (CORS, RTK തുടങ്ങിയവ) അറ്റകുറ്റപ്പണികളും ലഭ്യതാ പരിശോധനകളും നടത്തുന്നതിൽ സമീപകാലത്ത് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഡിജിറ്റൽ സർവ്വെ പൂർത്തിയായ പ്രദേശങ്ങളിൽ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ചുള്ള പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച അടിയന്തര നടപടികൾ വിശദമാക്കുമോ?

**കേരളത്തിലെ മിച്ചഭൂമി**

3149 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ മിച്ചഭൂമിയുണ്ടോ; എങ്കിൽ എവിടെല്ലാമാണ്;

(ബി) മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**റോഡ് നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കൽ**

3150 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിലേതുൾപ്പെടെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പുതിയ റോഡുകളുടെ നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുനൽകുന്നുണ്ടെങ്കിലും പ്രസ്തുത ഭൂമി രജിസ്റ്റർ ചെയ്തു നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിമാർ നിർബന്ധം പിടിക്കുന്നതിനെ തുടർന്ന് റോഡ് നിർമ്മാണം മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിൽ സമ്മതപത്രത്തോടുകൂടിയോ വില്ലേജ് ഓഫീസർ കൗണ്ടർ സൈൻ ചെയ്ത റിലിംഗ്വിഷ്മെന്റ് ഫോം വഴിയോ വിട്ടു കിട്ടുന്ന ഭൂമി പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടത്തിയിരുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിലിംഗ്വിഷ്മെന്റ് നിയമപ്രകാരം ആർ.ഡി.ഒ. തലത്തിലുള്ള നടപടിക്രമങ്ങളോ ആധാരം രജിസ്റ്റർ ചെയ്യലോ ഏർപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക സങ്കീർണ്ണതകളും സാമ്പത്തിക ബാധ്യതകളും കാരണം സ്ഥലമുടമകൾ രജിസ്ട്രേഷന് തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശ സ്ഥാപനങ്ങളിൽ ചെറിയ റോഡുകൾ ഏറ്റെടുക്കുന്നതിലെ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വമേധയാ സ്ഥലം വിട്ടുനൽകുന്നവരുടെ കാര്യത്തിൽ സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഒഴിവാക്കി പ്രത്യേക ഇളവുകൾ അനുവദിക്കുന്നതിനോ നടപടികൾ

ലഘൂകരിക്കുന്നതിനോ ആവശ്യമായ നിർദ്ദേശങ്ങൾ/മാർഗ്ഗരേഖ പുറപ്പെടുവിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കായൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>**

3151 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ കേരളത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയിലെ ഹൗസ് ബോട്ടുകൾ നിയമാനുസരണമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ലൈസൻസ് ഇല്ലാതെ പ്രവർത്തിയ്ക്കുന്ന ഹൗസ് ബോട്ടുകളുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നിയമാനുസരണം പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകൾക്ക് ഗ്രാന്റ് നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ടൂറിസം വികസനം</u>**

3152 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തോട്ടപ്പള്ളി മുതൽ കൊച്ചി വരെ ആധുനിക സൗകര്യമുള്ള ഹൗസ് ബോട്ടുകൾ ഉപയോഗിച്ച് ടൂറിസം സർക്യൂട്ട് രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഫാം ടൂറിസം</u>**

3153 **ശ്രീ. ജി. ആർ. അനിൽ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. സി. അജയപ്രസാദ്**
**ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലായ ഗ്രാമീണ മേഖലയിലെ കർഷകർക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിൽ കാർഷിക ടൂറിസത്തിന്റെ പ്രാധാന്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കൃഷിരീതികളെയും വിളകളെയും ലോകജനതയ്ക്കു മുമ്പിൽ അവതരിപ്പിക്കുന്നവിധം കൃഷിയെ ടൂറിസവുമായി ബന്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഫാം ടൂറിസം സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനും കൂടുതൽ സംരംഭങ്ങൾക്ക് അവസരം ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) ഫാം ടൂറിസം മേഖലയിലെ പുതിയ സംരംഭകർക്ക് അവരുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

## ടൂറിസം പദ്ധതികളിലെ ക്രമക്കേടുകൾ

3154 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ടൂറിസം പദ്ധതികളിൽ ചിലതിൽ ക്രമക്കേടുകൾ നടന്നതായി സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കോടിയുടെ പദ്ധതികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും ഇതിൽ എത്ര രൂപയുടെ നഷ്ടമാണ് സി.എ.ജി. റിപ്പോർട്ട് ചെയ്തതെന്നും വിശദമാക്കുമോ?

## നൂറ് ദിന കർമ്മ പദ്ധതി

3155 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ ടൂറിസം വികസനത്തിനായി ഏതെല്ലാം പദ്ധതികളും പ്രവൃത്തികളുമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും അവയിൽ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവ, പ്രവൃത്തി ആരംഭിച്ചവ, പൂർത്തീകരിച്ചവ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കോഴിക്കോട് ബീച്ച്, മാനാഞ്ചിറ, തളി പൈതൃകമേഖല, എസ്.എം. സ്ട്രീറ്റ് തുടങ്ങിയ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി നൂറുദിന കർമ്മപദ്ധതിയിൽ പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് നഗരത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ വരവ് വർധിപ്പിക്കുന്നതിനും പുതിയ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വള്ളിക്കുന്ന് നിയോജകമണ്ഡലത്തിന്റെ സമഗ്ര ടൂറിസം പദ്ധതി

3156 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സമഗ്ര ടൂറിസം പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ടൂറിസം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം ഉൾപ്പെടെയുള്ള വിശദാംശങ്ങളുടെ ഡാറ്റാബേസ് ടൂറിസം വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം, അഭിരുചി ഉൾപ്പെടെയുള്ളവ പരിശോധിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനു വിദഗ്ധസമിതിയെ നിയോഗിക്കുമോ; വ്യക്തമാക്കാമോ?

## ഹെറിറ്റേജ് ടൂറിസം

3157 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഇതുവരെയും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

**ടൂറിസം മേഖലയിൽ യുവജന സംരംഭകത്വവും തൊഴിൽസാധ്യതകളും**

3158 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് ടൂറിസം മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ടൂറിസം വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ടൂർ ഗൈഡിംഗ്, ഹോംസ്റ്റേ, പ്രാദേശിക ടൂർ പാക്കേജുകൾ, സാഹസിക വിനോദസഞ്ചാരം, ഡിജിറ്റൽ ടൂറിസം സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ യുവജനങ്ങൾക്ക് പരിശീലനവും നൈപുണ്യവികസന അവസരങ്ങളും നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) യുവസംരംഭകരുടെ സേവനങ്ങളും പ്രാദേശിക ടൂറിസം ഉൽപ്പന്നങ്ങളും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളോ വിപണന സംവിധാനങ്ങളോ പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; കൂടുതൽ യുവജനങ്ങളെ ടൂറിസം മേഖലയിലേക്ക് ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**സ്വദേശ് ദർശൻ 2.0 പദ്ധതിയിൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

3159 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ 2.0 പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി സമർപ്പിച്ച നിർദേശങ്ങളിൽ തലശ്ശേരിയിലെ സ്പിരിച്വൽ ടൂറിസം പദ്ധതിക്കും വർക്കലയിലെ കൾച്ചറൽ ആൻഡ് ഹെറിറ്റേജ് പദ്ധതിക്കും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയിലെ ഇക്കോ ടൂറിസം വികസനം, ഇടുക്കിയിലെ ഡാം പരിസര വികസനം, കണ്ണൂരിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് വികസനം, ആക്കുളം കായൽ പുനരുജ്ജീവനം തുടങ്ങിയ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ചരിത്ര-സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ, തീരദേശ വിനോദസഞ്ചാര കേന്ദ്രങ്ങൾ, പ്രകൃതിസൗന്ദര്യമുള്ള പ്രദേശങ്ങൾ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന് സ്വദേശ് ദർശൻ 2.0 പദ്ധതി എത്രത്തോളം സഹായകമാകുമെന്നാണ് വിലയിരുത്തുന്നത്;

(ഇ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാനുള്ള ശേഷിക്കുന്ന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി ആവശ്യമായ വിശദീകരണങ്ങളും പുതുക്കിയ പദ്ധതിരേഖകളും സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏകോപനത്തിലൂടെ കേരളത്തിലെ കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ സ്വദേശ് ദർശൻ 2.0 പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**മഴക്കാലത്തും ഉത്സവ സീസണിലും ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കൽ**

3160 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മഴക്കാല പ്രകൃതിഭംഗി, ആയുർവേദ ചികിത്സാ പാരമ്പര്യം, എന്നിവയും ഓണം ഉൾപ്പെടെയുള്ള ഉത്സവകാലങ്ങളിലെ സാംസ്കാരിക പരിപാടികളും പ്രയോജനപ്പെടുത്തി ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് പ്രത്യേക പ്രചാരണ പരിപാടികൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) മഴക്കാല വിനോദസഞ്ചാരവും ഉത്സവ ടൂറിസവും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ടൂർ പാക്കേജുകൾ, കുടുംബ യാത്രാ പദ്ധതികൾ, വാരാന്ത്യ വിനോദയാത്രകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിന്റെ ഓണാഘോഷം, വള്ളംകളികൾ, ക്ഷേത്രോത്സവങ്ങൾ, കലാമേളകൾ, പരമ്പരാഗത ഭക്ഷണരീതികൾ എന്നിവ ദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) മഴക്കാലത്ത് വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനും കാലാവസ്ഥാ മുന്നറിയിപ്പുകൾ, യാത്രാ നിയന്ത്രണങ്ങൾ, സുരക്ഷിത വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇതര സംസ്ഥാനങ്ങളിലെ വിനോദസഞ്ചാര മേളകൾ ഡിജിറ്റൽ മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവ വഴി കേരളത്തിന്റെ മഴക്കാല-ഉത്സവ ടൂറിസം സാധ്യതകൾ പ്രചരിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷ**

3161 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാര മേഖലയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി പുതിയ സുരക്ഷാ ചട്ടങ്ങൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) അനുമതിയില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയ കേസുകൾ, പ്രവർത്തനം നിർത്തിവെപ്പിച്ച കേസുകൾ, രജിസ്ട്രേഷൻ റദ്ദാക്കിയ കേസുകൾ, പോലീസിൽ കേസ് രജിസ്റ്റർ ചെയ്ത കേസുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) 2021–26 കാലയളവിൽ സാഹസിക വിനോദസഞ്ചാര സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളുടെ എണ്ണം എത്രയാണ്; കണ്ടെത്തിയ നിയമലംഘനങ്ങൾ, ചുമത്തിയ പിഴ, സ്വീകരിച്ച തുടർനടപടികൾ എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**<u>മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥയും ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണവും</u>**

3162 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി വളപട്ടണം മുതൽ മലപ്പട്ടം വരെയുള്ള പുഴകൾ, ബോട്ട് ടെർമിനലുകൾ, പുഴയോര വികസന പ്രവർത്തനങ്ങൾ എന്നിവയിൽ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഇവയുടെ ആകെ പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി എന്താണ്; ഇതുവരെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നിർമ്മിച്ച പല ബോട്ട് ടെർമിനലുകളും അനുബന്ധ സൗകര്യങ്ങളും നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനസജ്ജമാകാതെ നശിച്ചുപോകുന്നതായും, ഗുണനിലവാരമില്ലാത്ത നിർമ്മാണ പ്രവൃത്തികൾ

നടന്നിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിലും കരാർ നൽകിയതിലും ഫണ്ട് വിനിയോഗത്തിലും സാമ്പത്തിക ക്രമക്കേടുകളോ ക്രമവിരുദ്ധതയോ നടന്നിട്ടുണ്ടെന്ന് ആക്ഷേപമുയർന്ന സാഹചര്യത്തിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസ് / ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനും ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

## <u>കടൽ-കായൽ ടൂറിസം സാധ്യതകളും തൊഴിലവസരങ്ങളും</u>

3163 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര സമുദ്ര-തുറമുഖ വികസന പദ്ധതിയായ 'മിഷൻ സമുദ്ര' യുമായി കൈകോർത്ത് സംസ്ഥാനത്ത് വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും വിനോദസഞ്ചാര മേഖലയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ തീരദേശ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കടൽ-കായൽ സംയോജിപ്പിച്ചുള്ള പ്രത്യേക ടൂറിസം സർക്യൂട്ടുകൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(സി) ഇരവിപുരം നിയോജകമണ്ഡലത്തിലെ പ്രധാന തീരദേശ-കായൽ പ്രദേശങ്ങളായ താന്നി, മുക്കം തുടങ്ങിയ പ്രദേശങ്ങളിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ പ്രത്യേക ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പെരിന്തൽമണ്ണ മണ്ഡലത്തിലെ പൈതൃക ടൂറിസം</u>

3164 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളുവനാടിന്റെ തലസ്ഥാനമെന്ന നിലയിൽ അങ്ങാടിപ്പുറം, തിരുമാന്ധാംകുന്ന് ക്ഷേത്രപരിസരം, മഹാകവി പൂന്താനത്തിന്റെ സ്മരണ നിലനിർത്തുന്ന പൂന്താനം ഇല്ലം എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് 'ഹെറിറ്റേജ് ടൂറിസം കോറിഡോർ' പദ്ധതി നടപ്പിലാക്കാൻ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി) ചരിത്രസ്മാരകങ്ങളുടെയും കോവിലകങ്ങളുടെയും സംരക്ഷണത്തിനും അവിടേക്കെത്തുന്ന സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ (വേ സൈഡ് അമിനിറ്റീസ്) ഒരുക്കുന്നതിനും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ചാവക്കാട് ബീച്ച് വികസനം

3165 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് ബീച്ച് വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ചാവക്കാട് ബീച്ചിൽ സർവ്വേ പൂർത്തീകരിച്ച കടൽ പുറംപോക്ക് ഭൂമി പ്രയോജനപ്പെടുത്തി വിനോദ സഞ്ചാരികൾക്കായി വിപുലമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര സാധ്യതകൾ

3166 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര സാധ്യതകൾ കണ്ടെത്തുന്നതിനായി സമഗ്രപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭാരതപ്പുഴ, കേരള കലാമണ്ഡലം, ഷൊർണ്ണൂരിന്റെ സാംസ്കാരിക-റെയിൽവേ പൈതൃകം എന്നിവ ബന്ധിപ്പിച്ച് സമഗ്ര വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

## പുതിയ സാംസ്കാരിക നയം

3167 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാനുസൃതമായ മാറ്റങ്ങളും പുതിയ സാംസ്കാരിക മേഖലകളുടെ വളർച്ചയും പരിഗണിച്ച് സംസ്ഥാനത്ത് പുതിയ സമഗ്ര സാംസ്കാരിക നയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കലാകാരന്മാർ, സാഹിത്യകാരന്മാർ, ചലച്ചിത്ര പ്രവർത്തകർ, സാംസ്കാരിക സ്ഥാപനങ്ങൾ, അക്കാദമികൾ, യുവജനങ്ങൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് നയരൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പരമ്പരാഗത കലാരൂപങ്ങളുടെയും നാടൻകലകളുടെയും സാംസ്കാരിക പൈതൃകത്തിന്റെയും സംരക്ഷണത്തോടൊപ്പം ആധുനിക കലാമേഖലകൾക്കും ഡിജിറ്റൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകൾ പുതിയ നയത്തിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ;

(ഡി) കലാകാരന്മാരുടെ സാമൂഹിക സുരക്ഷ, ക്ഷേമം, തൊഴിൽസാധ്യതകൾ, യുവപ്രതിഭകൾക്കുള്ള പരിശീലനം, കലാപ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് പുതിയ സാംസ്കാരിക നയത്തിൽ പ്രത്യേക പരിഗണന നൽകുമോ;

(ഇ) സംസ്ഥാനത്തിന്റെ ബഹുസ്വരത, മതസൗഹാർദം, ജനാധിപത്യ മൂല്യങ്ങൾ, സാംസ്കാരിക വൈവിധ്യം എന്നിവ സംരക്ഷിക്കുന്നതിനും പുതുതലമുറയിലേക്ക് കൈമാറുന്നതിനും നയത്തിൽ പ്രത്യേക മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ?

**<u>ഗ്രീൻ മാർഷൽ പദ്ധതി</u>**

3168 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തവും ശുചിത്വപൂർണവും പരിസ്ഥിതി സൗഹൃദവുമാക്കുന്നതിനായി ഗ്രീൻ മാർഷൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യസംസ്കരണം, ശുചിത്വ പരിപാലനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിൽ ഗ്രീൻ മാർഷൽ സംവിധാനം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിനും പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനകീയ കൂട്ടായ്മകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>**ബ്രാൻഡ് വയനാട് പദ്ധതി**</u>

3169 **ശ്രീ. പി .എം. എ. സമീർ**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളുടെ വിനോദസഞ്ചാര വികസനം ഉൾപ്പെട്ട ബ്രാൻഡ് വയനാട് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ടൂറിസം മേഖലയ്ക്ക് വ്യവസായ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വ്യവസായ പദവി ലഭിക്കുന്നതിലൂടെ വിനോദസഞ്ചാര മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും; വിശദമാക്കുമോ?

<u>**വിനോദസഞ്ചാര മേഖലയിലെ പുതിയ പ്രവൃത്തികൾ**</u>

3170 **ശ്രീ. വി. ജോയി**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് മാസക്കാലത്തെ ഭരണനേട്ടമായി വിനോദസഞ്ചാര വകുപ്പ് അവതരിപ്പിച്ച നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം പ്രഖ്യാപനങ്ങളും യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാത്ത കടലാസ് പദ്ധതികൾ മാത്രമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പ് പ്രഖ്യാപിച്ച അഞ്ച് പദ്ധതികൾ നൂറുശതമാനം പൂർത്തിയായെന്ന് പോർട്ടലുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ നടത്തിപ്പിനായി വകയിരുത്തിയ അടങ്കൽ തുക പൂജ്യമാണെന്ന മാധ്യമ വാർത്തകളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യാതെ കേവലം യോഗങ്ങൾ ചേർന്നതും ഫയൽ നീക്കങ്ങൾ നടത്തിയതും മാത്രം പദ്ധതി പൂർത്തീകരണമായി കണക്കാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര മേഖലയിൽ തനതായി ആവിഷ്കരിച്ച് ഫണ്ട് അനുവദിച്ച് നടപ്പിലാക്കിയ പുതിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി</u>

3171 **ശ്രീ. സജി ചെറിയാൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. പി. കെ. പ്രവീൺ**
**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശൗചാലയങ്ങളോ മറ്റ് സൗകര്യങ്ങളോ ഒരുക്കാതെ, ഡിസൈൻ രേഖയ്ക്ക് അംഗീകാരം നൽകിയത് മാത്രം അടിസ്ഥാനമാക്കി ഈ പദ്ധതി

പൂർത്തിയായെന്ന് അവകാശപ്പെടുന്നതായുള്ള വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മുൻ സർക്കാർ വിഭാവനം ചെയ്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പരിസ്ഥിതി സംരക്ഷണത്തിനും സുരക്ഷയ്ക്കുമായി പ്രഖ്യാപിച്ച 'ഗ്രീൻ മാർഷൽ' പദ്ധതി നടത്തിപ്പിനായി ഒരാളെപ്പോലും നിയമിക്കാതെ, പരീക്ഷാ നടത്തിപ്പ് ഒരു ഏജൻസിക്ക് കൈമാറിയത് മാത്രം പദ്ധതി പൂർത്തീകരണമായി പ്രഖ്യാപിച്ചു എന്ന ആരോപണത്തിന്റെ സാംഗത്യം വിശദമാക്കാമോ?

<u>ഹാപ്പിനസ് പാർക്ക് നിർമ്മാണം</u>

3172 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ [ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ ക്രമനമ്പർ 561 ] തലശ്ശേരി നിയോജക മണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഹാപ്പിനസ് പാർക്ക് നിർമ്മാണത്തിനായി രണ്ട് കോടി രൂപ അനുവദിച്ചിരുന്ന പ്രവർത്തിക്ക് നാളിതുവരെ ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>കോടിയേരി സ്ക്വയർ പൂർത്തീകരണം</u>

3173 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കോടിയേരി സ്ക്വയർ എന്ന പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മരുതിമല ഇക്കോട്ടൂറിസം പദ്ധതി**

3174 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ മുട്ടറ മരുതിമല ഇക്കോട്ടൂറിസം പദ്ധതിക്കായി കഴിഞ്ഞ സർക്കാർ എത്ര തുകയുടെ ഭരണാനുമതി നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള ഏജൻസികൾ വഴി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ആയതിന് ആകെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

**മട്ടന്നൂർ മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

3175 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത കേന്ദ്രങ്ങളിൽ എന്തൊക്കെ ആക്ടിവിറ്റികളാണുള്ളതെന്നും പ്രതിദിനം ശരാശരി എത്ര സഞ്ചാരികളാണ് എത്തിച്ചേരുന്നതെന്നും പ്രസ്തുത കേന്ദ്രങ്ങളുടെ പരിപാലനം എങ്ങനെയാണ് നടന്നുവരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആകെ ഉൾപ്പെടുത്തി മട്ടന്നൂർ ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ;

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്ന വരുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

**കണ്ണൂർ പയ്യാമ്പലം ബീച്ച് നവീകരണവും പൈതൃക ടൂറിസവും**

3176 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ പയ്യാമ്പലം ബീച്ചിൽ ആധുനിക ലൈറ്റിംഗ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിന് ടൂറിസം വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ മണ്ഡലത്തിലെ അറയ്ക്കൽ കെട്ട്, സെന്റ് ആഞ്ചലോസ് കോട്ട എന്നിവയെ ബന്ധിപ്പിച്ച് പൈതൃക ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിനകത്തും പുറത്തും അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമായ പയ്യാമ്പലത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ടൂറിസ്റ്റ് കേന്ദ്രങ്ങൾ തമ്മിൽ ടൂറിസം കണക്ടിവിറ്റി

3177 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പെരിയാറിന്റെ ഒരു വശത്തായി കോടനാട് അഭയാരണ്യം, പാണംകുഴി, പാണിയേലിപ്പോര് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളും പെരിയാറിന്റെ മറുവശത്തായി മലയാറ്റൂർ തീർത്ഥാടന കേന്ദ്രവും മഹാഗണി തോട്ടവും തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളും തമ്മിൽ എളുപ്പത്തിൽ കണക്ടിവിറ്റി ഇല്ലാത്തത് മൂലം ടൂറിസം വികസനം പൂർണ രീതിയിൽ നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ തമ്മിൽ കണക്ടിവിറ്റി / ടൂറിസ്റ്റ് സർക്യൂട്ടുകളുടെ അഭാവം മൂലം വിനോദസഞ്ചാരികൾ നേരിടുന്ന പ്രയാസം ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ തമ്മിൽ ടൂറിസ്റ്റ് സർക്യൂട്ട് / ടൂറിസം കണക്ടിവിറ്റി ഉണ്ടാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതി

3178 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചരിത്രപ്രസിദ്ധമായ മയ്യഴിപ്പുഴയുടെ ടൂറിസം സാധ്യതകളെ മുന്നിൽക്കണ്ടുകൊണ്ട് ആരംഭിച്ച 'മലനാട് റിവർ ക്രൂയിസ്' ടൂറിസം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ബോട്ട് സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>മഞ്ചേരി ചെരണി പാർക്കിന്റെ ഉടമസ്ഥാവകാശവും നടത്തിപ്പ് ചുമതലയും നഗരസഭയ്ക്ക് തിരികെ നൽകുന്നത് സംബന്ധിച്ച്</u>**

3179 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നഗരസഭയുടെ സ്വന്തം ആസ്തിയിലുണ്ടായിരുന്ന ചെരണി പാർക്ക് നിർമ്മാണ ആവശ്യത്തിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് (ഡി.ടി.പി.സി) കൈമാറിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാരംഭ ധാരണ പ്രകാരം പ്രസ്തുത പാർക്കിന്റെ ഉടമസ്ഥാവകാശവും നടത്തിപ്പ് ചുമതലയും മഞ്ചേരി നഗരസഭയ്ക്ക് തിരികെ വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ചെരണി പാർക്കിന്റെ ഉടമസ്ഥാവകാശവും പരിപാലന ചുമതലയും മഞ്ചേരി നഗരസഭയ്ക്ക് തിരികെ കൈമാറുന്നത് സംബന്ധിച്ച് അനുഭാവപൂർവ്വമായ തീരുമാനം എടുക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളത്; പ്രസ്തുത കൈമാറ്റം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മലബാർ ട്രാവൽ മാർട്ട്</u>**

3180 **ശ്രീ. പാറക്കൽ അബ്ദുല്ല**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

**<u>ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയുടെ സമഗ്രവികസനം</u>**

3181 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) തുഷാരഗിരി സൗത്ത് ടൂറിസം പ്രോജക്ട് എന്ന പേരിൽ എന്തെങ്കിലും പ്രോജക്ട് നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ടൂറിസം വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യവ്യക്തി നൽകിയ 35 സെന്റ് സ്ഥലം, ടൂറിസം വകുപ്പ് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വാമനപുരം നദിയിലെ അഡ്വഞ്ചർ ടൂറിസം പദ്ധതി</u>**

3182 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ച വാമനപുരം നദിയിലെ അഡ്വഞ്ചർ ടൂറിസം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>കനകമല പൈതൃക ടൂറിസം പദ്ധതി</u>**

3183 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളെ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കനകമലയിൽ സ്ഥിതിചെയ്യുന്ന ഗുരു നിത്യചൈതന്യയുടെ ആശ്രമം ഉൾപ്പെടുന്ന പ്രദേശം പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഒറ്റപ്പാലം പുഴയോര പാർക്ക് നിർമ്മാണം**

3184 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് നിർവ്വഹണ ചുമതലയുള്ള 'ഒറ്റപ്പാലം പുഴയോര പാർക്ക് നിർമ്മാണം' എന്ന പ്രവൃത്തിക്കാവശ്യമായ സ്ഥലം ഒറ്റപ്പാലം നഗരസഭ കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതി സഹിതം വ്യക്തമാക്കാമോ;

(ബി) നാളിതുവരെയായിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**തിരൂർ നിയോജക മണ്ഡലത്തിലെ ടൂറിസം വികസനം**

3185 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ ടൂറിസം വികസനത്തിനുവേണ്ടി ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) തിരൂർ നിയോജകമണ്ഡലത്തിലെ തിരുന്നാവായ പഞ്ചായത്തിൽ ഭാരതപ്പുഴയുടെ തീര പ്രദേശങ്ങൾ, തിരുനാവായ കടവ്, ബന്തർ

കടവ്,താമരക്കായൽ പക്ഷി സങ്കേതം തുടങ്ങിയ പ്രദേശങ്ങളുടെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും വികസനത്തിനും പ്രചരണത്തിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും തുടർന്ന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രത്യേകം വ്യക്തമാക്കാമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ പറവണ്ണ ബീച്ച്, വാക്കാട് ബീച്ച് , തേവർ കടപ്പുറം എന്നിവിടങ്ങളിൽ ടൂറിസം വികസനത്തിനും പ്രചരണത്തിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും തുടർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) തിരൂർ നിയോജക മണ്ഡലത്തിൽ തിരൂർ മുൻസിപ്പാലിറ്റിയിലെ താഴെപ്പാലത്ത് തിരൂർ-പൊന്നാനിപ്പുഴയുടെ ഇരുഭാഗങ്ങളിലും സൗന്ദര്യവൽക്കരണം നടത്തി ബോട്ട് സർവീസ് ആരംഭിച്ച് തിരൂർ-പൊന്നാനിപ്പുഴയുടെ തീരങ്ങളിലും മറ്റു പ്രദേശങ്ങളിലും സൗന്ദര്യവൽക്കരണം നടത്തി ടൂറിസം സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഇ) തിരൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുനാവായ നാവമുകുന്ദ ക്ഷേത്രം, വൈരങ്കോട് ശ്രീ ഭഗവതി ക്ഷേത്രം, തിരൂർ തൃക്കണ്ടിയൂർ മഹാദേവക്ഷേത്രം എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ട് തീർത്ഥാടന ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് എന്തെല്ലാമാണെന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(എഫ്) തിരൂർ നിയോജകമണ്ഡലത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ ആയ തിരൂർ തുഞ്ചൻപറമ്പ്, തിരുനാവായ ചങ്ങമ്പള്ളി കളരി, തിരുനാവായയിലെ മാമാങ്കവുമായി ബന്ധപ്പെട്ട ചരിത്ര സ്മാരകങ്ങൾ, അതവനാട് പഞ്ചായത്തിലെ ആഴ്വഞ്ചേരി തമ്പ്രാക്കളുടെ മന, മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടിന്റെ സ്മാരകം, 1921 ലെ മലബാർ കലാപത്തിന്റെ ചരിത്രശേഷിപ്പുകൾ എന്നിവ ഉൾപ്പെടുത്തി സാംസ്കാരിക ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

**വള്ളികുന്നം ചിറ ടൂറിസം പദ്ധതി**

3186 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ചിറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനായി നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക വകയിരുത്തുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

**അരുവിക്കര നിയോജകമണ്ഡലെ ടൂറിസം ഇടനാഴി**

3187 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ടൂറിസം ഇടനാഴിയുടെ പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും ആയതിന്റെ കാലയളവും വിശദമാക്കുമോ?

**കായൽ ടൂറിസം, പിൽഗ്രിം ടൂറിസം, ഹിൽ ടൂറിസം, ആയുർവേദ ടൂറിസം മുതലായവ പ്രചരിപ്പിക്കാൻ വിപുലമായ പരിപാടി**

3188 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം രംഗത്തുള്ള വലിയ സാധ്യതകൾ പരിഗണിച്ച് കായൽ ടൂറിസം, പിൽഗ്രിം ടൂറിസം, ഹിൽ ടൂറിസം, ആയുർവേദ ടൂറിസം മുതലായവ ലോകം മുഴുവൻ പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ പ്രചരിപ്പിക്കുന്നതോടൊപ്പം ടൂറിസം സെന്ററുകളിലെ അടിസ്ഥാന സൗകര്യം ലോക നിലവാരത്തിലാക്കാൻ എന്തൊക്കെ നടപടികൾ

സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മുന്നിൽക്കണ്ട് വിവിധ ഭാഷകൾ പഠിപ്പിക്കുന്ന സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>തലശ്ശേരി മുനിസിപ്പൽ ഓഫീസ് സൗന്ദര്യവൽക്കരണം</u>**

3189 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ) വാല്യം II-ൽ 3 കോടി രൂപ നീക്കി വച്ചിട്ടുള്ള തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പൽ ഓഫീസ് സൗന്ദര്യവൽക്കരണം പദ്ധതിയ്ക്കായി ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം</u>**

3190 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ടൂറിസം ഭൂപടത്തിൽ ശ്രദ്ധേയ സ്ഥാനമുള്ള ആലപ്പുഴയുടെ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദമാക്കുമോ;

(ബി) ആയിരക്കണക്കിന് ഹൗസ് ബോട്ടുകൾ സർവീസ് നടത്തുന്ന ആലപ്പുഴയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഹൗസ് ബോട്ട് ടെർമിനലിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഹൗസ് ബോട്ടുകളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും അന്താരാഷ്ട്ര നിലവാരത്തിൽ പരിപാലിക്കാനും ഉടമകൾക്ക് നിർദേശം

നൽകുമോ; വ്യക്തമാക്കാമോ?

**ടൂറിസം മേഖലയിലെ വനിതാ തൊഴിൽ**

3191 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; കഴിഞ്ഞ അഞ്ച് വർഷത്തിൽ പദ്ധതിയിലൂടെ പ്രയോജനം ലഭിച്ച വനിതകളുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് വനിതകളുടെ നേതൃത്വത്തിൽ ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്ത ഹോംസ്റ്റേകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് വനിതകളുടെ നേതൃത്വത്തിൽ കൂടുതൽ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

**ആക്കുളം ടൂറിസം വികസനത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ**

3192 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ വിനോദസഞ്ചാര വികസന സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പ്രദേശം വികസിപ്പിക്കുന്നതിനും കായൽ സംരക്ഷിക്കുന്നതിനും സർക്കാർ പ്രത്യേക നയം രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ആക്കുളം കായലിന്റെ സംരക്ഷണത്തിനും വികസനത്തിനുമായി സർക്കാർ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(സി) ആക്കുളം കായലിന്റെയും പരിസര പ്രദേശങ്ങളുടെയും വിനോദ സഞ്ചാര വികസന സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തിന്റെ പുരോഗതിക്കായി സർക്കാരും തിരുവനന്തപുരം കോർപ്പറേഷനും

സംയുക്തമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

**<u>ഫോർട്ട് കൊച്ചി പൈതൃക സംരക്ഷണത്തിനായുള്ള ഔദ്യോഗിക ഡാറ്റാബേസും സമഗ്ര സംരക്ഷണ പദ്ധതികളും</u>**

3193 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിലെ പൈതൃക സംരക്ഷണത്തിനായി സ്പെഷ്യൽ ടൂറിസം സോൺ, ഹെറിറ്റേജ് പ്രീസിൻക്ട്സ്, ഗ്രേഡിംഗ് എന്നിവ നിശ്ചയിച്ച് ടൂറിസം വകുപ്പ് മുൻപ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നിരിക്കെ നിലവിൽ ഈ കെട്ടിടങ്ങളുടെയും ചരിത്രസ്മാരകങ്ങളുടെയും ഉടമസ്ഥാവകാശം, ഉപയോഗം, ഘടനാപരമായ ബലം, തനിമ, അടിയന്തര സംരക്ഷണ ആവശ്യങ്ങൾ എന്നിവ വ്യക്തമാക്കുന്ന സമഗ്രവും കാലാനുസൃതമായി പുതുക്കിയതുമായ ഒരു ഔദ്യോഗിക ഡാറ്റാബേസ് ടൂറിസം വകുപ്പിന്റെ പക്കൽ ലഭ്യമാണോ; ഇല്ലെങ്കിൽ അത്തരം ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള വിവരങ്ങളുടെ പരിമിതി പരിഹരിക്കുന്നതിനായി, കെട്ടിടങ്ങളെ അവയുടെ സംരക്ഷണാവസ്ഥയ്ക്കനുസരിച്ച് അഞ്ചു വിഭാഗങ്ങളായി (ക്യാറ്റഗറി എ-ഗുഡ് കണ്ടീഷൻ, ബി-മൈനർ റീപ്ലേസ്, സി-മേജർ റെസ്റ്റോറേഷൻ, ഡി-ഡെയ്ഞ്ചറസ് കണ്ടീഷൻ, ഇ-ഡാമേജ്ഡ് / ലോസ്റ്റ് / ഇൻഅപ്രോപ്രിയേറ്റിലി അൾട്ടേർഡ് )തരംതിരിച്ചുകൊണ്ട് ഫോർട്ട് കൊച്ചി ഹെറിറ്റേജ് ബിൽഡിംഗ് സെൻസസ് നടത്താനും, ജിയോ-ടാഗിംഗ് ഉൾപ്പെടുത്തിയുള്ള ഒരു പബ്ലിക് ഡിജിറ്റൽ ഹെറിറ്റേജ് രജിസ്റ്റർ ആവിഷ്കരിക്കാനും സർക്കാർ തയ്യാറാകുമോ;

(സി) വിനോദസഞ്ചാരികൾക്കായി ഓരോ പൈതൃക സ്മാരകത്തിനും സമീപം അവയുടെ ചരിത്രവും വാസ്തുവിദ്യാ സവിശേഷതകളും ലഭ്യമാകുന്ന ക്യൂ.ആർ. കോഡ് അധിഷ്ഠിത വിവരസംവിധാനവും ഡിജിറ്റൽ ഗൈഡുകളും വിവരഫലകങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കോടർ ഹൗസ് തീപിടുത്തം പോലുള്ള ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ, അപകടാവസ്ഥയിലുള്ള പൈതൃക നിർമ്മിതികളുടെ നിലനിൽപ്പിനായി

ഒരു ഹെറിട്ടേജ് എമർജൻസി റെസ്പോൺസ് സിസ്റ്റം ഏർപ്പെടുത്തുന്നതിനും, എം.പി/എം.എൽ.എ. മാർ, ടൂറിസം, പുരാവസ്തു, കോർപ്പറേഷൻ, ഫയർഫോഴ്സ് എന്നീ വകുപ്പുകളെയും വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു ഹെറിട്ടേജ് കൺസർവേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്ന സ്വകാര്യ ഉടമകൾക്ക് പുനരുദ്ധാരണ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, നികുതിയിളവുകൾ എന്നിവ നൽകാനും വിവിധ വകുപ്പുകളുടെ അനുമതികൾക്കായി ഒരു ഏകജാലക സംവിധാനം (ഹെറിട്ടേജ് സിംഗിൾ വിൻഡോ സെൽ) നടപ്പിലാക്കാനും നടപടി സ്വീകരിക്കുമോ;

(എഫ്) ഫോർട്ട് കൊച്ചിയിലെ ലിവിംഗ് ഹെറിറ്റേജ് സാധ്യതകളും ഗൃഹസ്ഥലി പദ്ധതിയും വിപുലീകരിക്കുന്നതിനും, സി.എസ്.ആർ./ടൂറിസം വരുമാനം സമന്വയിപ്പിച്ച് ഒരു ഫോർട്ട് കൊച്ചി ഹെറിറ്റേജ് കൺസർവേഷൻ ഫണ്ട് രൂപീകരിച്ച് പൈതൃക സംരക്ഷണ കർമ്മപദ്ധതി 2026–2030 സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തയ്യാറാകുമോ; വിശദമാക്കാമോ?

**ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിനോദസഞ്ചാര സാധ്യതകളും മാതൃകാ ടൂറിസം വില്ലേജ് പദ്ധതിയും**

3194 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിനെ മാതൃകാ ടൂറിസം വില്ലേജായി പ്രഖ്യാപിച്ചിട്ടുള്ള പശ്ചാത്തലത്തിൽ സമീപത്തുള്ള, ഒരുവശത്ത് കടലും മറുവശത്ത് കായലും പൊക്കാളിപ്പാടങ്ങളുമുള്ള ചെല്ലാനം ഗ്രാമപഞ്ചായത്തിനെയും 'മാതൃകാ ടൂറിസം വില്ലേജ്'ആയി പ്രഖ്യാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) ചെല്ലാനത്തെ കടൽക്കാഴ്ചകൾ ആസ്വദിച്ചുകൊണ്ട് ടെട്രാപോഡിലൂടെയുള്ള സഞ്ചാരം, പുത്തൻതോടിലെ അതിമനോഹരമായ ബീച്ച് പ്രദേശം, ആറ് കിലോമീറ്ററോളം നീളമുള്ള വീതിയേറിയ വിജയൻ കനാൽ എന്നിവ പ്രയോജനപ്പെടുത്തി തീരദേശ–കായലോര ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിക്ക്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ചെല്ലാനത്തെ വീടുകൾ കേന്ദ്രീകരിച്ചുള്ള പരമ്പരാഗത വഞ്ചിനിർമ്മാണം, പരമ്പരാഗത രീതിയിലുള്ള വെളിച്ചെണ്ണ ഉത്പാദനം, പൊക്കാളിപ്പാടങ്ങളിൽ ഉത്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ എന്നിവ സഞ്ചാരികൾക്ക് നേരിട്ട് കണ്ടറിയാൻ അവസരമൊരുക്കുന്ന രീതിയിൽ 'മാതൃകാ ടൂറിസം വില്ലേജ്' പദ്ധതി ചെല്ലാനത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ചെല്ലാനത്ത് നിലവിൽ സ്വഭാവികമായി എത്തിച്ചേരുന്ന സഞ്ചാരികളുടെ എണ്ണം കണക്കിലെടുത്ത്, പ്രസ്തുത ടൂറിസം സാധ്യതകൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി പ്രദേശവാസികൾക്കും യുവാക്കൾക്കും കൂടുതൽ തൊഴിലും സുസ്ഥിര വരുമാനവും ഉറപ്പാക്കുന്നതിനായി ടൂറിസം വകുപ്പ് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

**<u>കൊണ്ടോട്ടി പൈതൃക നഗരം</u>**

3195 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയെ 'ഔദ്യോഗിക പൈതൃക നഗരം' ആയി പ്രഖ്യാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കൊണ്ടോട്ടി നേർച്ചയും, മാപ്പിളപാട്ട് പാരമ്പര്യത്തിന്റെ തലസ്ഥാനവും, നിരവധി ചരിത്ര സ്മാരകങ്ങളുമുള്ള കൊണ്ടോട്ടിയിലെ ചരിത്രസ്മാരകങ്ങളുടെ സംരക്ഷണവും, വിനോദസഞ്ചാര വികസനവും, വരുംതലമുറയ്ക്കായി പ്രസ്തുത സാംസ്കാരിക പൈതൃകം നിലനിർത്തലും സാധ്യമാക്കുന്നതിന് കൊണ്ടോട്ടിയെ ഔദ്യോഗിക പൈതൃക നഗരമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് - സൂപ്പർആന്വേഷൻ പെൻഷൻ</u>**

3196 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ സൂപ്പർആന്വേഷൻ പെൻഷൻ അംഗത്വത്തിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്രയെണ്ണത്തിന് അംഗീകാരം നൽകിയെന്നതും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് യോഗം കൂട്ടുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത ബോർഡ് യോഗം ചേരുന്നതിൽ കാലതാമസം നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ തീർപ്പാകാതെ കിടക്കുന്നവ വേഗത്തിൽ പരിശോധിച്ച് തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**തൃശൂരിൽ സാംസ്കാരിക വിഷ്വൽ സെന്റർ**

3197 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ മൃഗശാല പുത്തൂരിലേക്ക് മാറ്റിയ സാഹചര്യത്തിൽ മൃഗശാല മുൻപ് നിലനിന്നിരുന്ന സ്ഥലത്ത് ഒരു ബോട്ടാണിക്കൽ ഗാർഡനും മനോഹരമായ പാർക്കും ഉൾപ്പെടെ കേരളത്തിന്റെ ചരിത്രവും സാംസ്കാരിക പാരമ്പര്യവും കലകളും എല്ലാം പ്രദർശിപ്പിക്കാനും ആസ്വദിക്കാനും ആവുന്ന തരത്തിലുള്ള ഒരു വിഷ്വൽ സെന്ററായി മാറ്റുന്നതിനെക്കുറിച്ച് സാംസ്കാരികവകുപ്പിന് ആലോചന ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**നിയോജക മണ്ഡലങ്ങളിൽ ഉത്സവ പരിപാടികളിൽ സാംസ്കാരിക വകുപ്പിന്റെ പങ്കാളിത്തവും ധനസഹായവും**

3198 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ മാതൃകാപരമായ സാംസ്കാരിക പരിപാടികൾ നടന്നുവരുന്ന അവസരത്തിൽ, എല്ലാ നിയോജക മണ്ഡലങ്ങളിലും അതാതു പ്രദേശത്തെ സാംസ്കാരിക പരിപാടികൾ നടക്കുമ്പോഴും പ്രാദേശികമായ ഉത്സവങ്ങൾ നടക്കുമ്പോഴും സാംസ്കാരിക വകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കുകയും സാംസ്കാരിക വകുപ്പിന്റെ ഒരു സഹായധനം അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ പ്രാദേശികതലത്തിൽ സാംസ്കാരിക മേഖലയിൽ ഉന്നമനം നടത്തുവാൻ സാധിക്കുമെന്ന വിഷയം കണക്കിലെടുത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും അതാതു പ്രദേശത്തെ പ്രത്യേക ഉത്സവ പരിപാടികളിൽ സാംസ്കാരിക വകുപ്പിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയും സാംസ്കാരിക വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുകയും ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### തൃപ്പൂണിത്തുറ - പൈതൃക നഗരം

3199 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയെ പൈതൃക നഗരമായി പ്രഖ്യാപിക്കുന്നതിനായി തൃപ്പൂണിത്തുറയിൽ നിലവിലുള്ള പൈതൃകസ്മാരകങ്ങളും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും കണ്ടെത്തി രേഖപ്പെടുത്തുന്നതിനും അവയുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായുള്ള പഠനത്തിനായി വിദഗ്ധർ ഉൾപ്പെട്ട സമിതിയെ നിയോഗിക്കുമോ;വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്തി പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉർദു അക്കാദമി

3200 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉർദു അക്കാദമി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദ വിവരങ്ങളും ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടെ വിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഉർദു അക്കാദമിയുടെ പ്രവർത്തന സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഉർദു അക്കാദമിയുടെ പ്രവർത്തനം പൂർണ്ണമായി സജീവമാക്കി ഭാഷാപരമായി ഏറെ പ്രാധാന്യമുള്ള ഉർദു മാതൃഭാഷയായി സംസാരിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള ആസ്ഥാനമായി ഇത് കാര്യക്ഷമമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

**കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രവർത്തനം നിലച്ച സാംസ്കാരിക സ്ഥാപനങ്ങൾ**

3201 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനു കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രവർത്തനം നിലച്ചതോ മറ്റ് സ്ഥാപനങ്ങളിൽ ലയിപ്പിച്ചതോ ആയ സ്ഥാപനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) വകുപ്പിനു കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**സിനിമയ്ക്ക് വ്യവസായപദവി**

3202 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**

**ശ്രീ. വർഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏതെല്ലാം സംസ്ഥാനങ്ങളിൽ സിനിമയ്ക്ക് വ്യവസായപദവി നൽകിയിട്ടുണ്ടെന്ന വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സിനിമയ്ക്ക് വ്യവസായപദവി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി മേഖലയിലെ പ്രധാന സ്ഥാപനങ്ങളും സംഘടനകളുമായുള്ള ചർച്ചകൾ പൂർണമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) വ്യവസായപദവി നൽകുന്നതിലൂടെ സിനിമയ്ക്ക് ഭരണ-സാമ്പത്തിക മേഖലകളിൽ ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) സിനിമയ്ക്ക് വ്യവസായപദവി നൽകുന്നതിനായി നിലവിലുള്ള ചട്ടങ്ങളിലും വ്യവസായനയത്തിലും എന്തൊക്കെ മാറ്റങ്ങളാണ് ആവശ്യമെന്ന് വിശദമാക്കാമോ?

**<u>തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ മെച്ചപ്പെടുത്തൽ</u>**

3203 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ സിനിമാപ്രദർശനങ്ങൾക്കായി കൂടുതൽ അനുയോജ്യമായ തിയേറ്ററുകൾ ഉൾപ്പെടുത്തിയും പ്രദർശന സമയക്രമം മെച്ചപ്പെടുത്തിയും ഒരേസമയം കൂടുതൽ പ്രേക്ഷകർക്ക് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ബി) മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സിനിമാപ്രദർശനങ്ങൾ സുഗമമായി ആസ്വദിക്കുന്നതിനായി അനുയോജ്യമായ ഇരിപ്പിടങ്ങൾ, പ്രവേശന സൗകര്യങ്ങൾ, പ്രദർശനശാലകൾക്കിടയിലുള്ള യാത്രാസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ചലച്ചിത്രമേളയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് ഡെലിഗേറ്റ് പാസുകൾ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനും കൂടുതൽ സിനിമാപ്രേമികൾക്ക് മേളയിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നതിനുമായി ഡെലിഗേറ്റ് പാസുകളുടെ എണ്ണം വർധിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ആധുനികവൽക്കരണവും വികസന പദ്ധതികളും.</u>**

3204 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നിലവാരം ഉയർത്തുന്നതിലേക്കായി തയ്യാറാക്കിയ വികസന/നവീകരണ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ടി പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ആയതിൽ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പുതിയ ഷൂട്ടിംഗ് സൈറ്റുകൾ, ആധുനിക പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 20, ചൊവ്വ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].